ആഗസ്റ്റ് 2007

# പഞ്ചായത്ത് രാജ്

ജനകീയാസൂത്രണ പതിപ്പ്

പുസ്തകം 47 ലക്കം 5



## മഹാന്മാർ സ്വപ്നം കണ്ട ജനകീയാസൂത്രണം വീണ്ടും ജൈത്രയാത്ര ആരംഭിക്കുന്നു!

അധികാരം ജനങ്ങളിലേക്ക്

## പുതിയ പ്രവാഹം

## പുതിയ ആവേശം

## വികസനത്തിന്റെ ഊടും പാവും



# ഗ്രാമസഭയിൽ പങ്കെടുക്കുക!
# അധികാരം വിനിയോഗിക്കുക!

### ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

**ഗ്രാമസഭ**

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

അധികാരം ജനങ്ങളിലേക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

വെബ്സൈറ്റ്
www.localgovkerala.net

**ആഗസ്റ്റ് 2007**
**പുസ്തകം 47**
**ലക്കം 5**
**വാർഷിക വരിസംഖ്യ 90 രൂപ**



**ഉപദേശക സമിതി**

ചെയർമാൻ

**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ

**എസ്.എം. വിജയാനന്ദ്** , ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**പി. വേണുഗോപാൽ**, ഐ.എ.എസ്
ഡയറക്ടർ
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ബി.എസ്. പ്രസന്നൻ**
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ

കൺവീനർ

**എ. അജിത്കുമാർ**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**എ. അജിത്കുമാർ**, IAS
**Ph: 0471-2323286**

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
**Ph: 0471-2321054**

കവർ ഡിസൈൻ & ലേ ഔട്ട്
**പി.വി. കൃഷ്ണൻ**



**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**





# പേജുകളിൽ


4 **എഡിറ്ററുടെ പേജ്**



**ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം** 5
ഇ.എം.എസ് നമ്പൂതിരിപ്പാട്

8 **കൂടുതൽ കാര്യക്ഷമതയോടെ ജനകീയാസൂത്രണം വീണ്ടും**
-വി.എസ്. അച്യുതാനന്ദൻ

10 **പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം സാമൂഹ്യനീതിയും വികസനവും പ്രധാന അജണ്ട**
-പാലോളി മുഹമ്മദ്കുട്ടി

13 **ജനകീയാസൂത്രണത്തിന്റെ സിദ്ധാന്തവും പ്രയോഗവും ഇന്ന്**
-സി.പി.നാരായണൻ

17 **പ്രാദേശികതല ആസൂത്രണത്തിന് വേണ്ട മുന്നൊരുക്കം**
-വി.ജെ. തങ്കപ്പൻ എം.എൽ.എ

20 **ജനകീയാസൂത്രണം ലക്ഷ്യം സുസ്ഥിര വികസനം**
-പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ

22 **പതിനൊന്നാം പദ്ധതിയും ജില്ലാ ആസൂത്രണസമിതിയും**
-എം.വി. ബാലകൃഷ്ണൻ മാസ്റ്റർ

26 **പതിനൊന്നാം പദ്ധതി - ഭരണകാര്യങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ ഇടം നൽകണം**
-എസ്.എം. വിജയാനന്ദ് ഐ.എ.എസ്

32 **വികേന്ദ്രീകൃതാസൂത്രണവും കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും**
-എ. അജിത്കുമാർ ഐ.എ.എസ്

35 **കുടുംബശ്രീയും ജനകീയാസൂത്രണവും**
-ശാരദാമുരളീധരൻ ഐ.എ.എസ്

41 **ഞാൻ ഭൂമി നീ മനുഷ്യൻ (കവിത)**
-സി.എച്ച്.ഇസ്മയിൽ

42 **ജനകീയാസൂത്രണം**
-പ്രൊഫ. പി.കെ. രവീന്ദ്രൻ

44 **ജനകീയാസൂത്രണവും ഗ്രാമസഭയും**
-കെ. നാരായണൻ

47 **പതിനൊന്നാം പദ്ധതിയിൽ വനിതാ ഘടകപദ്ധതി- ചില പശ്ചാത്തല ചിന്തകൾ**
-ഡോ. റ്റി.എൻ. സീമ

51 **സദ്ഭരണ നിർവ്വഹണപദ്ധതിയിൽ എന്തൊക്കെ ഉണ്ടാകണം**
-കെ. രാജശേഖരൻ

54 **നീർത്തടങ്ങൾ അഥവാ നീർമറികൾ**
-വി. സുഭാഷ്ചന്ദ്രബോസ്

56 **കാഷ്ബുക്ക് എഴുതുന്നതെങ്ങനെ?**
-ഉദയഭാനു കണ്ടേത്ത്






# പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം

പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം ആഗസ്റ്റ് 17-ന് ഉദ്ഘാടനം ചെയ്യുകയാണ്.

അധികാരവികേന്ദ്രീകരണം വാക്കിലും അർത്ഥത്തിലും തന്നെ നടപ്പാകണമെങ്കിൽ അതിനെതിരായ ശക്തികളെ പ്രതിരോധിക്കുന്നതിന് ഒരു ജനകീയ പ്രസ്ഥാനത്തിന് മാത്രമേ കഴിയുകയുള്ളൂവെന്ന തിരിച്ചറിവിൽ നിന്നാണ്, പതിനൊന്ന് വർഷങ്ങൾക്ക് മുൻപ് ജനകീയാസൂത്രണ പ്രസ്ഥാനം ഉടലെടുക്കുന്നത്. ജനകീയാസൂത്രണം ഒരു പുത്തൻ പരീക്ഷണമായിരുന്നു. സമസ്ത മേഖലകളിലെയും ജനവിഭാഗങ്ങളെ പ്രാദേശികതല ആസൂത്രണ നിർവ്വഹണ പ്രക്രിയയുടെ ഭാഗമാക്കി മാറ്റി, സംസ്ഥാനത്ത് ഒരു നവ വികസന സംസ്ക്കാരത്തിന് നാന്ദി കുറിക്കാൻ ജനകീയാസൂത്രണത്തിന് കഴിഞ്ഞു. സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ജനകീയ വികസന മാതൃകകൾ - ചപ്പാരപ്പടവിലെ ജനകീയപാലം, ഒളവണ്ണയിലെ ശുദ്ധജലവിതരണ പദ്ധതി, കഞ്ഞിക്കുഴിയിലെ പച്ചക്കറികൃഷി, കുന്നത്തുകാലിലെ തൊഴിൽസേന ഉണ്ടായി. കേരളം രാജ്യത്തിന് തന്നെ മാതൃകയായി.

എന്നാൽ ജനകീയാസൂത്രണം ആരംഭഘട്ടത്തിൽ സൃഷ്ടിച്ച താളവേഗം നിലനിർത്തിപ്പോരുന്നതിന് നമുക്ക് കഴിഞ്ഞില്ല. ആസൂത്രണത്തിലും നിർവ്വഹണത്തിലും അസൂയാവഹമായ രീതിയിലുണ്ടായ ജനപങ്കാളിത്തത്തിൽ വന്ന കുറവ്, ഉദ്പാദന മേഖലയിലെ മുരടിപ്പ്, മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നതിലുണ്ടായ പോരായ്മ തുടങ്ങിയവയെല്ലാം കൈവരിച്ച നേട്ടങ്ങൾക്ക് മങ്ങലേല്പിച്ചിരുന്നു.

അതുകൊണ്ട് കഴിഞ്ഞ രണ്ട് പഞ്ചവത്സര പദ്ധതിയുടെയും അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് നിലവിലുള്ള പ്രശ്നങ്ങളും വെല്ലുവിളികളും പരിഹരിച്ച് വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കുന്നതിനാണ് പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം ലക്ഷ്യമിടുന്നത്. കാർഷിക മേഖലയുടെ പുനരുദ്ധാരണം, പൊതുസേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കൽ, ദരിദ്ര ജനവിഭാഗങ്ങൾക്ക് മുൻഗണന നൽകി സാമൂഹ്യനീതിയും സദ്ഭരണവും ഉറപ്പാക്കുക തുടങ്ങി യവയ്ക്കാണ് പതിനൊന്നാം പദ്ധതിയിൽ മുൻതൂക്കം നൽകുക. ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ബഹുതല ആസൂത്രണ ആവർത്തനതത്വമായിരിക്കും പ്ലാനിംഗിന് അവലംബിക്കുക.

കേരളത്തിന്റെ സമൃദ്ധമായ മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും വിദഗ്ദ്ധരുടെയും കൂട്ടായ്മയിലൂടെ മാത്രമേ ഉദ്ദേശലക്ഷ്യം നേടാൻ കഴിയുകയുള്ളൂ.

ഈ ധന്യമുഹൂർത്തത്തിൽ ലക്ഷ്യസാക്ഷാത്കരണത്തിന് ഒത്തൊരുമിച്ചു പ്രവർത്തിക്കുമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

**എഡിറ്റർ**





# ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം

ഇ.എം.എസ്. നമ്പൂതിരിപ്പാട്

സ്വാതന്ത്ര്യലബ്ധിയും
കേരള സംസ്ഥാന രൂപീകരണവും കഴിഞ്ഞാൽ
ഈ സംസ്ഥാനത്തു നടന്ന
ഏറ്റവും വിപ്ലവകരമായ ഒരു പ്രസ്ഥാനമാണു
ജനകീയാസൂത്രണം.
എന്തുകൊണ്ടെന്നാൽ ▸▸▸▸

▶▶▶▶▶▶ ഇതേവരെ ദില്ലിയിലും തിരുവനന്തപുരത്തും കേന്ദ്രീകരിച്ചിരുന്ന ആസൂത്രണത്തിന്റെ നേതൃത്വം പഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കും മാത്രമല്ല, ഗ്രാമസഭകളുടെയും വാർഡുസഭകളുടെയും ചർച്ചകളിൽ പങ്കെടുക്കുന്ന ലക്ഷക്കണക്കിനാളുകളിലേക്ക് മാറിയിരിക്കുന്നു. ഇപ്പോൾ തുടങ്ങിയിട്ടുള്ള 9-ാം പഞ്ചവത്സരപദ്ധതിക്കു കേരളത്തിൽ രൂപം നൽകിയതു ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയ്ക്കു



പുറമെ ഗ്രാമസഭകളിലും വാർഡുസഭകളിലും പങ്കെടുത്ത തൊഴിലാളി കർഷകാദി ബഹുജനങ്ങളാണ്. അവരുടെ മൊത്തം എണ്ണം 27 ലക്ഷം വരും. അങ്ങനെ തികച്ചും ജനകീയമായ ചർച്ചാപ്രക്രിയയിലൂടെയാണ് നമ്മുടെ ഒമ്പതാം പദ്ധതി രൂപപ്പെട്ടിട്ടുള്ളത്.

▶ ഇതേവരെയത്തെ ആസൂത്രണ പ്രക്രിയയിൽ സംസ്ഥാനത്തിന്റെ സാമൂഹ്യസമ്പത്തും വരുമാനവും വർധിപ്പിക്കാനാവശ്യമായ ഉല്പാദന മേഖല-വിശേഷിച്ചും കൃഷിയും വ്യവസായങ്ങളും അവഗണിക്കപ്പെട്ടു കിടക്കുകയായിരുന്നു. സാമൂഹ്യമേഖലയുടെ വികസനത്തിൽ ഊന്നിനിൽക്കുന്ന ആസൂത്രണമാണ് ഇതേവരെ ഉണ്ടായിരുന്നത്. അതുമാറ്റി ഉൽപ്പാദന മേഖലകൾക്കും പ്രാമുഖ്യം നൽകുന്ന പ്രസ്ഥാനമാണ് ജനകീയാസൂത്രണം. നമുക്കാവശ്യമായ അരിയുടെ കാര്യത്തിൽ ഇന്നുള്ള കമ്മി കുറയ്ക്കുക, മറ്റു ഭക്ഷ്യസാമഗ്രികളായ പച്ചക്കറി, പഴങ്ങൾ, മത്സ്യമാംസാദികൾ, മുട്ട എന്നിവയുടെ കാര്യത്തിൽ ഒരോ പഞ്ചായത്തും സ്വയം പര്യാപ്തി നേടുക എന്നിവ ജനകീയാസൂത്രണത്തിന്റെ ലക്ഷ്യമാണ്.

▶ ഈ കാഴ്ചപ്പാടോടെ പ്രവർത്തിച്ച് ഓരോ പഞ്ചായത്തിന്റെയും നഗരസഭയുടെയും അതിർത്തിക്കുള്ളിൽ സാമ്പത്തികോൽപ്പാദനം വർധിപ്പിക്കണമെങ്കിൽ ജനങ്ങൾ പരിചയിച്ചിട്ടുള്ള സാങ്കേതിക മാർഗ്ഗങ്ങൾ പരിഷ്കരിക്കുകയും പുതിയ സാങ്കേതിക മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നതിന് അദ്ധ്വാനിക്കുന്ന ബഹുജനങ്ങളും ശാസ്ത്രസാങ്കേതിക വിദ്യാ വിദഗ്ദ്ധരും തമ്മിൽ പൂർണമായി സഹകരിക്കണം. ആ അന്യോന്യ സഹകരണം സംഘടിപ്പിക്കലാണു ജനകീയാസൂത്രണത്തിന്റെ ഒരു ലക്ഷ്യം.

▶ ഇതു പ്രാവർത്തികമാക്കണമെങ്കിൽ, കഴിഞ്ഞ 40 വർഷക്കാലമായി കേരളത്തിൽ നിലവിലുള്ള അധികാരരാഷ്ട്രീയത്തിനു പകരം ഉൽപ്പാദന വർദ്ധനയിലൂടെ നാട്ടിൻപുറങ്ങളെയും പട്ടണപ്രദേശങ്ങളെയും വികസിപ്പിക്കുന്നതിൽ കേന്ദ്രീകൃതമായ ഒരു പുത്തൻ വികസന രാഷ്ട്രീയം വളർത്തിയെടുക്കണം. അധികാരത്തിലിരിക്കുന്നവർ അവിടെത്തന്നെ അള്ളിപ്പിടിച്ചിരിക്കുകയും വെളിയിലുള്ളവർ അധികാരസ്ഥാനത്തെത്താൻ ശ്രമിക്കുകയും മാത്രം ചെയ്യുന്ന അധികാരരാഷ്ട്രീയത്തിനു പകരം ഉൽപാദന വർദ്ധനവിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള വികസനത്തിന്റെ രാഷ്ട്രീയം രൂപപ്പെടുത്തണം. ആനുകാലികമായി നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ ജയം നേടാൻ



# നിശ്ചയമായും ഇത് ഗാന്ധിയൻ സങ്കല്പം

**കെ.ആർ. നാരായണൻ**
മുൻ രാഷ്ട്രപതി

ഏതാനും വർഷങ്ങൾക്കു മുമ്പ് കേരളത്തിൽ ആരംഭിച്ച വികേന്ദ്രീകൃത ആസൂത്രണത്തിനായുള്ള ക്യാമ്പയിൻ ശ്രദ്ധ അർഹിക്കുന്നൊരു പരീക്ഷണമാണ്. നിശ്ചയമായുമിത് ഗാന്ധിയൻ സങ്കല്പം തന്നെയാണ്. ആധുനിക സാഹചര്യത്തിലും അതിന് പ്രസക്തിയുണ്ട്. സംസ്ഥാനത്തിന്റെ പദ്ധതിയുടെ 35-40 ശതമാനം തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടുകൾക്കും പരിപാടികൾക്കുമായി കൈമാറി. ഈ അധികാരവികേന്ദ്രീകരണവും താഴെത്തട്ടിലേക്ക് പണം നൽകിയതും കീഴ്തലത്തിലുള്ള ജനങ്ങൾക്ക് സാമ്പത്തിക അധികാരം നൽകിയിരിക്കുന്നു. അത് വികസന പ്രവർത്തനങ്ങളിൽ അവരുടെ ആവേശത്തെ ഉത്തേജിപ്പിച്ചു. വിവിധ മേഖലകളിൽ തങ്ങളുടെ ഉന്നമനത്തിനായി കൂട്ടായി പ്രവർത്തിക്കുന്നതിന് വികേന്ദ്രീകരണം അവർക്ക് പ്രേരണയായി. ദേശീയ പരമാധികാരത്തെ കവർന്നു കൊണ്ടുള്ള ആഗോളവത്കരണത്തിന്റെ അന്ധവും തടുത്തു നിർത്താനാവാത്തതുമായ മുന്നേറ്റത്തിനു മുന്നിൽ നിസ്സഹായരായി ജനത നിൽക്കുന്ന നാളുകളിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ സ്ഥിതിവിശേഷത്തിനുള്ള ഒരു പ്രതിവിധി ഒരു പക്ഷേ, ഗ്രാമതലത്തിലേക്ക് അധികാരം വികേന്ദ്രീകരിച്ച് നൽകലായിരിക്കും.

*2000-ലെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻ രാഷ്ട്രത്തിന് നൽകിയ സന്ദേശത്തിൽ നിന്ന് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ച് പരാമർശിച്ച ഭാഗം.*

ശ്രമിക്കുന്ന രാഷ്ട്രീയ പാർട്ടികളോരോന്നും അധികാരത്തിലിരിക്കുന്നേടത്തു പ്രതിപക്ഷ സഹകരണം തേടിയും അധികാരത്തിലില്ലാത്തേടത്ത് അധികാരത്തിലിരിക്കുന്നവർക്കു സഹായം നൽകിയും വികസനത്തിന്റേതായ ഒരു പുത്തൻ രാഷ്ട്രീയം രൂപപ്പെടുത്തണം.

▶ ഗ്രാമസഭകളിലും വാർഡുസഭകളിലും പങ്കെടുക്കുന്ന ജനലക്ഷങ്ങൾ വിവിധ വർഗങ്ങളും ബഹുജനവിഭാഗങ്ങളുമായി തിരിഞ്ഞിരിക്കുകയാണ്. അവയ്ക്കോരോന്നിനും അതതിന്റേതായ വർഗബഹുജന സംഘടനകളുണ്ട്. വ്യവസായത്തൊഴിലാളികളുടെ ട്രേഡ് യൂണിയനുകൾ, കാർഷികത്തൊഴിലാളികളുടെ യൂണിയനുകൾ, പണിയെടുക്കുന്ന കൃഷിക്കാരുടെ കർഷക സംഘങ്ങൾ, ഗവൺമെന്റ് ജീവനക്കാരടക്കമുള്ള ഇടത്തരം ജീവനക്കാർ, അധ്യാപകർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, മഹിളകൾ തുടങ്ങിയവരുടെ സംഘടനകളും മറ്റും. ഈ പൊരുതുന്ന സംഘടനകളെ പൂർണമായി സഹകരിപ്പിച്ചുകൊണ്ടേ ജനകീയാസൂത്രണം വിജയിപ്പിക്കാൻ കഴിയുകയുള്ളൂ.

▶ ഇത്തരത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെയും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ പൊരുതുന്ന സംഘടനകളുടെയും പൂർണ സഹകരണത്തോടെ നാട്ടിൻപുറങ്ങളിലും പട്ടണപ്രദേശങ്ങളിലും ജനകീയാസൂത്രണം സംഘടിപ്പിച്ച്, പണമുള്ളവരുടെ കൈയ്യിൽ നിന്നും പണം, സാധനങ്ങൾ ഉള്ളവരുടെ കൈയ്യിൽ നിന്നും സാധനങ്ങൾ, ഈ രണ്ടു വിഭാഗങ്ങളിലുമുള്ളവരിലും പണമോ സാധനമോ കൈയ്യിലില്ലാത്തവരിലും നിന്നു ശ്രമദാനം എന്നിവ ചേർത്തു ഗ്രാമസഭകളും വാർഡുസഭകളും തയ്യാറാക്കുന്ന പദ്ധതി നടപ്പാക്കാനാവശ്യമായ ധനവിഭവങ്ങൾ ശേഖരിക്കാൻ കഴിയും. അതിലൂടെ പ്രാവർത്തികമാക്കുന്ന വികസന പദ്ധതികളാണ് ആസൂത്രണ പ്രസ്ഥാനത്തിന്റെ വിജയം.

ഇതൊരു പുത്തൻ പരീക്ഷണമാണ്. ഇതുപോലെ ജനങ്ങളെയാകെ ജാതിമത-കക്ഷി ഭേദമില്ലാതെ അണിനിരത്തി വിഭവസമാഹരണവും പദ്ധതി നടത്തിപ്പും പ്രാവർത്തികമാക്കുന്ന ഒരു സംവിധാനം മറ്റൊരു സംസ്ഥാനത്തും ഇതേവരെ രൂപം കൊണ്ടിട്ടില്ല. കേരളത്തിൽ അതിനു രൂപം നൽകിയെന്നതാണ് ഇവിടുത്തെ ആസൂത്രണ ബോർഡിന്റെയും ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെയും നേട്ടം.

*പത്ത് വർഷങ്ങൾക്ക് മുമ്പ് ഡോ.റ്റി.എം. തോമസ് ഐസക്കിന്റെ ജനകീയാസൂത്രണം-സിദ്ധാന്തവും പ്രയോഗവും എന്ന പുസ്തകത്തിന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി അദ്ധ്യക്ഷനായിരുന്ന ഇ.എം.എസ് നമ്പൂതിരിപ്പാട് എഴുതിയ അവതാരികയിൽ നിന്ന്.*

# കൂടുതൽ കാര്യക്ഷമതയോടെ



**വി.എസ്. അച്യുതാനന്ദൻ**
**മുഖ്യമന്ത്രി**

**അ**ധികാരവികേന്ദ്രീകരണം ഏറ്റവും സാർഥകമായി നടപ്പാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. പത്ത് വർഷം മുമ്പ് ആവിഷ്ക്കരിച്ചു നടപ്പാക്കിയ ജനകീയാസൂത്രണം അധികാരവികേന്ദ്രീകരണത്തിന്റെ പുതിയൊരു മാതൃകയായിരുന്നു. ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി സാക്ഷാത്ക്കരിക്കുകയായിരുന്നു. സംസ്ഥാനത്തിന്റെ പദ്ധതി തുകയുടെ നാല്പത് ശതമാനവും ത്രിതലപഞ്ചായത്തുകൾക്ക് നൽകുകയായിരുന്നു എൽ.ഡി.എഫ് ഗവൺമെന്റ്.

എഴുപത്തിമൂന്നും എഴുപത്തിനാലും ഭരണഘടനാ ഭേദഗതിയിലൂടെ ത്രിതല പഞ്ചായത്ത് സംവിധാനം രാജ്യത്താകെ പ്രാബല്യത്തിൽ കൊണ്ടുവന്നുവെന്നത് ശരിയാണ്. ഏറെക്കുറെ എല്ലാ സംസ്ഥാനത്തും അതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുകയും അതുവഴി ത്രിതല തദ്ദേശഭരണ സംവിധാനം നിലവിൽ വരികയും ചെയ്തു. എന്നാൽ അധികാരവും അതുപയോഗിച്ച് വികസനപ്രവർത്തനങ്ങളും ക്ഷേമനടപടികളും സ്വീകരിക്കുന്നതിനുള്ള പണവും നൽകുന്നതിൽ പല സംസ്ഥാനങ്ങളും വേണ്ടത്ര താല്പര്യമെടുത്തില്ല. ദേശീയതലത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരുന്നതിന് വർഷങ്ങൾക്കു മുമ്പ് തന്നെ പശ്ചിമബംഗാളിൽ ജ്യോതി ബസു ഗവൺമെന്റ് മാതൃകാപരമായി അത് നടപ്പിലാക്കിയിരുന്നു.

1987-ലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ജില്ലാകൗൺസിൽ രൂപീകരിച്ചത് അധികാരവികേന്ദ്രീകരണ ചരിത്രത്തിലെ ഒരു സുവർണ അധ്യായമാണ്. ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്നണി മഹാഭൂരിപക്ഷം ജില്ലയിലും വിജയിച്ചു. എന്നാൽ അധികം വൈകാതെ സംസ്ഥാനത്ത് ഭരണമാറ്റമുണ്ടായി. അധികാരവികേന്ദ്രീകരണത്തിൽ മാതൃകസൃഷ്ടിച്ച് പിച്ചവെച്ചു നടക്കാൻ തുടങ്ങിയ ജില്ലാകൗൺസിലുകളെ ആദ്യം ചത്തതിനൊക്കുമേ ജീവിച്ചിരിക്കലും എന്ന അവസ്ഥയിലാക്കി. 1991 ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് കുറച്ചു കാലം കഴിഞ്ഞപ്പോൾ അതിനെ കഴുത്തുഞെരിച്ചുകൊല്ലുകയും ചെയ്തു. അപ്പോഴേയ്ക്കും ഭരണഘടനാ ഭേദഗതി നിലവിൽവന്നു.

1996 ലെ എൽ.ഡി.എഫ് ഗവൺ

ഇപ്പോൾ
പതിനൊന്നാം പഞ്ചവത്സരപദ്ധതിയുടെ തുടക്കമായി.
കൂടുതൽ കാര്യക്ഷമമായി
ജനകീയാസൂത്രണ പദ്ധതി നടപ്പാക്കാൻ
സർക്കാർ തീരുമാനിച്ചിരിക്കയാണ്.
മുൻ അനുഭവത്തിന്റെ വെളിച്ചത്തിൽ
പോരായ്മകൾ പരിഹരിച്ച്
പദ്ധതി
ഫലപ്രദമായി നടപ്പാക്കാൻ കഴിയണം.

# ജനകീയാസൂത്രണം വീണ്ടും

മെന്റ് ജനകീയാസൂത്രണ പദ്ധതി ഒമ്പതാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ടായിരുന്നു ആവിഷ്ക്കരിച്ചത്. മുൻമാതൃകയൊന്നുമില്ലാത്ത ഒരു സംവിധാനമായിരുന്നു അത്. അതുകൊണ്ടുതന്നെ ബോധവല്ക്കരണത്തിനും പരിശീലനത്തിനും ഏറെ സമയമെടുക്കേണ്ടി വന്നു. സ്വയം മനസ്സിലാക്കുക എന്നതായിരുന്നു ജനകീയാസൂത്രണത്തിന്റെ ആദ്യഭാഗം. എല്ലാ പ്രദേശത്തിനും ഒരു സ്വത്വമുണ്ട്. ദേശീയതയുടെ ഭാഗമായ പ്രാദേശികത-പരസ്പര പൂരകമാണത്. പ്രാദേശിക ചരിത്രം രേഖപ്പെടുത്താനും അതത് പ്രാദേശത്തെ വിഭവങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി രേഖപ്പെടുത്താനും വർത്തമാനവും ഭാവിയുമെങ്ങനെയെന്ന് വിഭാവനം ചെയ്യാനും ജനകീയാസൂത്രണത്തിന്റെ ഭാഗമായി സാധ്യമായി.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി ആട്, കോഴി വിതരണമാണ് പ്രധാനമായും നടന്നതെന്ന് ചിലർ ആക്ഷേപിക്കുകയുണ്ടായി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉയർത്തിക്കൊണ്ടുവരുന്നതിന് അത്തരം പരിപാടികൾ നടപ്പാക്കുകയുണ്ടായി. ഭവനരഹിതരായ പതിനായിരക്കണക്കിനു കുടുംബങ്ങൾക്ക് വീട് വെച്ചുകൊടുക്കാൻ കഴിഞ്ഞുവെന്നത് ജനകീയാസൂത്രണത്തിന്റെ പ്രധാന നേട്ടങ്ങളിലൊന്നാണ്. ഗ്രാമസഭ ചർച്ച ചെയ്ത് ഏറ്റവും അശരണരായവരെ കണ്ടെത്തിയാണ് വീട് നൽകിയത്. ഇങ്ങനെ ജനോപകാരപ്രദമായ ഒട്ടേറെ നടപടികൾകൈക്കൊള്ളാൻ കഴിഞ്ഞു.

ഉദ്യോഗസ്ഥർ മേൽത്തട്ടിൽ നിന്ന് നിർദ്ദേശിക്കുന്ന വികസന പ്രവൃത്തികൾ നടപ്പാക്കുന്നതിന് പകരം താഴേതട്ടിൽ നിന്ന് ജനങ്ങൾ തിരഞ്ഞെടുക്കുന്ന പദ്ധതികൾ, ജനങ്ങൾ നിശ്ചയിക്കുന്ന മുൻഗണനാപ്രകാരം നടപ്പാക്കാൻ കഴിഞ്ഞു.

എന്നാൽ ജനകീയാസൂത്രണ പ്രവർത്തനത്തിന് നിരവധി പോരായ്മകളുണ്ടായിരുന്നു. ചില പഞ്ചായത്തുകൾ വലിയ വീഴ്ചതന്നെ വരുത്തി. കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നതിലും പലേടത്തും വീഴ്ച വന്നു. മാർഗനിർദ്ദേശങ്ങൾ യാന്ത്രികമായി നടപ്പാക്കാൻ ശ്രമിച്ചതിന്റെ പ്രശ്നങ്ങളുണ്ടായി. സെമിനാറുകൾക്കും യോഗങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നുവെന്ന ആക്ഷേപമുണ്ടായി. ഏതാനും ചില സ്ഥലങ്ങളിൽ കമ്മിറ്റികൾ നടത്തേണ്ട പ്രവൃത്തികൾ കരാറുകാർക്ക് നൽകിയ പ്രശ്നങ്ങളുണ്ടായി. പദ്ധതി വിഹിതമായി അനുവദിച്ച തുകയിൽ നല്ലൊരു പങ്കും ലാപ്സാക്കുന്ന സ്ഥിതിയും ഉണ്ടായി.

ഇതെല്ലാം ബാലാരിഷ്ടതകളാണ്. അതെല്ലാം പരിഹരിച്ച് മുന്നോട്ടുപോവുകയാണ് വേണ്ടത്. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് ജനകീയാസൂത്രണത്തിന്റെ പേര് കേരള വികസന പദ്ധതി എന്നാക്കി മാറ്റി. പേര് മാറ്റുന്നത് പ്രശ്നമല്ല. എന്നാൽ പദ്ധതിയുടെ അന്തഃസത്ത തന്നെ മാറ്റുന്ന അനുഭവമാണുണ്ടായത്.

ഇപ്പോൾ പതിനൊന്നാം പഞ്ചവത്സരപദ്ധതിയുടെ തുടക്കമായി. കൂടുതൽ കാര്യക്ഷമമായി ജനകീയാസൂത്രണ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കയാണ്. മുൻ അനുഭവത്തിന്റെ വെളിച്ചത്തിൽ പോരായ്മകൾ പരിഹരിച്ച് പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ കഴിയണം.

ത്രിതല പഞ്ചായത്തുകളും നഗരസഭകളും അർപ്പണബോധത്തോടെ പ്രവർത്തിച്ചാൽ മാത്രമേ വിഭാവനം ചെയ്ത അടിസ്ഥാനത്തിൽ ജനകീയാസൂത്രണം വിജയിപ്പിച്ചെടുക്കാനാവൂ.




**പാലോളി മുഹമ്മദ്കുട്ടി**

**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി**


11–ാം പദ്ധതി ജനകീയാസൂത്രണം

# സാമൂഹ്യനീതിയും വികസനവും പ്രധാന അജണ്ട

കേരളം അഭിമുഖീകരിച്ചിരുന്ന വികസന മുരടിപ്പിനു വിരാമമിടാൻ ആരംഭിച്ച ജനകീയ പ്രസ്ഥാനമാണ് ചരിത്രത്തിൽ ഇടം നേടിയ ജനകീയാസൂത്രണം. കഴിഞ്ഞ പത്തുവർഷത്തെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി കേരളത്തിലെ പൊതുജീവിതത്തിൽ ഗുണപരമായ മാറ്റമുണ്ടായി എന്നതിൽ തർക്കമുണ്ടാവില്ല. നാടിന്റെയും സമൂഹത്തിന്റെയും നാനാവിധ പ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപെടാൻ തക്കവണ്ണമുള്ള ശക്തി സമ്പാദിക്കാൻ ഇതിനകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കഴിഞ്ഞു. കേന്ദ്രഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റ് എന്നീ രണ്ട് ജനകീയ ഭരണ സംവിധാനം മാത്രമാണ് നമ്മുടെ മുന്നിൽ ഉണ്ടായിരുന്നത്. ഇതേ സ്ഥാനത്ത് 1223 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായുണ്ടായ അതുല്ല്യമായ നേട്ടത്തിന്റെ ഫലമാണിത്.

എട്ടു പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കിയിട്ടും നമ്മുടെ രാജ്യത്തിലെ വികസന പ്രശ്നങ്ങൾക്കും പാവപ്പെട്ടവരുടെ ജീവിത പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. ഒൻപതാം പഞ്ചവത്സര പദ്ധതി ഒരു ജനകീയപദ്ധതിയായി നടപ്പിലാക്കാൻ തീരുമാനിച്ചത് ഈ സാഹചര്യത്തിലാണ്. ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം ഉറപ്പാക്കുന്ന ജനകീയാസൂത്രണപ്രസ്ഥാനത്തിന് രൂപം നൽകാൻ ഇ.എം.എസിനെ പോലുള്ളവരെ പ്രേരിപ്പിച്ചത് നാടിനോടും ജനങ്ങളോടുമുള്ള പ്രതിബദ്ധതയാണ്. അതിനിശിതമായ വിമർശനങ്ങളും കടുത്ത വെല്ലുവിളികളുമാണ് ഇതിന്റെ സംഘാടകർക്ക് നേരിടേണ്ടി വന്നത്. ഒരു പുതിയ പരീക്ഷണമെന്ന നിലയിൽ ഈ സംരംഭത്തോട് അല്പം പോലും ദയവ് കാണിക്കാൻ പാരമ്പര്യ വാദികൾ തയ്യാറായില്ല. മുൻ

കാല അനുഭവത്തിന്റെ അഭാവത്തിൽ പല അനഭിലഷണീയ പ്രവണതകളും ജനകീയാസൂത്രണത്തിൽ കടന്നുകൂടിയെങ്കിലും ഈ പ്രസ്ഥാനം അത്യുജ്ജ്വലമായ ജനപിന്തുണയോടുകൂടി മുന്നോട്ടു പോയി. കേരളത്തിലെന്നല്ല ലോകശ്രദ്ധതന്നെ പിടിച്ചു പറ്റുന്ന ഒരു മഹാസംഭവമായി ജനകീയാസൂ ത്രണ പ്രസ്ഥാനം മാറി. കേരള ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുതിയൊരു മാറ്റത്തിന് തുടക്കം കുറിക്കാൻ ജനകീയാസൂത്രണത്തിന് കഴിഞ്ഞു. ജനകീയാസൂത്രണത്തിന്റെ മഹത്വം മനസ്സിലാ ക്കാൻ ഐക്യരാഷ്ട്ര സഭ നടത്തിയ വിലയിരുത്തൽ മാത്രം ധാരാളം മതിയാകുന്നതാണ്. 2003 ലെ മാനവ വികസന റിപ്പോർട്ടിൽ ഇക്കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

യു.എൻ.ഡി.പി. ഇൻഡ്യൻ പ്രതിനിധി ഡോ. ബ്രൻഡാഗേ മെക്സ്വീനി പുറത്തിറക്കിയ പ്രസ്തുത റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു.

പ്രാദേശിക വോളണ്ടിയർമാർ പ്രത്യേകിച്ചും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തകർ, സർവ്വീസിൽ നിന്നു വിരമിച്ചവർ, എഞ്ചിനീയർമാർ, ഡോക്ടർമാർ, പ്രൊഫസർമാർ, മറ്റ് പ്രൊഫഷണലുകൾ എന്നിവരാണ് ജനകീയാസൂത്രണപദ്ധതി മുന്നോട്ടു കൊണ്ടു പോയത്. ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങളെക്കുറിച്ചും വിഭവശേഷിയെക്കുറിച്ചും ഈ സന്നദ്ധ പ്രവർത്തകർ വിലയിരുത്തിയ ശേഷം ആ വിവരങ്ങൾ പഞ്ചായത്തിനും നഗര സമിതിക്കും കൈമാറുകയും അതിന്റെ അടിസ്ഥാനത്തിൽ വികസനപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. ഈ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും സന്നദ്ധപ്രവർത്തകർക്ക് പരിശീലനവും നൽകി.

വർദ്ധിച്ച രീതിയിലുള്ള പ്രാദേശിക പങ്കാളിത്തം പത്തു ശതമാനത്തോളം വിഭവശേഷി സൗജന്യമായി പ്രദാനം ചെയ്യുന്നതിന് കാരണമായി. ഭൗതിക പദാർത്ഥങ്ങളും തൊഴിൽ ശക്തിയും ദാനമായി നൽകിയാണ് ഈ നേട്ടം കൈവരിക്കാനായത്. ഇതിന്റെ ഫലമായി പദ്ധതിതുകയുടെ വലിയൊരു ഭാഗം പട്ടി ജാതി-വർഗ്ഗ വിഭാഗങ്ങൾക്കായി ചെല വഴിച്ചു. പദ്ധതിത്തുകയുടെ മുപ്പത് ശത മാനത്തോളം ഈ വിഭാഗത്തിന് വീടു നിർമ്മിക്കാൻ ചെലവഴിച്ചു.

**നമുക്കെല്ലാവർക്കും ഒന്നിക്കാനുള്ള അപൂർവ്വമായ അവസരമാണ് നമ്മുടെ മുന്നിൽ തുറന്നിട്ടിരിക്കുന്നത്. നമ്മുടെ നാടിനെയും മനുഷ്യരെയും സ്നേഹിക്കുന്ന എല്ലാവരും ഈ മഹത്സംരംഭത്തിൽ പങ്കെടുക്കണം**



വനിതകൾക്കുള്ള പ്രത്യേക പദ്ധതിയുടെ പത്തു ശതമാനം ചെലവഴിച്ചതും ശ്രദ്ധേയമായ നേട്ടമാണ്. പച്ചക്കറി ഉൽപാദനം, തുന്നൽ സൊസൈറ്റി, അംഗൻവാടി, സ്ത്രീകൾക്കായുള്ള കമ്മ്യൂണിറ്റി സെന്ററുകൾ എന്നിവയ്ക്കാണ് ഈ തുക ചെലവഴിച്ചത്. പൊതുമേഖലയിൽ ആരോഗ്യപരിപാലനം, സാക്ഷരത എന്നിവയ്ക്കായി ആരംഭിച്ച പുതിയ പദ്ധതികൾ കാരണം ഈ രണ്ടു മേഖലയിലും വൻപുരോഗതി നേടാനായി.

കേരളത്തിൽ ജനകീയാസൂത്രണ പദ്ധതി വിജയിക്കാനുള്ള എട്ടു കാരണങ്ങളും റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.

പ്രാദേശിക ആവശ്യങ്ങളോടുള്ള ജനങ്ങളുടെ പെട്ടെന്നുള്ള പ്രതികരണമാണ് ഇതിലൊന്ന്. അഴിമതി സാധ്യത കുറവും സുതാര്യതയും ജനങ്ങളോടുള്ള ഉത്തരവാദിത്തവും പദ്ധതികൾ നല്ല രീതിയിൽ പൂർത്തിയാക്കാൻ സഹായിക്കുന്നു. മെച്ചപ്പെട്ട അടിസ്ഥാന സേവനങ്ങളുടെയും വിവരങ്ങളുടെയും ലഭ്യത, കൂടുതൽ കാലം ഈടുനിൽക്കുന്ന പദ്ധതികൾ, അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കാനുള്ള ശക്തമായ മാധ്യമങ്ങൾ, എന്തും ഏറ്റെടുക്കാൻ തയ്യാറായ ഊർജസ്വലമായ പ്രാദേശിക വ്യക്തികളുടെ സാന്നിധ്യം, വർദ്ധിച്ച തോതിലുള്ള രാഷ്ട്രീയ പ്രാതിനിധ്യം, പ്രാന്തീകരിക്കപ്പെട്ട വംശീയ വിഭാഗങ്ങൾക്കും സ്ത്രീകൾക്കും കൂടുതൽ പ്രാതിനിധ്യം എന്നിവയാണ് ജനകീയാസൂത്രണ പദ്ധതികൾ വിജയിക്കുന്നതിനുള്ള മറ്റു കാരണങ്ങളെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു.

ജനകീയാസൂത്രണപ്രസ്ഥാനം ആരംഭിക്കുമ്പോൾ മുൻ കാല അനുഭവങ്ങൾ നമുക്ക് പാഠമാകണം. പാർശ്വവൽക്കരിക്കപ്പെട്ടവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതാണ് യഥാർത്ഥ വികസനം. വീട്, വൈദ്യുതി, വെള്ളം, കക്കൂസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നിവ പാവപ്പെട്ടവർക്ക് ലഭ്യമാകുന്നതിലൂടെയാണ് യഥാർത്ഥ വികസനം നടക്കുന്നത്. ജനകീയാസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം ഇതാണ്. ഉത്പാദന മേഖലയിലെ വളർച്ച; വിശേഷിച്ചും കൃഷിയുടെ ഉയിർത്തെഴുന്നേൽപ്പാണ് മറ്റൊരു പ്രധാന ലക്ഷ്യം. അന്യമായി കൊണ്ടിരിക്കുന്ന കൃഷി മേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് അനുയോജ്യമായ പദ്ധതികൾക്കാണ് മുൻഗണന നൽകേണ്ടത്.

73,74 ഭരണഘടനാ ഭേദഗതിയുടെ പേരിൽ അഭിമാനം കൊണ്ടിരുന്ന പലരുടെയും യഥാർത്ഥ മുഖം നാം ഇപ്പോൾ കാണുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ സമൂഹമധ്യത്തിൽ പരിഹസിക്കുന്നതിൽ ഇവർ സന്തോഷം കണ്ടെത്തുന്നു. മുപ്പത്തി മൂന്ന് ശതമാനം സംവരണം സ്ത്രീകൾക്ക് നൽകിയതിന്റെ പേരിൽ അഭിമാനം കൊള്ളുമ്പോൾ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതാ അദ്ധ്യക്ഷരെ മാന്യമല്ലാത്ത ഭാഷയിൽ പരിഹസിക്കാനും ഇക്കൂട്ടർ തയ്യാറാകുന്നു, ഈ സാഹചര്യത്തിൽ അധികാരവികേന്ദ്രീകരണത്തെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കേണ്ടത് ജനാധിപത്യ വിശ്വാസികളുടെ അടിയന്തര കടമയാണ്. ജനകീയ പിന്തുണയോടെ അധികാര വികേന്ദ്രീകരണ വിരുദ്ധശക്തികളെ ചെറുത്തു തോൽപ്പിക്കാൻ കഴിയണം. ജനകീയാസൂത്രണം വീണ്ടും ആരംഭിക്കുമ്പോൾ അതിനുള്ള കനകാവസരമാണ് നമുക്ക് ലഭിക്കുന്നത്.

വിരുദ്ധ ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന ഒരു നടപടിയും ഉണ്ടാക്കരുത്. അഴിമതിയെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പടിക്ക് പുറത്ത് നിറുത്താനുള്ള തന്റേടം കാണിക്കണം.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും സ്വയംപര്യാപ്തവും മാതൃകാപരവുമായിരിക്കാൻ ഭരണസമിതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജനകീയ പിന്തുണയുണ്ടെങ്കിൽ ഒരു ശക്തിക്കും അധികാരവികേന്ദ്രീകരണത്തെയോ ജനകീയാസൂത്രണത്തെയോ പരാജയപ്പെടുത്താൻ കഴിയുകയില്ല. ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിലൂടെയും സുതാര്യമായ പ്രവർത്തനത്തിലൂടെയും ഒരു സമ്പന്നമായ കേരളം സൃഷ്ടിക്കാൻ കഴിയണം. നമുക്കെല്ലാവർക്കും ഒന്നിക്കാനുള്ള അപൂർവ്വമായ അവസരമാണ് നമ്മുടെ മുന്നിൽ തുറന്നിട്ടിരിക്കുന്നത്. നമ്മുടെ നാടിനെയും മനുഷ്യരെയും സ്നേഹിക്കുന്ന എല്ലാവരും ഈ മഹത് സംരംഭത്തിൽ പങ്കെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ഡോക്ടർമാർ, എഞ്ചിനീയറന്മാർ, അദ്ധ്യാപകർ, സാങ്കേതിക വിദഗ്ധർ, സന്നദ്ധ സംഘടനകൾ, സർവ്വീസ് ട്രേഡ് യൂണിയനുകൾ തുടങ്ങി എല്ലാവരുടെയും അനുഭവവും സന്നദ്ധതയും സമാഹരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

പാർശ്വവൽക്കരിക്കപ്പെട്ടവരെ
ജീവിതത്തിന്റെ മുഖ്യധാരയിലേക്ക്
കൊണ്ടുവരുന്നതാണ്
യഥാർത്ഥ വികസനം.
വീട്, വൈദ്യുതി,
വെള്ളം, കക്കൂസ്, ആരോഗ്യം,
വിദ്യാഭ്യാസം
എന്നിവ പാവപ്പെട്ടവർക്ക്
ലഭ്യമാകുന്നതിലൂടെയാണ്
യഥാർത്ഥ വികസനം
നടക്കുന്നത്.
ജനകീയാസൂത്രണത്തിന്റെ
മുഖ്യ ലക്ഷ്യം
ഇതാണ്.



ജനങ്ങളിലേക്ക്
സർക്കാരിന്റെ സേവനങ്ങൾ എത്തിക്കാനും
അവരോടുള്ള
ഉത്തരവാദിത്വം നിർവ്വഹിക്കാനുമുള്ള
സംവിധാനത്തിലെ അവസാനത്തെ കണ്ണിയായി
വേണം തദ്ദേശഭരണ സ്ഥാപനങ്ങളെ കാണാൻ.
ജനങ്ങളും ഗവൺമെന്റും തമ്മിലുള്ള
ബന്ധത്തിലെ
ഒഴിവാക്കാനാകാത്ത കണ്ണി.

# ജനകീയാസൂത്രണത്തിന്റെ സിദ്ധാന്തവും പ്രയോഗവും ഇന്ന്



**സി.പി. നാരായണൻ**

ജനകീയാസൂത്രണം 1996ൽ ഒരു ദിവസം കേരളത്തിൽ പൊട്ടിമുളച്ചതോ ഇറക്കുമതി ചെയ്തതോ ആയ ആശയമല്ല. കേരളത്തിൽ ആദ്യം രൂപം കൊണ്ട കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ കാലം മുതൽ അധികാരവികേന്ദ്രീകരണം ഇടതുപക്ഷത്തിന്റെ ഒരു ലക്ഷ്യമായിരുന്നു. കേരളം രൂപീകരിക്കപ്പെടുന്നതിന് തൊട്ടുമുമ്പ് മലബാറിൽ നിലനിന്നിരുന്ന ജില്ലാ ബോർഡിന്റെ ഭരണ നേതൃത്വം കമ്മ്യൂണിസ്റ്റ് പാർട്ടിക്കായിരുന്നു. പി.ടി. ഭാസ്കരപ്പണിക്കരുടെ നേതൃത്വത്തിൽ ഉണ്ടായ ജില്ലാ ബോർഡിന്റെ ഭരണാനുഭവം കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഒരു കാര്യം ബോധ്യപ്പെടുത്തി. സംസ്ഥാനത്തിന്റെ താഴെ തലങ്ങളിൽ പ്രാദേശിക ഭരണസമിതികൾ ഉണ്ടാകുന്നത് ജനങ്ങളുടെ പ്രത്യേകിച്ച് പാവപ്പെട്ടവരുടെ-അടിയന്തര പ്രശ്നങ്ങൾ പലതും വേഗത്തിൽ പരിഹരിക്കാൻ സഹായകമാകും.

അതിനാൽ 1957ലെ ഇ.എം.എസ് ഗവൺമെന്റ് ജില്ലാതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതികൾ കൊണ്ടുവരാനായി നിയമനിർമ്മാണത്തിന് ഉദ്ദേശിച്ചിരുന്നു. ഇടക്കാലത്ത് പിരിച്ചുവിട്ടതുകൊണ്ട് അന്ന് അക്കാര്യം ചെയ്യാൻ കഴിഞ്ഞില്ല. 1967ൽ നിലവിൽ വന്ന ഐക്യമുന്നണി ഗവൺമെന്റും 1980ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റും അതുപോലെ അൽപായുസ്സുകളായതു കൊണ്ട് അവയ്ക്കും ആ ലക്ഷ്യം കൈവരിക്കാനായില്ല. 1987ലെ എൽ.ഡി.എഫ് ഗവൺമെന്റാണ് ജില്ലാ കൗൺസിലുകൾ രൂപീകരിച്ചത്.

ഇക്കാര്യത്തിൽ വലതുപക്ഷ പാർട്ടികൾ പിന്തുടർന്ന അതേനയം അവലംബിക്കുകയല്ല കേരളത്തിലെ ഇടതുപക്ഷം ചെയ്തത്. കേരളത്തിന്റെ സവിശേഷ സാഹചര്യത്തിനൊത്തവിധം വേണ്ട ഭേദഗതികളോടെയാണ് അധികാരവികേന്ദ്രീകരണം പോലുള്ള മണ്ഡലങ്ങളിൽ വലതുപക്ഷ പാർട്ടികളുടെ നയത്തെ ഇടതുപക്ഷം നടപ്പിൽ വരുത്തിയത്. 1987ലെ എൽ.ഡി.എഫ് ഗവൺമെന്റ് ജില്ലാ കൗൺസിലുകൾ നിലവിൽ വരുത്തിയത് 1970കളിൽ വലതുപക്ഷ ഗവൺമെന്റ് കൊണ്ടു വന്ന നിയമത്തിന് ആവശ്യമായ ഭേദഗതികൾ വരുത്തികൊണ്ടായിരുന്നു. 1997ൽ ജനകീയാസൂത്രണം നടപ്പാക്കിയതും അങ്ങനെ

തന്നെ. ഭരണഘടനയ്ക്ക് പി.വി. നരസിം ഹറാവു ഗവൺമെന്റ് കൊണ്ടുവന്ന 73, 74 ഭേദഗതികളുടെ ചുവടുപിടിച്ച് യു.ഡി.എഫ് ഗവൺമെന്റ് പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾ കൊണ്ടു വന്നു. അവയിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയാണ് ജനകീയാസൂത്രണം നട പ്പാക്കിയത്.



73, 74 ഭരണഘടനാ ഭേദഗതികൾ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമായിരുന്നെങ്കിലും അതിന്റെ ചട്ടക്കൂട്ടിനുള്ളിൽ നിന്നു കൊണ്ട് ജനകീയാസൂത്രണം നടപ്പാക്ക പ്പെട്ടത് കേരളത്തിൽ മാത്രമാണ്. കാരണം ഇവിടെ എൽ.ഡി.എഫിന് അധികാരവികേന്ദ്രീകരണം സംബ ന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായി രുന്നു. യു.ഡി.എഫ് ഗവൺമെന്റ് പഞ്ചാ യത്ത്-മുൻസിപ്പൽ നിയമങ്ങൾ വഴി തദ്ദേശഭരണസ്ഥാപനങ്ങൽക്ക് ചില അധികാരങ്ങൾ നൽകിയെങ്കിലും, അവ നടപ്പാക്കുന്നതിന് വേണ്ട വിഭവങ്ങ ളൊന്നും അവയ്ക്ക് നൽകിയില്ല. അതി നാൽ അവരുടെ ഭരണത്തിൻ കീഴിൽ ആ അധികാരങ്ങൾ ഏട്ടിലെ പശുക്കളായി രുന്നു. 1995 ഒക്ടോബർ 2ന് നിലവിൽ വന്ന പഞ്ചായത്ത്- മുൻസിപ്പൽ ഭരണ സമിതികൾക്ക് ആ അധികാരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ 1996ൽ എൽ.ഡി.എഫ് ഗവൺമെന്റ് നിലവിൽ വന്ന് വിഭവങ്ങൾ നൽകുന്നതു വരെ ആ ഭരണസമിതികൾക്ക് കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അധികാരവി കേന്ദ്രീകരണം, കോൺഗ്രസ്സിന്റെ-വിശേ ഷിച്ച് രാജീവ് ഗാന്ധിയുടെ-സ്വപ്നമായി രുന്നു എന്ന വ്യാഖ്യാനം ജനങ്ങൾക്ക് അതിനോടു കാണപ്പെട്ട ആഭിമുഖ്യ ത്തിൽ നിന്ന് മുതലെടുക്കാനുള്ള ഒരു വിദ്യ മാത്രമായിരുന്നു. അവർക്ക് ആത്മാർത്ഥത ഉണ്ടായിരുന്നെങ്കിൽ ആ അധികാരങ്ങൾ വിനിയോഗിക്കാൻ തദ്ദേ ശഭരണസ്ഥാപനങ്ങളെ എല്ലാ തര ത്തിലും പ്രാപ്തരാക്കുമായിരുന്നു-കേര ളത്തിൽ മാത്രമല്ല, തങ്ങൾ അധികാര ത്തിലുള്ള സംസ്ഥാനങ്ങളിലെല്ലാം. അത് അവർ ഇതേവരെ ചെയ്തിട്ടില്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇഷ്ടംപോലെ വിനിയോഗിക്കാൻ കുറേ പണം നൽകുക എന്നല്ല എൽ.ഡി.എഫ് ജനകീയാസൂത്രണം കൊണ്ട് ഉദ്ദേശി ച്ചത്. ഭരണത്തിന്റെ ഏറ്റവും താഴെത്ത ട്ടിലെ-വാർഡിലെ-ജനങ്ങളുടെ ജനറൽ ബോഡിയാണ് ഗ്രാമസഭ. വികസന സംബന്ധമായി ചില അധികാരങ്ങൾ ഭര ണഘടന ഗ്രാമസഭ വഴി ജനങ്ങൾക്ക് നൽകുന്നു. പഞ്ചായത്തുകൾക്കും നഗ രസഭകൾക്കും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ ജില്ലാ ആസൂത്രണസമിതി (ഡിപിസി) ക്കും ഭരണഘടന ചില അധികാരങ്ങൾ നൽകുന്നു.

ഈ അധികാരങ്ങൾ ജീവനുള്ളതാ കണമെങ്കിൽ, തീരുമാനങ്ങളെടുത്താൽ അവ നടപ്പാക്കുന്നതിനുള്ള പ്രാപ്തി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഉണ്ടാ ക്കണം. അതായത്, അവിടങ്ങളിലെ ജന ങ്ങളുടെ ആവശ്യം, ആഗ്രഹം, ഇച്ഛ ഇവ നടപ്പാക്കുന്നതിനുള്ള വിഭവവും ആൾബലവും തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് നൽകണം. അതാണ്, 1997-98 വർഷം മുതൽ എൽ.ഡി.എഫ് ഗവൺ മെന്റ് ചെയ്തത്. പഞ്ചായത്ത്-മുൻസി പ്പൽ വാർഡ് തലത്തിലും മറ്റ് തദ്ദേശഭ രണ സ്ഥാപനങ്ങളുടെ സമാനമായ തല ങ്ങളിലും അതത് പ്രദേശത്തിന്റെ വിക സനം സംബന്ധിച്ച നിർദ്ദേശങ്ങൾ മുൻഗ ണനാടിസ്ഥാനത്തിൽ ക്രോഡീകരി ക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസമിതിയുടെ നേതൃത്വ ത്തിൽ ഈ നിർദ്ദേശങ്ങൾക്ക് യോജിച്ച മൂർത്തമായ പദ്ധതികൾ ആവിഷ്ക്ക രിച്ച് നടപ്പാക്കുന്നു. ഈ കാഴ്ചപ്പാട് ശരിയായി ഉൾക്കൊണ്ട നിരവധി തദ്ദേ ശഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനി ധികളും ഉദ്യോഗസ്ഥരും സർവ്വോപരി ജനങ്ങളും കൈകോർത്ത് പിടിച്ച് അസാധ്യമെന്ന് അന്നുവരെ കരുതപ്പെ ട്ടിരുന്ന ജനങ്ങളുടെ പല ആവശ്യ ങ്ങളും നടപ്പാക്കി.

ഇത് ഉണർത്തിവിട്ട ബഹുജനാവേ ശത്തെയും അപാരമായ വികസന സാധ്യതകളെയും അന്നത്തെ പ്രതി പക്ഷം വീക്ഷിച്ചത് തങ്ങൾക്ക് വീണ്ടും അധികാരത്തിൽ എത്തുന്നതിനുള്ള വിലങ്ങ് തടിയായാണ്; അഴിമതിക്കാർ കണ്ടത് തങ്ങൾ കൈയ്യടക്കാറുള്ള വമ്പിച്ച സമ്പത്ത് കൈവിട്ടുപോകുന്ന തായിട്ടാണ്; ജനകിയാസൂത്രണം സൃഷ്ടിക്കുന്ന കൂടുതൽ ജോലിഭാ രത്തെ ഒരു വിഭാഗം ഉദ്യോഗസ്ഥർ ഒരു ശല്യമായാണ് കണ്ടത്. ഇവരൊക്കെ ഉന്നയിച്ച വാദഗതികളെ മാധ്യമങ്ങളിൽ പലരും കണ്ടതും കൈകാര്യം ചെയ് തതും മാനകീയാവശ്യങ്ങളെ മുൻനിർ ത്തിയായിരുന്നില്ല; പിന്നെയോ സ്ഥാ പിത താൽപര്യങ്ങളെ പിന്താങ്ങിയായി രുന്നു.

രണ്ടാം ലോകമഹായുദ്ധത്തിന് ശേ ഷം സാർവ്വദേശീയ തലത്തിൽ സോ ഷ്യലിസ്റ്റ് ചേരി നിലവിൽ വരികയും ഒട്ട നവധി കോളനികൾ സ്വാതന്ത്ര്യം നേടു കയും അവയിൽ പലതിലും ബഹുജ നങ്ങളോട് പ്രതിബദ്ധതയുള്ള ഗവൺ



മെന്റുകൾ നിലവിൽ വരികയും ചെയ്ത പ്പോൾ, പുരോഗമന-ജനാധിപത്യ ശക്തികളെ തോൽപിക്കുന്നതിനു സാമ്രാജ്യശക്തികൾ സ്വീകരിച്ച ഒരടവ് തങ്ങളുടെ കുടില ലക്ഷ്യങ്ങൾക്ക് പുരോഗമന വായ്ത്താരിയുടെ മേലങ്കി യിടുകയാണ്. 1950കളുടെ ആദ്യം ഇറാനിൽ മൊസ്സാദെഖ് ഭരണത്തിനും കോംഗോയിൽ പാട്രിസ് ലുമുംബയുടെ ഭരണത്തിനും മുതൽ ഏഷ്യൻ-ആഫ്രിക്കൻ- ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ പല ജനാധിപത്യഗവൺമെന്റുകൾക്കും എതിരെ സാമ്രാജ്യശക്തികൾ ഇടപെട്ടത് അവയുടെ പാവഗവൺമെന്റുകളെ വാഴിച്ച് തങ്ങളുടെ ആധിപത്യം പരോക്ഷമായി നിലനിർത്താനായിരുന്നു. ജനാധിപത്യത്തിന്റെ പേരു പറഞ്ഞായിരുന്നു അത്തരം നടപടികൾ ന്യായീകരിക്കപ്പെട്ടത്. ലോകബാങ്ക് പോലുള്ള സ്ഥാപനങ്ങളും ഈ ശൈലി സ്വീകരിച്ചു. അങ്ങനെയാണ് ഇടതുപക്ഷ ഗവൺമെന്റുകൾ നടപ്പാക്കാൻ തുടങ്ങിയ അധികാരവികേന്ദ്രീകരണത്തിന്റെ ലേബൽ അവർ അവരുടേതായ സ്വാർത്ഥ ലക്ഷ്യങ്ങളുടെ മേൽ ഒട്ടിച്ചത്.

അതിന്റെ സ്വഭാവം തിരിച്ചറിയാനുള്ള ഉരകല്ല് ബഹുജനതാൽപര്യങ്ങളെയും അവരുടെ മുൻകൈയിനെയും എത്രമാത്രം അംഗീകരിക്കുന്നു, അനുവദിക്കുന്നു എന്നതാണ്. ഇടതുപക്ഷം അവയെ മുൻനിർത്തി പ്രവർത്തിക്കുമ്പോൾ, അവയെ മറയാക്കിയാണ് ലോകബാങ്കും മറ്റും പ്രവർത്തിക്കുക. അധികാരവികേന്ദ്രീകരണ രംഗത്തെ ലോകബാങ്കിന്റെയും മറ്റും ഇടപെടലും സ്ഥാപിത താൽപര്യക്കാരുടെ മുൻകൈയോടെ നടന്ന അഴിമതിയും തങ്ങൾക്ക് മേധാവിത്വമുള്ള ഒരു സ്ഥിതിയിൽ നിന്ന് ജനങ്ങൾക്കും ജനപ്രതിനിധികൾക്കും മുൻകൈയുള്ള സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങുന്നതിൽ ഒരു വിഭാഗം ഉദ്യോഗസ്ഥർക്കുണ്ടായ അസംതൃപ്തിയും കൂടി ചേർന്നപ്പോൾ ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ കുതിപ്പ് തടയപ്പെട്ടു. യു.ഡി.എഫ് 2001-ലെ തിരഞ്ഞെടുപ്പിൽ ജയം നേടി അധികാരത്തിൽ എത്തിയതോടെ ജനകീയാസൂത്രണം ലോകബാങ്കിന്റെ ചട്ടക്കൂട്ടിലും ഉദ്യോഗസ്ഥരുടെ മേധാവിത്വത്തിലുള്ള കേരള വികസന പരിപാടിയായി മാറ്റപ്പെട്ടു. അതിനാൽ ഒമ്പതാം പദ്ധതിക്കാലത്ത് കൈവരിക്കാൻ കഴിഞ്ഞ തരത്തിലും തോതിലുമുള്ള നേട്ടങ്ങൾ പത്താം പദ്ധതിക്കാലത്ത് പൊതുവിൽ കൈവരിക്കാൻ കഴിഞ്ഞില്ല. ഈ പശ്ചാത്തലത്തിലായിരുന്നു മൂന്നാം സംസ്ഥാന ധനകമ്മീഷൻ തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള വിഹിതം സംസ്ഥാനവാർഷിക പദ്ധതിയുടെ ഇത്ര ശതമാനം എന്ന രീതിമാറ്റി കേവലസംഖ്യയായി നിജപ്പെടുത്തിയത്.

ഒമ്പതാം പദ്ധതിക്കാലത്ത് സേവനങ്ങളുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞ പുരോഗതി ഉൽപാദന മേഖലയിൽ ഉണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. പത്താം പദ്ധതിക്കാലത്ത് അത് കുറേക്കൂടി ദുർബ്ബലമായി. അത് ഗ്രാമീണമേഖലയെ വല്ലാതെ ബാധിച്ചു. ചെറുകിട-ദരിദ്ര കൃഷിക്കാർ, കർഷകത്തൊഴിലാളികൾ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെടുന്ന ഉൽപാദകരും തൊഴിലാളികളും എന്നിവരുടെ സ്ഥിതി കൂടുതൽ ദയനീയമായി.

പതിനൊന്നാം പദ്ധതി ഈ ദുഷ്പ്രവണതയെ മാറ്റാൻ ഉദ്ദേശിക്കുന്നു. കാർഷികോൽപാദനം, പ്രത്യേകിച്ച് ഭക്ഷ്യവിളകളുടെ, ഗണ്യമായി വർദ്ധിപ്പിക്കുക പ്രധാന ലക്ഷ്യമാക്കിയതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി അടങ്കലിൽ 40% അതിനായി നീക്കിവയ്ക്കണമെന്ന് നിർദ്ദേശിച്ചതും അതിന്റെ അടിസ്ഥാനത്തിലാണ്. കാർഷിക-പരമ്പരാഗത മേഖലയിലെ ഉൽപാദനം വർധിപ്പിക്കാനും ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വിറ്റഴിക്കാനും കഴിഞ്ഞാൽ, ഗ്രാമീണ സമ്പദ് വ്യവസ്ഥ കൂടുതൽ ചലനാത്മകമാകും. ലക്ഷക്കണക്കിന് ആളുകളുടെ സ്ഥിതി മെച്ചപ്പെടും.

മാലിന്യനിർമാർജ്ജനത്തിലും ശുചിത്വത്തിലും വേണ്ടത്ര ശ്രദ്ധ കഴിഞ്ഞ കാലത്ത് പതിപ്പിക്കാത്തതിനാൽ പല തരം പ്രശ്നങ്ങളെ കേരളം ഇന്ന് നേരിടുന്നു. പല പുതിയ പകർച്ചവ്യാധികളും ജനങ്ങളെ വേട്ടയാടുന്നു. രോഗപ്രതിരോധ-ചികിത്സാ സംവിധാനങ്ങളെ കാര്യക്ഷമമാക്കി ഈ ഭീഷണിക്ക് അറുതി വരുത്തേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളും ആരോഗ്യവകുപ്പും കൂടി ശ്രമിച്ചാൽ ഇത് കുറഞ്ഞകാലം കൊണ്ട് കൈവരിക്കാനാകും.

അതുപോലെ, സ്ക്കൂളുകളിലെ പഠന നിലവാരം ഗണ്യമായി ഉയർത്തണമെന്ന എല്ലാ വിഭാഗം ജനങ്ങളുടെയും ആഗ്രഹത്തെ സഫലമാക്കുന്നതിന് വിദ്യാഭ്യാസവകുപ്പ് വിചാരിച്ചാൽ മാത്രം കഴിയില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് അധ്യാപകരെയും വകുപ്പ് അധികൃതരെയും രക്ഷിതാക്കളെയും പ്രാദേശിക സമൂഹത്തെ ആകെയും ഒന്നിച്ച് അണിനിരത്തിയാൽ സ്കൂളുകൾ ഇന്ന് നേരിടുന്ന ഭൗതിക സാഹചര്യങ്ങളിലെ പരിമിതിയും പല തെറ്റായ

കീഴ്വഴക്കങ്ങൾ ഉണ്ടാക്കുന്ന പ്രയാസവും മറ്റും പരിഹരിക്കാൻ കഴിയും.

ഇതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങൾ തനിച്ച് ചെയ്യണമെന്നല്ല. അവയ്ക്ക് വിവിധ ഇനങ്ങൾക്കായി പ്രത്യേക തുക ഓരോ വർഷവും നൽകുന്നതുകൊണ്ട് അത്തരം കാര്യങ്ങളുടെ മുഴുവൻ ചുമതലയും തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം എന്ന് വാദിക്കുന്നവരുണ്ട്. അവയ്ക്ക് ഉത്തരവാദിത്വമുണ്ട് എന്നത് ശരി. എന്നാൽ ഇതേ കാര്യങ്ങൾക്ക് പലതിനും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കൂടി പണം ചെലവഴിക്കുന്നു. അവയുടെ പദ്ധതികളും ഉണ്ട്. സംസ്ഥാന ഗവൺമെന്റിനാണ് കൂടുതൽ ഉദ്യോഗസ്ഥരുള്ളത്. അതിനാൽ കേന്ദ്ര-സംസ്ഥാന-പ്രാദേശിക അടങ്കലുകളെ ഏകോപിപ്പിച്ച് വികസന പ്രവർത്തനം നടത്തിയാൽ മാത്രമേ ജനങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കുകയുള്ളൂ.

ജനകീയാസൂത്രണം എന്നു പറഞ്ഞാൽ കുറച്ചു പണവും അതിലും കുറച്ച് ജീവനക്കാരെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി, ഇനി ജനങ്ങൾക്ക് വേണ്ടതെല്ലാം അവ ചെയ്യണം എന്ന ധാരണ ചിലർക്കെങ്കിലുമുണ്ട്. അത് തങ്ങളുടെ പരമാധികാരമേഖലയാണ് എന്ന് തദ്ദേശഭരണസ്ഥാപനങ്ങളിലുള്ള ചിലർക്കും അവ എല്ലാക്കാര്യവും തനിച്ച് ചെയ്യണമെന്ന് സംസ്ഥാന ഗവൺമെന്റിലും ജനങ്ങളിലുമുള്ള ചിലർക്കും അഭിപ്രായമുള്ളതായി കാണുന്നു. ഈ ധാരണ ശരിയല്ല. ജനങ്ങളിലേക്ക് സർക്കാരിന്റെ സേവനങ്ങൾ എത്തിക്കാനും അവരോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കാനുള്ള സംവിധാനത്തിലെ അവസാനത്തെ കണ്ണിയായി വേണം തദ്ദേശഭരണ സ്ഥാപനങ്ങളെ കാണാൻ. ജനങ്ങളും ഗവൺമെന്റും തമ്മിലുള്ള ബന്ധത്തിലെ ഒഴിവാക്കാനാകാത്ത കണ്ണി.

അതിനാൽ ആ കണ്ണിയെ ബലപ്പെടുത്തേണ്ടത് സർക്കാരിന്റെയും ജനങ്ങളുടെയും ആവശ്യമാണ്. ആ കണ്ണിയില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും അവരുടെ പല ആവശ്യങ്ങളും നിറവേറ്റിക്കിട്ടില്ല. അതില്ലാതെ ആധുനിക സമൂഹത്തിൽ ജനാധിപത്യ ഭരണത്തിന്റെ എല്ലാ ചുമതലകളും നിറവേറ്റാനാവില്ല. ജനങ്ങളും സർക്കാരും തമ്മിലുള്ള ആ കണ്ണിയുടെ-അതുകൊണ്ട് അതും സർക്കാർ തന്നെ-പ്രവർത്തന രീതിയാകണം ജനകീയാസൂത്രണം. ആ നിലയിലാണ് ഇടതുപക്ഷം ഈ ആശയരൂപീകരണം നടത്തിയത്; കഴിഞ്ഞ കാലാനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അതിനെ വിപുലമാക്കുന്നത്.



**മാലിന്യനിർമാർജ്ജനത്തിലും ശുചിത്വത്തിലും വേണ്ടത്ര ശ്രദ്ധ കഴിഞ്ഞ കാലത്ത് പതിപ്പിക്കാത്തതിനാൽ പലതരം പ്രശ്നങ്ങളെ കേരളം ഇന്നും നേരിടുന്നു. പല പുതിയ പകർച്ചവ്യാധികളും ജനങ്ങളെ വേട്ടയാടുന്നു. രോഗപ്രതിരോധ-ചികിത്സാ സംവിധാനങ്ങളെ കാര്യക്ഷമമാക്കി ഈ ഭീഷണിക്ക് അറുതി വരുത്തേണ്ടതുണ്ട്.**

ഇവിടെയും സ്ഥാപിത താൽപര്യക്കാർ ജനങ്ങൾക്ക് അവശ്യം ലഭിക്കേണ്ട സേവനത്തെ കച്ചവടചരക്കാക്കി മാറ്റാൻ ശ്രമിക്കുന്നു. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് സ്ക്കൂൾ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പങ്ക് വഹിക്കുന്നതിനോട് സ്വകാര്യമേഖലയിൽ-പ്രത്യേകിച്ച് ന്യൂനപക്ഷത്തിൽ-നിന്ന് ഉയർന്നുവരുന്ന എതിർപ്പ്.അത് യഥാർത്ഥത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ എതിർപ്പല്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ന്യൂനപക്ഷക്കാരുടെ എതിർപ്പാണ്. രണ്ടും തമ്മിൽ അജഗജാന്തരമുണ്ട് എന്ന കാര്യം ജനങ്ങൾ മറന്നുകൂടാ.

തദ്ദേശഭരണസ്ഥാപനം ഏകാധിപത്യപരമായോ ഏകപക്ഷീയമായോ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുകയാണെങ്കിൽ ജനങ്ങൾ എതിർക്കുന്നത് മനസ്സിലാക്കാം. അതല്ല, ഇപ്പോൾ സംഭവിക്കുന്നത്. സ്ക്കൂളിൽ പി.ടി.എയുടെ നേതൃത്വത്തിലും പഞ്ചായത്തിൽ/നഗരസഭയിൽ വിവിധ സ്ക്കൂളുകളുടെ പ്രധാനഅധ്യാപകർ, പി.ടി.എ പ്രതിനിധികൾ, പഞ്ചായത്തിലെ ഉത്തരവാദപ്പെട്ടവർ, വിദ്യാഭ്യാസ വിദഗ്ദ്ധർ എന്നിവർ ചേർന്നും തീരുമാനിക്കുന്ന കാര്യങ്ങളാണ് നടപ്പാക്കപ്പെടുന്നത്. അവയിൽ ചില കാര്യങ്ങൾ മാനേജ്മെന്റുകളുടെ അന്യായപ്പിരിവിനും മറ്റു സ്ഥാപിത താൽപര്യങ്ങൾക്കും വിഘാതമുണ്ടാക്കുന്നുണ്ടാകാം. അവർക്ക് ന്യായമായ പരാതികൾ വല്ലതും ഉണ്ടെങ്കിൽ പരിഹരിക്കപ്പെടണം.

എന്നാൽ, അതിന്റെ പേരിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലാ നിർവ്വഹണത്തിനു തടസ്സം ഉണ്ടാക്കുന്നത് സംസ്ഥാനത്തെ ഭരണനിർവ്വഹണത്തെ മൊത്തത്തിലാണ് ബാധിക്കുക. സർക്കാരിന്റെ അധികാരവിനിയോഗം, ഉത്തരവാദിത്വ നിർവ്വഹണം എന്നിവയെ ശക്തിപ്പെടുത്തുന്നതാണ് യഥാർത്ഥത്തിൽ ജനകീയാസൂത്രണം. അങ്ങനെയാണ് ജനങ്ങളിൽ ഭൂരിഭാഗവും അതിനെ മനസ്സിലാക്കുന്നത്. എന്നാൽ, അത് ചില നിക്ഷിപ്ത താൽപര്യക്കാരുടെ സ്വാർത്ഥലാഭ മോഹങ്ങൾക്ക് വിഘ്നം വരുത്തുന്നു. അവരാണ് മുമ്പും ഇപ്പോഴും ജനകീയാസൂത്രണത്തെ പല രൂപങ്ങളിൽ എതിർക്കുന്നത്. ജനകീയാസൂത്രണത്തിന്റെ സിദ്ധാന്തം പ്രയോഗത്തിൽ വരുത്തുന്നത് ഈ വെല്ലുവിളികളെ നേരിട്ടു കൊണ്ടാകണം, നേരിട്ടു കൊണ്ടേ കഴിയൂ.

*ലേഖകൻ*
*സംസ്ഥാന ആസൂത്രണ ബോർഡ്*
*അംഗമാണ്.*

എന്റെ ഭാവനയിലുള്ള
ഗ്രാമത്തിൽ
ഒന്നാമനും രണ്ടാമനും ഇല്ല.
എല്ലാവരും സമന്മാരാണ്.
അവസാനക്കാരനും
അവിടെയില്ല

*മഹാത്മാഗാന്ധി*



അധികാരവികേന്ദ്രീകരണമെന്ന ആശയം പ്രായോഗികമാക്കുന്നതിന് സ്വാതന്ത്ര്യത്തിന് മുമ്പും അതിനു ശേഷവും വിപുലമായ ചർച്ചകൾ രാജ്യമെങ്ങും നടന്നിരുന്നു. പ്രാദേശിക സർക്കാരുകൾക്ക് രൂപം കൊടുക്കുന്നതിന് ഒറ്റപ്പെട്ട ശ്രമങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ നടന്നിരുന്നുവെങ്കിലും സ്വാതന്ത്ര്യം ലഭിച്ച് നാൽപ്പത്തഞ്ച് വർഷങ്ങൾക്ക് ശേഷം നടന്ന ഭരണഘടനയുടെ 73, 74 ഭേദഗതികളോടെയാണ് ത്രിതലപഞ്ചായത്ത് രാജ്, മുനിസിപ്പൽ സംവിധാനങ്ങൾ യാഥാർത്ഥ്യമായതും അവയ്ക്ക് ഭരണഘടനാ പരിരക്ഷ ഉണ്ടായതും. ഇതിനെത്തുടർന്ന് ഭൂരിപക്ഷം സംസ്ഥാനങ്ങളിലും ഒരു വർഷത്തിനകം തന്നെ സംസ്ഥാന നിയമങ്ങൾ പാസ്സാവുകയും ചെയ്തിരുന്നു.

# പ്രാദേശികതല ആസൂത്രണത്തിനു വേണ്ട മുന്നൊരുക്കം



വി.ജെ. തങ്കപ്പൻ എം എൽ എ

കേരളത്തിൽ 1994ൽ പാസാക്കിയ പഞ്ചായത്ത് രാജ് – മുൻസിപ്പൽ നിയമങ്ങൾ 1995 ഒക്ടോബർ മുതൽ നടപ്പിലായി. 1996 ൽ അധികാരത്തിൽ വന്ന നായനാർ സർക്കാരാണ് പ്രദേശികതല ആസൂത്രണത്തെ ജനകീയാസൂത്രണമെന്ന പേരിൽ നടപ്പിലാക്കിയത്. ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ പഞ്ചായത്ത് സമിതികളും മുൻസിപ്പൽ, കോർപ്പറേഷൻ തലങ്ങളിൽ കൗൺസിലുകളും അധികാരമേറ്റ് ഭരണം പ്രാദേശിക തലത്തിൽ വേരോടുന്നതിന് മുൻപാണ് പ്രാദേശിക തല ആസൂത്രണവും നടപ്പിൽ വരുത്തിയത്. ആസൂത്രണം എത്ര കുറ്റമറ്റതായാലും പദ്ധതികൾ ഏറെ മേന്മയുള്ളതായാലും അവ നടപ്പിലാക്കുന്നതിനുള്ള ശേഷി പ്രാദേശിക സർക്കാരുകൾക്ക് ആർജ്ജിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വരും. ഇതാണ് ജനകീയാസൂത്രണ നടത്തിപ്പിൽ സംഭവിച്ചത്.

ഭരണഘടനയുടെ 11–ാം പട്ടികയിൽ പറഞ്ഞിരുന്ന വിഷയങ്ങൾ എല്ലാം തന്നെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും നൽകപ്പെട്ടു. അതിനാവശ്യമായ ഉദ്യോഗസ്ഥന്മാരും ഫണ്ടും നൽകപ്പെട്ടു. ഉല്പാദനമേഖലയുടെ പ്രവർത്തനങ്ങൾ നഗരസഭകൾക്ക് അന്യമായിരുന്നു. നിയമം നടപ്പിലാക്കി 11 വർഷം കഴിഞ്ഞിട്ടും കൃഷി, മൃഗസംരക്ഷണം ഉൾപ്പെടെ 11–ാം പട്ടികയിൽ പറഞ്ഞിട്ടുള്ളതും, കേരള നിയമമനുസരിച്ച് നഗരസഭകൾക്ക് കൈമാറിയതുമായ വിഷയങ്ങൾ ഒന്നും തന്നെ ഗൗരവത്തോടെ വീക്ഷിയ്ക്കുന്നതുപോലുമില്ല. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചും കൈമാറ്റം ചെയ്യപ്പെട്ട വിഷയങ്ങൾ സഗൗരവം ചർച്ച ചെയ്യുന്നതിനും, സമയത്തിന് ആസൂത്രണ പ്രക്രിയ പൂർത്തിയാക്കി സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കി വിജയിപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല. കൂടാതെ, ആസൂത്രണം നടത്തുന്നതിനുള്ള യാതൊരു മുന്നൊരുക്കങ്ങളും നടത്തിയിരുന്നതു

ജനകീയാസൂത്രണം
പുനരാവിഷ്ക്കരിക്കുമ്പോൾ
കഴിഞ്ഞകാലാനുഭവങ്ങൾ വിലയിരുത്തപ്പെടണം.
പിശകുകൾ സ്വയം വിമർശനപരമായി വീക്ഷിക്കണം.
ഭരണത്തിന്റെ സുഗമമായ ഒഴുക്കിനും
ഫലപ്രദമായ പ്രവർത്തനത്തിനും
നിയമത്തിലും ചട്ടത്തിലും
ഭേദഗതി ആവശ്യമാണെങ്കിൽ ഭേദഗതി വരുത്തണം.
സമ്പത്തിന്റെ ദുർവിനിയോഗം
നടന്നിട്ടുണ്ടെങ്കിൽ
ആയത് ആവർത്തിക്കാതിരിക്കുന്നതിനുള്ള
നടപടി സ്വീകരിക്കണം.

മില്ല. അതു കാരണം ഭരണവും, ആസൂത്രണവും വേരുപിടിയ്ക്കാതെ പോയിയെന്ന യാഥാർത്ഥ്യം മറച്ചു പിടിയ്ക്കേണ്ടതില്ല. ജനകീയാസൂത്രണം പുനരാവിഷ്ക്കരിക്കുമ്പോൾ കഴിഞ്ഞകാലാനുഭവങ്ങൾ വിലയിരുത്തപ്പെടണം. പിശകുകൾ സ്വയം വിമർശനപരമായി വീക്ഷിക്കണം. ഭരണത്തിന്റെ സുഗമമായ ഒഴുക്കിനും ഫലപ്രദമായ പ്രവർത്തനത്തിനും നിയമത്തിലും ചട്ടത്തിലും ഭേദഗതി ആവശ്യമാണെങ്കിൽ ഭേദഗതി വരുത്തണം. സമ്പത്തിന്റെ ദുർവിനിയോഗം നടന്നിട്ടുണ്ടെങ്കിൽ ആയത് ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്ലാൻ ഫണ്ട് വക മാറ്റി ചെലവിട്ടിട്ടുണ്ടെങ്കിൽ അത് തടയുന്നതിനുള്ള പ്രായോഗികമായ നടപടികൾ സ്വീകരിക്കണം. സർക്കാർ തലത്തിലെ വിദഗ്ധന്മാരായ ഉദ്യോഗസ്ഥരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല ഉദ്യോഗസ്ഥന്മാരെ ഏൽപ്പിച്ച് നടപ്പിലാക്കുകയും വേണം. ജനങ്ങളെ പദ്ധതി പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കുന്നതിനുള്ള നിയമപരമായ ചുമതല തിരഞ്ഞെടുക്കപ്പെട്ട ജനനേതാക്കന്മാർ നിർവ്വഹിക്കണം.

ആസൂത്രിതമായി പദ്ധതി രൂപീകരിക്കുന്നതിന് പ്രാദേശികമായി ലഭിക്കേണ്ട സ്ഥിതിവിവരക്കണക്കുകൾ ഒന്നും തന്നെ ശേഖരിച്ചിരുന്നില്ല. ഇന്നുവരെ അത് ശേഖരിച്ചിട്ടുമില്ല. അതു കൊണ്ടു തന്നെ രണ്ട് പഞ്ചവത്സര പദ്ധതിയിലൂടെ +4000 കോടി രൂപ ഉല്പാദനമേഖലയിൽ പ്രാദേശിക ഗവൺമെന്റുകൾ വഴി വിനിയോഗിച്ചിട്ടും പ്രാദേശിക ഗവൺമെന്റുകളുടെ പ്രവർത്തനത്തിലൂടെ ഉദ്പാദന മേഖലയിൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് അവകാശപ്പെടാൻ ആർക്കും കഴിഞ്ഞിട്ടില്ല. ഉദ്പാദന രംഗത്ത് കൂടുതൽ ഉദ്പാദനവും മെച്ചപ്പെട്ട ഉദ്പാദനക്ഷമതയും നേടിയെന്ന് ഏതെങ്കിലും പ്രാദേശിക ഗവൺമെന്റിന് അവകാശപ്പെടുന്നതിന് കഴിഞ്ഞിട്ടുണ്ടോ? ഉദ്പാദന മേഖലയിൽ ഗ്രാമപഞ്ചായത്തിൽ തമ്മിലും, മുനിസിപ്പാലിറ്റികൾ തമ്മിലും ആരോഗ്യകരമായൊരു മത്സരം അനിവാര്യമായിരുന്നില്ലേ? അതുണ്ടാവാത്തതിന്റെ കാരണം പരിശോധിയ്ക്കേണ്ടതല്ലേ? അതുതന്നെയാണ് സേവന മേഖലയിലെയും സ്ഥിതി. അടിസ്ഥാന സൗകര്യ വികസന കാര്യത്തിൽ കുറെയൊക്കെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. അവിടെയും ഏതു പ്രാദേശിക സർക്കാർ എത്രത്തോളം എന്ന കാര്യത്തിൽ ഒരു വിലയിരുത്തലിനു കഴിയുമോ? ഗ്രാമപഞ്ചായത്തും നഗരസഭകളും സ്വന്തമായി വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കഴിഞ്ഞ 11 വർഷക്കാലം ഏറെ പിറകോട്ടു പോയിയെന്ന കാര്യത്തിൽ രണ്ടു പക്ഷമുണ്ടെന്നു തോന്നുന്നില്ല. നികുതി നിർണ്ണയത്തിലും പിരിച്ചെടുത്ത് സ്വന്തം ഖജനാവിനെ ശക്തിപ്പെടുത്തുന്നതിലും ഗ്രാമപഞ്ചായത്തുകൾ തമ്മിലും നഗരസഭകൾ തമ്മിലും ഒരു മത്സരം അനിവാര്യമായിരുന്നില്ലേ? അതും ഉണ്ടാവാതെ പോയി. കൈമാറ്റം ചെയ്യപ്പെട്ട ജീവനക്കാർ ഇരട്ട നിയന്ത്രണം ഉണ്ടെങ്കിൽ കൂടി പ്രാദേശിക സർക്കാരുകളുടേയും കൂടി ജീവനക്കാരാണെന്ന അവബോധം സൃഷ്ടിക്കുന്നതിനു കഴിയാതെ പോയി. ചർച്ചയ്ക്കും സെമിനാറിനും ഡോക്യുമെന്റേഷനും നൽകപ്പെട്ട പ്രാധാന്യവും പ്രാമുഖ്യവും ശുഷ്കാന്തിയും ഭരണ നിർവ്വഹണത്തിലും പദ്ധതി നടത്തിപ്പിലും ഇല്ലാതെ പോയി.

ചില കാര്യങ്ങളിൽ മുൻഗണന ലഭിക്കേണ്ടതുണ്ട്

(1) ഭരണനിർവ്വഹണത്തിൽ ശേഷിയും ശക്തിയും ഉണ്ടാവണം.

(2) ജീവനക്കാരും ഉദ്യോഗസ്ഥന്മാരും പ്രദേശിക സർക്കാരിന്റേയും ഉദ്യോഗസ്ഥന്മാരും ജീവനക്കാരുമാണെന്ന അവബോധം സൃഷ്ടിക്കണം. അതിലേയ്ക്ക് അതത് വകുപ്പുമന്ത്രിമാരുടെ ശക്തമായ പിന്തുണ അത്യന്താപേക്ഷിതമാണ്.

(3) പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് അവശ്യം ആവശ്യമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത്, നഗരസഭ വാർഡടിസ്ഥാനത്തിൽ ശേഖരിച്ച് ക്രോഡീകരിക്കണം. അതിന്റെ അടിസ്ഥാനത്തിലാവണം പദ്ധതിയാസൂത്രണവും പദ്ധതി നിർവ്വഹണവും. പ്രത്യേകിച്ചും ഉത്പാദന സേവന മേഖലകളിൽ.

**വിവര ശേഖരണത്തിനൊരു മാർഗ്ഗരേഖ**

ഗ്രാമപഞ്ചായത്ത്, മുൻസിപ്പൽ ജീവനക്കാർ, പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ, കൈമാറ്റം ചെയ്യ

പ്പെട്ട ജീവനക്കാർ, പ്രൈമറി ഹെൽത്ത് സെന്ററിലെ ഫീൽഡ് വർക്കർമാർ, അദ്ധ്യാപകർ, സന്നദ്ധപ്രവർത്തകർ, കുടുംബശ്രീ യൂണിറ്റുകളിലെ പ്രവർത്തകരിൽ 10-ാം ക്ലാസ്സ് പാസ്സായവർ എന്നിവരുടെ കൂട്ടായ്മയിൽ നിന്നും രണ്ടു പേർ വീതമുള്ള ചെറുസംഘങ്ങൾ രൂപീകരിച്ച് ആവശ്യമായ പരിശീലനം നൽകി ബ്ലോക്ക് തലത്തിലോ ജില്ലാ തലത്തിലോ ഉണ്ടാക്കുന്ന ഒരു ഫോർമാറ്റിന്റെ അടിസ്ഥാനത്തിൽ വാർഡ് തലത്തിൽ ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് ഗ്രാമപഞ്ചായത്ത്, നഗരസഭാ തലത്തിൽ ക്രോഡീകരിച്ച് എടുത്താൽ വാർഡ് തലം മുതൽ സംസ്ഥാനതലം വരെയുള്ള വിവരങ്ങൾ വിരൽതുമ്പിൽ ലഭ്യമാവും. നികുതി നിർണ്ണയത്തിനും, നികുതി വസൂലാക്കുന്നതിനും ആവശ്യമായ വിവരങ്ങളും ഇക്കൂട്ടത്തിൽ ശേഖരിക്കാവുന്നതാണ്. പിഴവുകൾ എവിടെയാണെന്ന് കണ്ടെത്താം. ഉത്പാദന രംഗത്ത് നിലവിലുള്ള ഉല്പാദനവും ഉല്പാദന ക്ഷമതയും മനസ്സിലാക്കാം. രണ്ടു വർഷത്തെ ആസൂത്രണത്തിനും നിർവ്വഹണത്തിനും ശേഷം മുകളിൽ പറഞ്ഞതരത്തിൽ ഒരു വിവരശേഖരണം നടത്തിയാൽ നേട്ടങ്ങളും കോട്ടങ്ങളും കണ്ടെത്താം. പിഴവ് എവിടെയാണെന്ന് വിലയിരുത്താൻ കഴിയും. ഉത്പാദന മേഖലയിൽ ഉണ്ടായ വർദ്ധനവ് കണ്ടെത്താം. അക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് മുനിസിപ്പൽ ഭരണകൂടങ്ങൾ തമ്മിൽ ആരോഗ്യകരമായൊരു മത്സരം തന്നെ ഉണ്ടാകുമെന്ന കാര്യം ഉറപ്പിക്കാൻ കഴിയും. പദ്ധതിയുടെ പ്രചരണത്തിനുവേണ്ടി പദ്ധതി തുകയിൽ നിന്നും ചിലവിടുന്ന രീതി ആശാസ്യമാണോയെന്ന് പരിശോധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പ്രസ്തുത തുക ധൂർത്തടിക്കപ്പെടുന്നു. ദുർവിനിയോഗം ചെയ്യപ്പെടുന്നു.

ജീവനക്കാരും ഉദ്യോഗസ്ഥന്മാരും പ്രദേശിക സർക്കാരിന്റേയും ഉദ്യോഗസ്ഥന്മാരും ജീവനക്കാരുമാണെന്ന അവബോധം സൃഷ്ടിക്കണം. അതിലേയ്ക്ക് അതത് വകുപ്പുമന്ത്രിമാരുടെ ശക്തമായ പിന്തുണ അത്യന്താപേക്ഷിതമാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് അവശ്യം ആവശ്യമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത്, നഗരസഭ വാർഡടിസ്ഥാനത്തിൽ ശേഖരിച്ച് ക്രോഡീകരിക്കണം. അതിന്റെ അടിസ്ഥാനത്തിലാവണം പദ്ധതിയാസൂത്രണവും പദ്ധതി നിർവ്വഹണവും.

ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ നടത്തിപ്പിനും ഇത്തരത്തിൽ ഒരു വിവര ശേഖരണം അത്യന്താപേക്ഷിതമാണ്. പ്രാദേശിക ഗവൺമെന്റുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രശ്നത്തിന്റെ ആഴം മനസ്സിലാക്കണമെങ്കിൽ ഇക്കാര്യത്തിൽ വിശദമായ വിവരശേഖരണം പഞ്ചായത്ത്-നഗര തലത്തിൽ അനിവാര്യമാകുന്നു. പഞ്ചായത്ത്-നഗര പ്രദേശങ്ങളിൽ വീടില്ലാത്തവരുടെ പട്ടിക വിവരശേഖരണത്തിലൂടെ കണ്ടെത്തി തയ്യാറാക്കണം. ഒരു കൂരയ്ക്കു കീഴെ പല കുടുംബങ്ങൾ കഴിഞ്ഞു കൂടുന്നു. അവർക്കു ചെറുതെങ്കിലും പാർപ്പിടമുണ്ടാകണം. സ്വന്തമായി ഭൂമിയുള്ളവരിലും പാർപ്പിടം ഇല്ലാത്തവരുണ്ട്. സ്വന്തമായി വരുമാനമുള്ള ഭവനമില്ലാത്തവരുണ്ട്. ഇപ്രകാരം സ്വന്തമായി പാർപ്പിടമില്ലാത്ത വിവിധ തരക്കാരെ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തി തരംതിരിച്ച് പട്ടിക തയ്യാറാക്കി മുൻഗണന നിശ്ചയിച്ച് പഞ്ചായത്ത് / മുനിസിപ്പൽ പ്രദേശത്ത് ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിൽ പാർപ്പിട പദ്ധതി സംസ്ഥാന സർക്കാർ തലത്തിൽ തയ്യാറാക്കി ആവശ്യാധിഷ്ഠിതമായി മാർഗ്ഗനിർദ്ദേശങ്ങളും ഫണ്ടും വീതിച്ചു നൽകണം. ബ്ലോക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ മോണിട്ടറിംഗ് സംവിധാനവും ഉണ്ടായിരുന്നാൽ മാത്രമേ സമയബന്ധിതമായി അർഹതയുടെ മുൻഗണനാ ക്രമത്തിൽ പാർപ്പിട പദ്ധതി നടപ്പിലാക്കി വിജയിപ്പിക്കാൻ കഴിയുകയുള്ളു.

മുകളിൽ വിവരിച്ച തരത്തിലുള്ള വിവരശേഖരണവും അവ ക്രോഡീകരിച്ചു കൊണ്ടുള്ളതും കേന്ദ്രീകൃതവുമായിട്ടുള്ള ആസൂത്രണവും ഇല്ലാതെ സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതിനാണ് ശ്രമിക്കുന്നതെങ്കിൽ നാം ഒരിടത്തും എത്തിച്ചേരാൻ പോകുന്നില്ല. ഫണ്ട് വീതിച്ച് നൽകുന്നതിനു തന്നെ വാർഡടിസ്ഥാനത്തിലുള്ള അടിസ്ഥാന വിവരങ്ങൾ അനിവാര്യമാണ്. ഏതു വിഷയത്തിലും ആസൂത്രിതമായ പദ്ധതി തയ്യാറാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ആവശ്യമായതിനാൽ ഏറെ ആയാസകരമാണെങ്കിലും വാർഡു തലത്തിൽ വിവര ശേഖരണവും ക്രോഡീകരണവും അനിവാര്യമായ കാര്യമായതിനാൽ, പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷത്തെ പദ്ധതി ആസൂത്രണ വേലയിൽ മേൽപറഞ്ഞ തരത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുന്നത് ജനകീയാസൂത്രണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് മുന്നൊരുക്കമായി കണക്കാക്കി നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണന അർഹിക്കുന്നു.

*ലേഖകൻ*
*കേരള പഞ്ചായത്ത്‌രാജ്, മുനിസിപ്പൽ നിയമങ്ങൾക്കും ചട്ടങ്ങൾക്കും ആവശ്യമായ ഭേദഗതികൾ ശുപാർശ ചെയ്യുന്നതിനുള്ള കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ കൂടിയാണ്.*



# ജനകീയാസൂത്രണം

# ലക്ഷ്യം സുസ്ഥിര വികസനം



**പ്രൊഫ. സി. രവീന്ദ്രനാഥ്**
എം എൽ എ

73, 74 ഭരണഘടനാ ഭേദഗതി പ്രകാരമാണ് ഇന്ത്യയിൽ അധികാര വികേന്ദ്രീകരണം നടത്തുവാൻ ശ്രമങ്ങൾ നടന്നത്. ഇങ്ങനെയുള്ള ശ്രമങ്ങളിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിച്ചത് കേരളമാണ്. ഈ ശ്രമത്തെയാണ് ജനകിയാസൂത്രണം എന്ന് പറയുന്നത്. ജനകീയാസൂത്രണത്തിലൂടെ 73,74 ഭരണഘടനാ ഭേദഗതിയുടെ യഥാർത്ഥലക്ഷ്യം സാർത്ഥകമാക്കുവാനാണ് ശ്രമിച്ചത്. അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന തത്വം സർക്കാരിന്റെ ജനാധിപത്യവത്ക്കരണമാണ്. അതുകൊണ്ട് തന്നെ അധികാരവികേന്ദ്രീകരണത്തിന്റെ ആത്യന്തിക ലക്ഷ്യം മൂന്നാം തട്ടിൽ ഒരു സർക്കാർ സൃഷ്ടിക്കുക എന്നതാണ്. ഇതിലൂടെ പഞ്ചായത്തുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാകുകയാണ്.

മേൽവിവരിച്ച പ്രക്രിയ നടക്കുവാൻ അധികാരം മാത്രം വികേന്ദ്രീകരിച്ചാൽ പോര. 73, 74 ഭരണഘടനാ ഭേദഗതി പ്രകാരം അധികാരം മാത്രം വികേന്ദ്രീകരിച്ചാൽ മതി. അതുമാത്രമാണ് ഇതര സംസ്ഥാനങ്ങളിൽ അധികാര വികേന്ദ്രീകരണത്തിലൂടെ നടന്നത്. പക്ഷേ ജനകീയാസുത്രണത്തിൽ സുപ്രധാനമായ മറ്റ് മൂന്ന് ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി എന്നതാണ് ശ്രദ്ധേയമായ മാറ്റം. ഒന്ന് - ആസൂത്രണവികേന്ദ്രീകരണം - ഇതിലൂടെ ഇന്ന് ഗ്രാമതലത്തിൽ പദ്ധതി രേഖകൾ തയ്യാറാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ജില്ലാതല ആസുത്രണ കമ്മിറ്റി (DPC) അക്ഷരാർത്ഥത്തിൽ പ്രവർത്തിക്കുന്നത് കേരളത്തിൽ മാത്രമാണ്. രണ്ട് - ആസുത്രണം ചെയ്ത പദ്ധതികൾ നടപ്പിലാക്കുവാൻ സമ്പത്ത് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള ധനവികേന്ദ്രീക

രണം. സർക്കാരിന്റെ 40 ശതമാനം തുക താഴെത്തട്ടിലേക്ക് വികേന്ദ്രീകരിച്ചത് കേരളത്തിൽ മാത്രമാണ്. മൂന്ന് - ഭരണ പരമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല. അത് വർദ്ധിപ്പിക്കുകയാണ് ഭരണപര മായ വികേന്ദ്രീകരണം കൊണ്ട് ലക്ഷ്യ മാക്കുന്നത്.

***ചുരുക്കത്തിൽ***

*അധികാരവികേന്ദ്രീകരണം +*
*ആസൂത്രണ വികേന്ദ്രീകരണം +*
*ധനവികേന്ദ്രീകരണം +*
*ഭരണപരമായ വികേന്ദ്രീകരണം =*
*ജനകീയാസൂത്രണം*

സമഗ്രമായ അധികാരവികേന്ദ്രീക രണം ഇങ്ങനെയാണ് കേരളത്തിൽ വ്യത്യസ്തമായും ശാസ്ത്രീയമായും നട പ്പിലാക്കിയത്. പക്ഷേ, ഇതിൽ നാലാ മത്തെ ഘടകമായ ഭരണപരമായ വികേ ന്ദ്രീകരണം പൂർത്തിയാക്കുവാൻ കഴി ഞ്ഞില്ല.

ഇങ്ങനെ ഒരു സാഹചര്യത്തിൽ തുട ർന്നു വന്ന കേരള വികസനം പൂർത്തി യാക്കേണ്ടിയിരുന്നത് ഭരണപരമായ വികേന്ദ്രീകരണമാണ്. അത് നടത്തിയില്ല എന്ന് മാത്രമല്ല, ധനവികേന്ദ്രീകരണവും അട്ടിമറിച്ചു. ചുരുക്കത്തിൽ അധികാരവി കേന്ദ്രീകരണ ലക്ഷ്യത്തിൽ നിന്ന് അക ലുവാനാണ് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ ശ്രമിച്ചത്.

അതുകൊണ്ടു തന്നെ ഭരണപരമായ വികേന്ദ്രീകരണം പൂർത്തിയാക്കുവാനും ധനവികേന്ദ്രീകരണം പുനഃസ്ഥാപിക്കു വാനുമാണ് പതിനൊന്നാം പദ്ധതി ജന കീയാസൂത്രണം ആദ്യം ലക്ഷ്യമിടുന്നത്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ സർക്കാ രിന്റെ ജനാധിപത്യവൽക്കരണം അർത്ഥ മാക്കുവാനാണ് ലക്ഷ്യമിടുന്നത് എന്ന് പറയാം. ജനാധിപത്യവൽക്കരണത്തി ലൂടെ സൃഷ്ടിക്കപ്പെടുന്ന തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ ആദ്യലക്ഷ്യം ആസൂത്രണവികേന്ദ്രീകരണം പുഷ്കല മാക്കി കൊണ്ട് ഗ്രാമവികസനം അർത്ഥ വത്താക്കുക എന്നതാണ്.

എല്ലാ മനുഷ്യരുടെയും പ്രത്യേകിച്ച് അടിസ്ഥാന ജനവിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ പടിപടിയായി ഉയർ ത്തുന്ന സാമൂഹ്യപ്രക്രിയയാണ് വികസ നം എന്ന നിർവ്വചനമാണ് ജനകീയാസൂ ത്രണം നൽകുന്നത്. ഈ നിർവ്വചനം നട പ്പിലാക്കപ്പെടുവാൻ മൂന്ന് ഘടകങ്ങൾ വേണം.

1. ഉൽപ്പാദനവർദ്ധനവ്
2. സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം

**അധികാരവികേന്ദ്രീകരണം**
**+**
**ആസൂത്രണ വികേന്ദ്രീകരണം**
**+**
**ധനവികേന്ദ്രീകരണം**
**+**
**ഭരണപരമായ വികേന്ദ്രീകരണം**
**=**
**ജനകീയാസൂത്രണം**



3. പാരിസ്ഥിതികമായ സന്തുലനം

ഇത് മൂന്നും നടപ്പിലാക്കുവാനാണ് പതിനൊന്നാം പദ്ധതി ജനകീയാസൂ ത്രണം ലക്ഷ്യമിടുന്നത്. ഒമ്പതാം പദ്ധതി ജനകീയാസൂത്രണത്തിൽ 40 ശതമാനം തുക ഉൽപ്പാദന മേഖലയിലെ പദ്ധതികൾക്ക് നീക്കിവച്ചിരുന്നെങ്കിൽ കേരള വികസനത്തിൽ 30 ശതമാന മാക്കി കുറച്ചു. രണ്ടാംഘട്ടത്തിന്റെ ഏറ്റവും പ്രധാന നിർദ്ദേശം ചുരുങ്ങിയത് 40 ശതമാനം എങ്കിലും ഉൽപ്പാദനമേഖ ലയിലേക്ക് നീക്കിവക്കണം എന്നതാണ്. ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിടുന്നു എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാ ണിത്. കാർഷിക, വ്യാവസായിക, മേഖ ലകളിലും പരമ്പരാഗത വ്യവസായ മേഖ ലകളിലും ഊന്നുന്നതോടൊപ്പം ദ്രുതഗ തിയിൽ ഉൽപാദന, സമ്പത്ത് വർദ്ധന വിനായി IT, ടൂറിസം മേഖലകളിലും ഊന്നുകയാണ് തന്ത്രം. മുന്നോക്ക -പിന്നോക്ക ബന്ധങ്ങളെ (Backward & Forward linkage) ശാസ്ത്രീയമായി വില യിരുത്തി സാർത്ഥകമാക്കികൊണ്ട് ഉൽപാദന പദ്ധതികൾ ഉണ്ടാക്കണമെന്ന നിർദ്ദേശം യുക്തിഭദ്രമായ നിലപാടിന്റെ ഭാഗമാണ്. ഉൽപാദന വർദ്ധനവ് മാത്ര മാണ് ജീവിതപ്രശ്ന പരിഹാരത്തിന്റെ തുടക്കമായി കണക്കാക്കപ്പെടുക.

ഉൽപാദനം എങ്ങിനെയും വർദ്ധി പ്പിക്കാം. പക്ഷേ, ജനകീയാസുത്രണം ഉൽപാദന വർദ്ധനവിന് വേണ്ടി ശ്രമിക്കു ന്നത് പാരിസ്ഥിതിക സന്തുലനം നില നിർത്തിക്കൊണ്ടു മാത്രമാണ്. പ്രകൃതി യുടെ അമിതമായ ചൂഷണത്തിലൂടെ ഉൽപാദനം വർദ്ധിപ്പിച്ചാൽ അടുത്ത തല മുറയ്ക്ക് ജീവിതനിലവാരം ഉയർത്തു വാൻ ഉതകും വിധം ഉൽപാദനം വർദ്ധി പ്പിക്കുവാൻ കഴിയില്ല. ജനകീയാസൂ ത്രണം നീർത്തടാധിഷ്ഠിത വികസനപ രിപ്രേക്ഷ്യം മുന്നോട്ടു വയ്ക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. നീർത്തട സമ്പ ന്നത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് ഭീകരമായ പ്രശ്നമാണ്. നീർ ത്തടത്തിൽ ഊന്നി നിന്നു കൊണ്ടു മാത്ര മേ സുസ്ഥിരവികസനം സാധ്യമാക്കു വാൻ കഴിയൂ. നീർത്തടമാപ്പിംഗ് മിക്ക പഞ്ചായത്തുകളിലും ഒന്നാം ഘട്ടത്തിൽ തന്നെ നടന്നു കഴിഞ്ഞിട്ടുണ്ട്. ഈ പ്രക്രി യയുടെ തുടർച്ച തന്നെയാണ് രണ്ടാം ഘട്ടവും ലക്ഷ്യമിടുന്നത്.

ഉൽപാദന വർദ്ധനവ് ഉണ്ടായതു കൊണ്ട് മാത്രം വികസനമായി എന്ന് കരുതുവാൻ കഴിയില്ല. ഉൽപാദിപ്പിക്ക പ്പെട്ട സമ്പത്ത് സമൂഹത്തിൽ നീതി പൂർവ്വകമായി വിതരണം ചെയ്യപ്പെടണം. നീതിപൂർവ്വകമായി വിതരണം നടക്കു വാൻ പൊതുസംവിധാനങ്ങൾ ശക്തമാ കണം. പൊതുചികിത്സാ സമ്പ്രദായം, പൊതുവിദ്യാഭ്യാസം, പൊതുവിതരണം തുടങ്ങിയ ആശയങ്ങൾ നിലനിൽ ക്കണം. അതിനാൽ, രണ്ടാംഘട്ടത്തിൽ പൊതുസ്ഥാപനങ്ങളെ നിലനിർത്തുന്ന തിനും വികസിപ്പിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകുന്നതായിരിക്കും. പൊതു സ്ഥാപനങ്ങൾ നിലനിർത്തുവാൻ സമ്പൂർണ്ണമായ ജനപങ്കാളിത്തം തന്നെ യാണ് ഉദ്ദേശിക്കുന്നത്.

*ചുരുക്കത്തിൽ*

*ഉൽപാദന വർദ്ധനവ് +*
*സമ്പത്തിന്റെ നീതിപൂർവ്വകമായ വിതരണം +*
*പാരിസ്ഥിതികമായ സന്തുലനം =*
*സുസ്ഥിര വികസനം*

എന്ന ആശയം സമ്പൂർണ്ണമായി നട പ്പിലാക്കുക എന്നതാണ് പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ പ്രധാനലക്ഷ്യം. ഇതിലൂടെ പ്രാദേശിക വികസനം എന്ന ചിരകാലസ്വപ്നം സാക്ഷാത്കരിക്കപ്പെടും എന്ന് കരുതാം.

പത്ത് പദ്ധതികളിൽ
നിന്നും വ്യത്യസ്തമായി
പതിനൊന്നാം പദ്ധതി പ്രവർത്തനങ്ങളിൽ
ഡി.പി.സിക്ക് അതിനിർണ്ണായകമായ പങ്കാണ്
വഹിക്കാനുള്ളത്.
ജില്ലയുടെ വികസനത്തിന്
ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കേണ്ടതുണ്ട്.
പദ്ധതികളുടെ ഗുണനിലവാരം
ഉയർത്തുന്നതിൽ ഡി.പി.സിയുടെ പങ്ക്
വലുതാണ്.

# പതിനൊന്നാം പദ്ധതിയും



എം.വി. ബാലകൃഷ്ണൻ മാസ്റ്റർ

അധികാരവികേന്ദ്രീകരണവും ജനപങ്കാളിത്താധിഷ്ഠിത ആസൂത്രണവും ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ മഹത്തായ ലക്ഷ്യങ്ങളായിരുന്നു. ഇന്ന് നമ്മുടെ സംസ്ഥാനത്തിന് ആ ഉന്നതമായ ലക്ഷ്യ സാക്ഷാത്കാരത്തിന്റെ - വികേന്ദ്രീകൃത ജനാധിപത്യ സംവിധാനത്തിന്റെ - മുന്നണിയിലാണ് സ്ഥാനം. 1996-2001 കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ ജനകീയാസൂത്രണം അത്തരമൊരു അടിത്തറ ഒരുക്കുന്നതിൽ സുപ്രധാന പങ്കാണ് വഹിച്ചത്. പദ്ധതികളുടെ ആസൂത്രണവും ഗുണഭോക്തൃ തിരഞ്ഞെടുപ്പും, പദ്ധതി നിർവ്വഹണവും ജനകീയമായി നടപ്പാക്കിയ ആ ക്യാമ്പൈൻ കാലഘട്ടത്തിൽ നിന്നും, പത്ത് സംവത്സരക്കാലം പിന്നിട്ട ഈ സന്ദർഭത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം സ്ഥാപനവല്ക്കരിക്കുക എന്നതാണ് ഇന്ന് നമ്മുടെ മുമ്പിലുള്ള കടമ. ഫലത്തിൽ വികേന്ദ്രീകൃതാസൂത്രണം സ്ഥായിയും സുസ്ഥിരവുമാക്കണം. പോയ വർഷങ്ങളിൽ നടപ്പിലാക്കിയ വികേന്ദ്രീകൃതാസൂത്രണത്തിന്റെ അന്തഃസത്തയായ വിഭവങ്ങൾ ഉല്പാദന മേഖലയിൽ ഫലവത്തായി വിനിയോഗിക്കുന്നതിൽ പിറകോട്ട് പോയി. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും അവധാനതകൾ കടന്നുകൂടി. പ്രാദേശിക വൈദഗ്ദ്ധ്യം ഉപയോഗിക്കുന്നതിൽ താല്പര്യം കാണിച്ചില്ല. അഴിമതി ദൂരീകരിക്കാൻ സാധിച്ചില്ല. പദ്ധതി രേഖകൾക്കും നിർദ്ദിഷ്ട പ്രോജക്ടുകൾക്കും യാന്ത്രികമായ അംഗീകാരം നൽകൽ പദ്ധതി ലക്ഷ്യത്തെ തന്നെ പലപ്പോഴും തകിടം മറിച്ചു. പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിൽ മേൽപ്പറഞ്ഞ പോരായ്മകളെല്ലാം പരിഹരിക്കാൻ സാധിക്കേണ്ടതുണ്ട്. ജനകീയാസൂത്രണ വേദികളെ-ഗ്രാമസഭ/വാർഡ് സഭ മുതൽ-ശക്തിപ്പെടുത്തണം. പദ്ധതി രൂപീകരണം സുതാര്യവും സമയബന്ധിതവുമാക്കണം. പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നത് കാര്യക്ഷമമാക്കണം. പദ്ധതി നിർവ്വഹണം സുതാര്യവും അഴിമതിരഹിതവും സമയ



# ജില്ലാ ആസൂത്രണ സമിതിയും

ബന്ധിതവുമാക്കണം. മൊത്തത്തിൽ പ്രാദേശികാസൂത്രണം ചലനാത്മകവും ജനകീയവുമാക്കണം. സംസ്ഥാന സർക്കാരിന്റെ പദ്ധതി കാഴ്ചപ്പാട് സാധിതപ്രായമാക്കണം. പദ്ധതി നിർവ്വഹണത്തിലും തദ്വാര പ്രയോജനത്തിലും ഗുണനിലവാരത്തിലും മേന്മ ഉണ്ടാക്കാൻ സാധിക്കണം. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ പദ്ധതി പ്രവർത്തനങ്ങളിലെ പോരായ്മകൾ നാം മനസ്സിലാക്കണം. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ നാം വളരെയേറെ മുന്നോട്ട് പോയി. എന്നാൽ പൊതുജന സേവനങ്ങൾ ഫലപ്രദമായി നൽകുന്നതിൽ നമുക്ക് വലിയ പോരായ്മകൾ സംഭവിച്ചു. ഒട്ടേറെ ആസ്തികൾ സൃഷ്ടിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു. പക്ഷെ അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലും അവ സംരക്ഷിക്കുന്നതിലും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിലും ശുഷ്കാന്തി കാണിക്കാതെ പോയി. സാമ്പത്തിക വികസനത്തിൽ മുന്നോട്ട് പോകാൻ സാധിച്ചില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൈമാറ്റം ചെയ്ത മറ്റു വകുപ്പുകളും ജനകീയമാക്കാനുള്ള പ്രവർത്തനങ്ങൾ വേണ്ടത്ര മെച്ചപ്പെട്ടില്ല. പൊതുഭരണത്തിൽ ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിലേക്കുയരാൻ കഴിഞ്ഞില്ല. ഇതിലൊക്കെ മാതൃകാപരമായ പ്രവർത്തനങ്ങൾ ചിലയിടങ്ങളിലൊക്കെയുണ്ടായി എന്നത് വിസ്മരിച്ചുകൊണ്ടല്ല ഈ നിഗമനങ്ങളിലെത്തുന്നത്. പതിനൊന്നാം പദ്ധതി രൂപീകരണവും അതിൽ ജില്ലാ ആസൂത്രണ സമിതികളുടെ പ്രസക്തിയും പ്രാധാന്യവും നേതൃത്വവും നാം വിശകലനം ചെയ്യേണ്ടതുണ്ട്.

ഭരണഘടനയിലെ 74-ാം ഭേദഗതിയുടെ 243 Z D വകുപ്പിലാണ് ഡി.പി.സിയുടെ ഘടന, ലക്ഷ്യങ്ങൾ, സ്ഥാനം എന്നിവ വിശദീകരിച്ചിട്ടുള്ളത്. ഭരണഘടനാ ഭേദഗതിമൂലം ജില്ലാ ആസൂത്രണ സമിതികളുടെ ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ ക്രോഡീകരിക്കുക, ജില്ലാതല കരട് വികസന പദ്ധതി തയ്യാറാക്കുക എന്നിവയാണ്. സ്ഥലപര ആസൂത്രണം, ഭൗതികവും പ്രകൃതിദത്തവുമായ വിഭവങ്ങളുടെ പങ്കുവെക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും ഏകോപിത വികസനം തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പൊതു താല്പര്യമുള്ള വിഷയങ്ങളും സാമ്പത്തികമോ സാമ്പത്തികേതരമോ ആയ വിഭവങ്ങളുടെ പ്രത്യേകതയും കണക്കിലെടുത്തുകൊണ്ടാണ് ജില്ലക്കാകെ ബാധകമായ ജില്ലാതല കരട് വികസന പദ്ധതി തയ്യാറാക്കേണ്ടത് എന്നും ഭരണഘടന അനുശാസിക്കുന്നു. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം 53-ാം വകുപ്പു പ്രകാരമാണ് കേരളത്തിൽ ജില്ലാ ആസൂത്രണ സമിതികൾ രൂപവൽകൃതമായത്. ആകെ അംഗസംഖ്യ 15ഉം അതിൽ 12 അംഗങ്ങൾ ജില്ലയിലെ ഗ്രാമ/നഗര ജനസംഖ്യയ്ക്ക് ആനുപാതികമായി തെരഞ്ഞെടുക്കേണ്ടതുമാണ്. ഇവരെ തെരഞ്ഞെടുക്കുന്നത് ജില്ലാ പഞ്ചായത്തിലെയും നഗരസഭാ

സ്ഥാപനങ്ങളിലെയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണ്. ജില്ലാ ആസൂത്രണ സമിതി ചെയർമാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ്. മെമ്പർ സെക്രട്ടറി ജില്ലാ കളക്ടറുമാണ്. കൂടാതെ ഒരു സർക്കാർ നോമിനിയും ഉണ്ടാകും. ഒമ്പത്, പത്ത് പദ്ധതികളിൽ നിന്നും വ്യത്യസ്തമായി പതിനൊന്നാം പദ്ധതി പ്രവർത്തനങ്ങളിൽ ഡി.പി.സിക്ക് അതിനിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളത്. ജില്ലയുടെ വികസനത്തിന് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കേണ്ടതുണ്ട്. പദ്ധതികളുടെ ഗുണനിലവാരം ഉയർത്തുന്നതിൽ ഡി.പി.സിയുടെ പങ്ക് വലുതാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ ഡി.പി.സികളെക്കാൾ പ്രവർത്തനക്ഷമമായ സമിതിയാണ് നമ്മുടേത്. എങ്കിലും ഇന്നത്തെ പ്രവർത്തനങ്ങളിലെ ഒട്ടേറെ പോരായ്മകൾ പരിഹരിക്കേണ്ടതുണ്ട്. ഇതുവരെ പ്രവർത്തിച്ചു പോന്നത് ഒരു കമ്മിറ്റിയായിട്ടാണ്. അതൊരു സ്ഥാപനമാക്കി മാറ്റിയെടുക്കുവാൻ കഴിയണം. കഴിഞ്ഞ കാലങ്ങളിൽ ഡി.പി.സി പദ്ധതി ആസൂത്രണത്തിൽ ഇടപെടാറില്ല. പ്രോജക്ടുകൾ മാത്രം കേവലാർത്ഥത്തിൽ അംഗീകരിച്ചു കൊടുക്കുന്ന പ്രവൃത്തിയാണ് ഏറ്റെടുത്തിരുന്നത്. ഇവ മാറ്റിയെടുക്കേണ്ടതുണ്ട്. ജില്ലയിലെ ഭരണഘടനാപരമായ ഏക സ്ഥാപനമെന്ന നിലയിൽ പദ്ധതി രൂപീകരണം, അവലോകനം, അംഗീകാരം, നിർവ്വഹണം, റിവ്യൂ ഈ തലങ്ങളിലെല്ലാം ജില്ലാ ആസൂത്രണ സമിതി ഇടപെടണം. ജില്ലാതലത്തിൽ തന്നെ പദ്ധതിക്ക് ഒരു ദിശാ നിർണ്ണയം നടത്തുവാനും ജനകീയാസൂത്രണം സുസ്ഥാപിതമാക്കുവാനും നേതൃത്വം വഹിക്കണം. അധികാര വികേന്ദ്രീകരണവും, ആസൂത്രണ വികേന്ദ്രീകരണവും ഫലവത്താക്കണം.

ജില്ലാ പദ്ധതി ഒരു മൾട്ടിലെവൽ പ്ലാനിംഗ് ആക്കി മാറ്റണം. പ്രാഥമികതലം മുതൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏകോപിപ്പിക്കാൻ സാധിക്കണം. കീഴ്മേൽ തലവും തിരിച്ചും ഒരു ആസൂത്രണ പ്രക്രിയയ്ക്ക് രൂപംകൊടുക്കണം. ഓരോ മേഖലയിലെ പ്രവർത്തനങ്ങളും മറ്റു മേഖലകളുമായി പരസ്പര പൂരകമാക്കണം. ചുരുക്കത്തിൽ പ്രാദേശികാസൂത്രണം ലക്ഷ്യാധിഷ്ഠിതമാക്കുന്നതിൽ ഡി.പി.സി നിർണ്ണായക പങ്ക് വഹിക്കണം. വിഭവ വിനിയോഗത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്തണം. ജില്ലയുടെ മൊത്തം പൊതുവികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായകമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. വികസന സാദ്ധ്യതകൾ കണ്ടെത്തി മുൻഗണനകൾ നിശ്ചയിച്ച് വിഭവങ്ങൾ വകയിരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കണം. പ്രാദേശിക പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ജനകീയ പങ്കാളിത്തവും സുതാര്യതയും കൂട്ടായ തീരുമാനങ്ങളും ഡി.പി.സി ഉറപ്പാക്കണം. ജില്ലയുടെ വികസന സാദ്ധ്യതകളും വികസന പ്രശ്നങ്ങളും പ്രാദേശികാസൂത്രണത്തിന് സഹായകമാകുന്ന തരത്തിൽ ജില്ലാതല മാർഗ്ഗരേഖ തയ്യാറാക്കാൻ ജില്ലാ ആസൂത്രണ സമിതിക്ക് കഴിയേണ്ടതാണ്.

> ജില്ലാ പദ്ധതി
> ഒരു മൾട്ടിലെവൽ പ്ലാനിംഗ്
> ആക്കി മാറ്റണം.
> പ്രാഥമികതലം മുതൽ
> നടപ്പിലാക്കുന്ന
> വിവിധ പദ്ധതികൾ
> ഏകോപിപ്പിക്കാൻ സാധിക്കണം.
> കീഴ്മേൽ തലവും തിരിച്ചും
> ഒരു ആസൂത്രണ പ്രക്രിയയ്ക്ക്
> രൂപംകൊടുക്കണം.
> ഓരോ മേഖലയിലെ
> പ്രവർത്തനങ്ങളും
> മറ്റു മേഖലകളുമായി
> പരസ്പരപൂരകമാക്കണം.

കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളും മറ്റ് വിവിധ തലങ്ങളിലുള്ള പദ്ധതികളും, പ്രാദേശിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിന് കഴിഞ്ഞേ മതിയാകൂ. ധനകാര്യ സ്ഥാപനങ്ങളുടെ വിവിധ തലങ്ങളിലുള്ള യോഗങ്ങൾ വിളിച്ചുകൂട്ടി നാനാമുഖമായ വായ്പാ പദ്ധതികളും ധനസഹായങ്ങളും പ്രയോജനപ്പെടുത്താൻ ഡി.പി.സിക്ക് കഴിയും. ഈ അർത്ഥത്തിൽ ജില്ലയുടെ സവിശേഷമായ വികസനപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി സമഗ്ര വികസന പരിപാടികൾക്ക് രൂപം കൊടുക്കാൻ ഡി.പി.സിയുടെ ഇടപെടൽ അത്യന്താപേക്ഷിതമാണ്. ഇതിന് സഹായിക്കാൻ ഡി.പി.സി യുടെ സെക്രട്ടറിയേറ്റ് ഫലപ്രദമാക്കണം. ജില്ലാതല വകുപ്പ് മേധാവികൾ ഡി.പി.സിയുടെ ജോയിന്റ് സെക്രട്ടറിമാരാണ്. അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം, സജീവമാക്കണം. അതോടൊപ്പം വിവിധ വകുപ്പുകളിലൂടെയും അല്ലാതെയും നടത്തപ്പെടുന്ന വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും യഥാവസരം അവലോകനം ചെയ്യാനും ഇടപെടണം. സാങ്കേതിക ഉപദേശക സമിതികൾ ജില്ലാ ആസൂത്രണ സമിതികളുടെ സാങ്കേതിക സഹായ കമ്മിറ്റികളാക്കാനുതകത്തക്ക നിലയിൽ നിലവിലുള്ള പ്രവർത്തനത്തിന് മാറ്റം വരുത്തി പുനഃസംഘടിപ്പിക്കണം. പദ്ധതി അവലോകന റിപ്പോർട്ടുകൾ ഡി.പി.സിക്ക് സമർപ്പിക്കാനും ഏർപ്പാടാക്കണം. ജില്ലാ ആസൂത്രണ സമിതിയുടെ കേന്ദ്ര ഓഫീസ് സംവിധാനങ്ങളായ ജില്ലാ ആസൂത്രണ ഓഫീസ്, ഗ്രാമ-നഗരാസൂത്രണ വകുപ്പ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന സമിതി എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ജില്ലാ പദ്ധതി രൂപീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയയിൽ ഫലപ്രദമായി സഹായിക്കുന്നതിന് സഹായകമായ വിവരാടിത്തറ ലഭ്യമാക്കുന്നതിനും ഡി.പി.സി ഓഫീസിന് സാധിച്ചേ മതിയാവൂ. പദ്ധതി രൂപീകരണം മുതൽ പദ്ധതി നിർവ്വഹണ റിവ്യൂ ഘട്ടംവരെ വിവിധ തലങ്ങളിൽ ഡി.പി.സി സെക്രട്ടറിയേറ്റിന് ഫലപ്രദമായ പങ്കാളിത്തം വഹിക്കാൻ കഴിയണം. യഥാസമയം ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം ഫലപ്രദമാക്കണം. സാങ്കേതിക ഉപദേശക സമിതികൾക്ക് പദ്ധതി

രേഖയും പ്രോജക്ടുകളും യഥാവിധി വിലയിരുത്തുന്നതിനും ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിനും അവലോകനം നടത്തുന്നതിനും സാധിക്കണം. സാങ്കേതിക ഉപദേശ ഗ്രൂപ്പുകളുടെയും സബ് ഗ്രൂപ്പുകളുടെയും പ്രവ ർത്തനങ്ങൾ ഇടയ്ക്കിടെ ഡി.പി.സി അവലോകനം ചെയ്യണം. ഇത്തരം യോ ഗങ്ങളിൽ ഉദ്യോഗസ്ഥ പങ്കാളിത്തവും അവരുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളും ഉറപ്പാക്കണം. ജില്ലയിലെ ഗവേഷണ സ്ഥാപനങ്ങൾ, പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വിദഗ്ദ്ധരെ കണ്ടെത്തി ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ പ്രവ ർത്തനം കാര്യക്ഷമമാക്കാൻ ഡി.പി.സി പ്രതിജ്ഞാബദ്ധമാണ്. ഈ തരത്തിൽ ഡി.പി.സി ജില്ലാതല ആസൂത്രണ സമിതിയായി അക്ഷരാർത്ഥത്തിൽ ഉയർന്ന് പ്രവർത്തിക്കണം. ഡി.പി.സിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഇന്ന് നിലനിൽക്കുന്ന ചില പോരായ്മകൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. ഒന്നാമത് ഡി.പി.സി എന്നത് ജില്ലയിലെ ഒരു ഭരണഘടനാപരമായ ഉയർന്ന സ്ഥാപനമാണെന്ന് എല്ലാ തലങ്ങളിലുള്ളവരും മനസ്സിലാക്കി പ്രവർത്തിക്കണം. എം.എൽ.എ, എം.പി. എന്നിവരുടെ പങ്കാളിത്തം നാമമാത്രമാണ്. അത് പൂർണ്ണതയിലേക്ക് എത്തിക്കണം. മറ്റൊന്ന് ഡി.ഡി.സി ഒഴിവാക്കണം. ഡി.ഡി.സി രൂപീകരണ വേളയിൽ തന്നെ പറഞ്ഞത് ഇതൊരു ഇടക്കാല സംവിധാനമാണ് എന്നാണ്. ഭരണഘടനാപരമായ ഒരു സമിതിയെന്ന നിലയിൽ ഡി.പി.സി വന്നാൽ സ്വാഭാവികമായും ഡി.ഡി.സി ഒഴിവാക്കപ്പെടേണ്ടതുണ്ട്. ഇന്നത്തെ നിലയിൽ ഡി.ഡി.സിയിലൂടെ നടത്തുന്ന പ്രവർത്തനം ഫലപ്രദമായി നിയമപരമായി നടത്താൻ ഡി.പി.സിയിലൂടെ മാത്രമേ സാധിക്കുകയുള്ളു. എം.എൽ.എ, എം.പി എന്നിവരുടെ ഫണ്ടുകൾ ഡി.പി.സിയുമായി യോജിച്ച് ജില്ലയുടെ മൊത്തം വികസന പദ്ധതികളുടെ മുൻഗണനയനുസരിച്ച് ചെലവഴിക്കാൻ സാധിക്കേണ്ടതായിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ മെമ്പർ സെക്രട്ടറിയുടെ നേതൃത്വം ഫലപ്രദമാക്കണം. പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവുകൾ, വിജ്ഞാപനങ്ങൾ, സർക്കുലറുകൾ എന്നിവ യഥാസമയം ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്ക് ലഭിക്കണം. ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ ക്ക് ചുമതലാ വിഭജനം നൽകണം. ജില്ലാതല വികസന പദ്ധതികൾ സംസ്ഥാന പദ്ധതിയുമായി ചേർക്കണം.


ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസൂത്രണപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായി മാറാൻ ജില്ലാ ആസൂത്രണ സമിതികൾക്ക് കഴിയണം. സാമ്പത്തിക വികസനം കാർഷിക-കാർഷികേതര മേഖലകളിൽ പ്രത്യേകിച്ച്-സേവന മേഖല, സാമൂഹ്യ നീതി-ഇവയിലൂന്നി നിന്നുകൊണ്ടുള്ള പ്രവർത്തനം പതിനൊന്നാം പദ്ധതിയിൽ ലക്ഷ്യമാക്കണം.


ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ അധികാരവും സമ്പത്തും നൽകണം. ഭരണഘടനാപരമായ സ്ഥാപനമെന്ന നിലയിൽ ആസ്തിയനുസരിച്ച് ചട്ടങ്ങളും നിയമങ്ങളും ഉണ്ടാക്കേണ്ടതുണ്ട്. ചുരുക്കത്തിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസൂത്രണപ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദുവായി മാറാൻ ജില്ലാ ആസൂത്രണ സമിതികൾക്ക് കഴിയണം. സാമ്പത്തിക വികസനം-കാർഷിക-കാർഷികേതര മേഖലകളിൽ പ്രത്യേകിച്ച്-സേവന മേഖല, സാമൂഹ്യ നീതി-ഇവയിലൂന്നി നിന്നുകൊണ്ടുള്ള പ്രവർത്തനം പതിനൊന്നാം പദ്ധതിയിൽ ലക്ഷ്യമാക്കണം. ഈ ആവശ്യത്തിലേക്കായി പ്രാദേശിക സാമ്പത്തിക വികസനം നീർത്തട പരിപാലന പദ്ധതി, വിദ്യാഭ്യാസ പദ്ധതി, ആരോഗ്യ പദ്ധതി, സംയോജിത ശിശുവികസന പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, സമ്പൂർണ്ണ ശുചിത്വ പദ്ധതി, കുടിവെള്ളം, പ്രത്യേക ഘടക പദ്ധതിയും പട്ടികവർഗ്ഗ ഉപ പദ്ധതിയും, ഊർജ്ജ പദ്ധതി, കണക്റ്റിവിറ്റി പ്ലാൻ തുടങ്ങിയ ഘടകങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ എന്നത് ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനാ വിഷയങ്ങളാണ്. മാത്രമല്ല നിർബന്ധമായും നിശ്ചിത തുക നീക്കി വയ്ക്കേണ്ട മേഖലകൾക്ക് യഥോചിതം തുക വകയിരുത്തിയിട്ടുണ്ടോ എന്നതും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. സർവ്വോപരി സദ്ഭരണം പ്രദാനം ചെയ്യത്തക്ക നിലയിൽ ഉണ്ടാക്കിയ പ്രൊജക്ടും നിർബന്ധമാണ്. ഇന്നത്തെ വികസനവും ഭരണപരവുമായ അവസ്ഥ സമഗ്രമായി പരിശോധിച്ച് നാളെ എന്തായിരിക്കണം എന്നടിസ്ഥാനത്തിൽ ജില്ലയുടെ മാനവ വികസന റിപ്പോർട്ട് കൂടി പ്രതിഫലിപ്പിക്കത്തക്ക നിലയിൽ ഒരു ജില്ലാ വികസന റിപ്പോർട്ടും ദർശന രേഖയും ജില്ലാ പ്ലാനിംഗ് കമ്മീഷന് ഉണ്ടാക്കാൻ സാധിക്കണം.

കേരളത്തിലെ ജില്ലാ ആസൂത്രണ സമിതിയെ വ്യവസ്ഥാപിതമാക്കാൻ നമുക്ക് സാധിക്കണം. ഒരു പുതിയ വികസന സന്ദേശം ജനങ്ങളിലെത്തിക്കണം. ആസൂത്രണ പ്രക്രിയയിൽ ഒരു പുതിയ കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കണം. പ്രാദേശിക സർക്കാരുകളുടെ സാമീപ്യം ജനങ്ങൾക്ക് അനുഭവ വേദ്യമാക്കണം. പുതിയ തലത്തിൽ ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം പുതിയ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയമായ കാഴ്ചപ്പാടോടു കൂടി കേരളത്തിൽ സംഘടിപ്പിക്കാൻ അധികാര വികേന്ദ്രീകരണത്തിലൂടെയും ജനാധിപത്യ വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും കഴിയുമാറാകട്ടെ.


*ലേഖകൻ*
*കാസർകോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ്*

# പതിനൊന്നാം പദ്ധതി

## ഭരണകാര്യങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ ഇടം നൽകണം



എസ്.എം. വിജയാനന്ദ് ഐ എ എസ്

കേരളം അധികാരവികേന്ദ്രീകരണ നടപടികൾക്ക് പ്രാരംഭം കുറിച്ചിട്ട് ഏകദേശം 12 വർഷങ്ങൾ പിന്നിടുന്നു. പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കുന്നതിൽ നാം കൈവരിച്ച പുരോഗതി, ഭരണഘടനയുടെ 73, 74 ഭേദഗതികൾ പ്രവർത്തിപഥത്തിൽ എത്തിക്കുന്നതിൽ സംസ്ഥാനത്തെ മുൻനിരയിൽ എത്തിച്ചു. അധികാരവികേന്ദ്രീകരണത്തെ മുന്നോട്ട് നയിക്കുന്നതിന് 10 വർഷം മുമ്പ് നാം വികേന്ദ്രീകൃത പങ്കാളിത്തആസൂത്രണം തെരഞ്ഞെടുത്തു. താഴെത്തട്ടിൽ നിന്നാരംഭിക്കുന്ന ആസൂത്രണപ്രക്രിയയ്ക്ക് വിജയപ്രദമായ ഒരു രീതിശാസ്ത്രം വികസിപ്പിക്കുന്നതിന് സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണ സമ്പ്രദായം ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം തൃണമൂലതല ആസൂത്രണത്തിനുവേണ്ടി രൂപീകരിച്ച വിദഗ്ധ സംഘം ഇവ വിലയിരുത്തുകയും വികേന്ദ്രീകൃത ആസൂത്രണത്തിന് കേന്ദ്ര ആസൂത്രണ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് കേരളത്തിന്റെ സമ്പ്രദായവുമായി സാമ്യമുള്ളതും ശ്രദ്ധേയമാണ്.

കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ അനുഭവങ്ങൾ വിലയിരുത്തുന്നതിനും പ്രവർത്തിപഥത്തിൽ നേരിടേണ്ടിവന്നതും പതിനൊന്നാം പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ ഉണ്ടാകാനിടയുള്ളതുമായ പ്രശ്നങ്ങളെയും വെല്ലുവിളികളെയും നേരിടേണ്ടതിനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ട സമയമാണിത്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവത്സരപദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ ഈ ലക്ഷ്യം മുൻനിർത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. പതിനൊന്നാം പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി നടപ്പാക്കുന്നതിനാൽ സ്ഥാപനവത്ക്കരണ (Institution-alisation) പ്രശ്നങ്ങൾ നിർണ്ണായകമാകുന്നു. അവയിൽ ചിലത് താഴെ പറയുന്നവയാണ്.

1. ഗ്രാമസഭ/വാർഡ് സഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, വികസന സെമിനാറുകൾ എന്നിവയിലൂടെയുള്ള ആസൂത്രണത്തിന്റെ ഊർജ്ജവും ഓജസ്സും തിരിച്ചറിയുക.
2. ജില്ലാ ആസൂത്രണ സമിതികളെ ആസൂത്രണ പ്രക്രിയയ്ക്കും മോണിറ്ററിംഗിനുമായുള്ള സ്ഥാപനങ്ങളായി ശക്തിപ്പെടുത്തുക



3. വസ്തുതകളും സാഹചര്യങ്ങളും കാര്യമായി വിശകലനം ചെയ്ത് ശാസ്ത്രീയാടിസ്ഥാനത്തിൽ സാമൂഹിക വികസന മുൻഗണനകൾ നിശ്ചയിക്കുന്നതിന് പങ്കാളിത്ത ആസൂത്രണ സംസ്കാരം ഊട്ടിഉറപ്പിക്കുക.
4. വനിതാ ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, സംയോജിത സമ്പൂർണ്ണ ഊർജ്ജ പദ്ധതി, ശിശുക്കൾ, വൃദ്ധർ, വികലാംഗർ എന്നിവർക്കായുള്ള പദ്ധതി, സദ്ഭരണ നിർവ്വഹണ പദ്ധതി എന്നീ വികസന പദ്ധതികളിൽ അന്തർലീനമായ ശക്തിയെ തിരിച്ചറിയുക.
5. വികസന സമീപനവും മുൻഗണനയും നിശ്ചയിക്കുന്നതിനുള്ള ചർച്ചകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുക.
6. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള അംഗൻവാടികൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസേവന സ്ഥാപനങ്ങളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുക.
7. തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ഉദ്യോഗസ്ഥർ, അവയുടെ ജീവനക്കാരാണെന്ന ബോധം ഉൾക്കൊണ്ട് ചുമതലകൾ നിർവ്വഹിക്കുന്നു എന്ന് ഉറപ്പാക്കുക.
8. ഓഫീസ് മാനേജ്മെന്റ്, സാധനസാമഗ്രികളുടെ വാങ്ങൽ, പൊതുമരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം എന്നിവയ്ക്ക് ആധുനിക സംവിധാനം ഏർപ്പെടുത്തുക.
9. തദ്ദേശഭരണസ്ഥാപനങ്ങൾ മെച്ചപ്പെട്ട ധന മാനേജ്മെന്റ് സംവിധാനം പ്രത്യേകിച്ച് ബജറ്റിംഗ്, അക്കൗണ്ടിംഗ്, ഓഡിറ്റിംഗ് എന്നിവയ്ക്കായി കാര്യക്ഷമമായ സംവിധാനം ആവിഷ്ക്കരിക്കുക.
10. ഇലക്ട്രോണിക് മാധ്യമങ്ങളുടെകൂടി സഹായത്തോടെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുക.

| |
|---|
| കഴിഞ്ഞ ഒരു |
| ദശാബ്ദക്കാലത്തെ |
| അനുഭവങ്ങൾ |
| വിലയിരുത്തുന്നതിനും |
| പ്രവർത്തിപഥത്തിൽ |
| നേരിടേണ്ടിവന്നതും |
| പതിനൊന്നാം പദ്ധതിയുടെ |
| ആസൂത്രണപ്രക്രിയയിൽ |
| ഉണ്ടാകാനിടയുള്ളതുമായ |
| പ്രശ്നങ്ങളെയും |
| വെല്ലുവിളികളെയും |
| നേരിടേണ്ടതിനുള്ള |
| തയ്യാറെടുപ്പുകൾ |
| നടത്തേണ്ട സമയമാണിത്. |

പതിനൊന്നാം പദ്ധതിയുടെ വ്യക്തമായ വികസന ലക്ഷ്യങ്ങൾ താഴെ പറയുംപ്രകാരം സംഗ്രഹിക്കാം.

1. കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കുക.
2. സാധാരണക്കാരെ ലക്ഷ്യമിട്ട് പൊതുസേവന സംവിധാനം മെച്ചപ്പെടുത്തുക.
3. പാർശ്വവൽക്കരിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും ചെയ്ത വിഭാഗങ്ങളെ ഉൾപ്പെടുത്തി സാമൂഹിക നീതി ഉറപ്പുവരുത്തുക.

പ്രാദേശിക സർക്കാരുകൾ കാര്യക്ഷമമായ വികസനസ്ഥാപനങ്ങൾ എന്നതിലുപരി സദ്ഭരണ നിർവ്വഹണ സ്ഥാപനങ്ങൾ കൂടിയായി വർത്തിക്കുന്നുവെന്നും ഭരണകാര്യങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ ഇടപെടലിന് അവസരം നൽകുന്നുവെന്നും ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

*ലേഖകൻ*
*തദ്ദേശസ്വയംഭരണ വകുപ്പ്*
*പ്രിൻസിപ്പൽ സെക്രട്ടറിയാണ്.*

# THE KERALA MUNICIPALITY BUILDING RULES, 1999

ALONGWITH

**KERALA MUNICIPALITY BUILDING RULES 1999**
**EXTENDED TO ALL VILLAGE PANCHAYATS - GOVT. ORDER**

*(S.R.O. No. 495/2007 PUB, G.O. (M/S.) No. 150/2007/LSGD DT. 6-6-2007)*

**CIRCULAR REGARDING APPLYING**
**KERALA MUNICIPALITY BUILDING RULES, 1999**
**TO ALL VILLAGE PANCHAYATS**

*(CIRCULAR No. 24136/R.A. 1/07/LSGD)*

**EDITED BY N. SUGATHAN, Advocate, Ernakulam**

*With the following forms*

● PROFORMA FOR BUILDING APPLICATION REGISTER (Proposed) ● കെട്ടിട നിർമ്മാണ അപേക്ഷ കൈപറ്റ് രസീത് ● APPLICATION FOR PERMIT/REGULARISATION ● കെട്ടിട നിർമ്മാണ അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് ● കെട്ടിട നിർമ്മാണ അപേക്ഷ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള അറിയിപ്പ് ● ബിൽഡിംഗ് പെർമിറ്റ് നൽകിയിരിക്കുന്ന/നിരസിച്ചിരിക്കുന്ന അപേക്ഷയുടെ വിശദ വിവരങ്ങൾ ● Details of Unauthorised Constructions ● PROFORMA FOR REGISTERING BUILDINGS UNDER CONSTRUCTION/LAND DEVELOPMENT ETC.ON THE DATE OF IMPLEMENTING BUILDING RULES

---

● *THE KERALA BUILDING (REGULARISATION* OF *UNAUTHORISED CONSTRUCTION AND LAND DEVELOPMENT) RULES,* 1999 ● *THE TOWN PLANNING ACT* ● *LAND UTILISATION ORDER,* 1967 ● *EXTRACT FROM THE KERALA MUNICIPALITY ACT* ● *EXTRACT FROM THE KERALA PANCHAYAT RAJ ACT* ● *IMPORTANT CIRCULARS* & ORDERS ON CRZ ● കെട്ടിടങ്ങളിൽ മേൽക്കൂര മഴവെള്ള സംഭരണ സംവിധാനത്തിന്റെ വിശദീകരണ കുറിപ്പും മാർഗ്ഗനിർദ്ദേശങ്ങളും *(CIRCULAR NO. 6792/D1/04/LSGD, TVM.,* DT. *17-03-2004)* ● *GENERAL TOWN PLANNING SCHEME FOR - TRIVANDRUM / CENTRAL CITY* OF *KOCHI / CALICUT URBAN AREA* ● *THE ENVIRONMENT (PROTECTION) ACT (NOTIFICATION S.O. 1533 dated 14-9-2006)*

---

***13th Edition July 2007** | ***400 Pages*** | ***Price Rs. 232/-***

TO GET THE BOOKS, PLEASE SEND ONLY THE BOOK PRICE BY M.O. OR DD IN FAVOUR OF 'SWAMY LAW HOUSE, ERNAKULAM.' BOOK WILL BE DESPATCHED BY COURIER.

*Please mention your address with Tele. No. for courier purpose*
*Also we will send the books by VPP. (Postage Charge Extra)*

---

**SWAMY LAW HOUSE**

LAW BOOKS SELLERS & PUBLISHERS

AGENTS :CENTRAL GOVT. & STATE GOVT. PUBLICATIONS Etc.

Doraiswamy Iyer Road, (Opp. Raymonds, M.G. Road) Ernakulam - 682 035

E.mail: swamylawhouse@asianetindia.com Ph: 0484 -2361341,2366285, Fax: 0484 -2366285

# സ്നേഹപൂർവ്വം ഇ.എം.എസ്സിന്

ബഹുമാനപ്പെട്ട ശ്രീ ഇ.എം.എസ്സ്. നമ്പൂതിരിപ്പാടിന്,

അങ്ങ് സസ്നേഹം 5-8-96ൽ അയച്ച കത്തും തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി ശ്രീ. പാലൊളി മുഹമ്മദ്കുട്ടിയുടെ കത്തും ശ്രീ.ഐ.എസ്സ്. ഗുലാത്തിയുടെ അറിയിപ്പും കിട്ടി. സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി അയച്ച ഒമ്പതാം പദ്ധതി-ജനകീയ പദ്ധതിയും യഥാസമയം കിട്ടി.

വളരെക്കാലമായി കാത്തിരുന്ന ഒരു പരിവർത്തനമാണ് ജനങ്ങൾ ഉത്തരവാദിത്തത്തോടെ അധികാരം ഏറ്റെടുക്കണമെന്നുള്ളത്. അതിപ്പോൾ സംഭവിച്ചേക്കുമെന്നറിയുന്നതിൽ വളരെ ആഹ്ലാദം തോന്നുന്നു. ഡിപ്പാർട്ട്മെന്റലിസം തീരണമെങ്കിൽ രാജ്യവാസികളുടേയും വകുപ്പുകളുടേയും ഇടയിൽ പടുത്തുയർത്തിയിട്ടുള്ള ബ്യൂറോക്രസിയുടെ ജീർണ്ണിച്ച കോട്ടകൾ തകരണം. ഇപ്പോഴും ജന നന്മയ്ക്കായി സർക്കാർ ഓഫീസുകളിൽ ചെല്ലുന്നവർ, ഓഛാനിച്ചു നിന്നു അധികാരികളോടു യാചന ചെയ്യുന്ന രീതി തീരെ മാറണം. താൻ കൂടിയാണ് 'സർക്കാർ' എന്ന് ഓരോ പൗരനും വിശ്വാസം വരണം. വരണം എന്നു പറയുന്നതുകൊണ്ടുമാത്രം വരികയില്ല. ജനകീയതയുടെ മാതൃക എല്ലാ സർക്കാർ രംഗത്തും ഉണ്ടാക്കിക്കാണിക്കണം. 'ജനപങ്കാളിത്തം' ചോദിച്ചു വാങ്ങൽ മാത്രം ആകരുത്. എന്റെ രാജ്യം, ഞാനും കൂടിയായ ജനകീയത എന്ന ബോധത്തോടെ മുക്കാൽ പങ്കു ജോലിയും ജനങ്ങൾ ചെയ്തുകൊടുക്കാൻ മാതൃകയുണ്ടാക്കണം. അതു ഭരണ കക്ഷി തന്നെ മുൻകൈ എടുത്തു കാട്ടണം.

വ്യവസായമേഖല മുരടിക്കുന്നതു ബ്യൂറോക്രസി കൊണ്ടാണ്. വ്യവസായത്തിന്റെ ആയോജനം ഉപഭോക്താക്കളുടേയും ഉൽപാദകരുടേയും സഹകരണത്തോടെ ആവിഷ്ക്കരിക്കണം. ലാഭ നഷ്ടമായിരിക്കരുത്, വ്യവസായത്തിന്റെ ലക്ഷ്യം. ആകെ ജനങ്ങളുടെ ആവശ്യം നിറവേറ്റാൻ ഉൽപാദനത്തേയും ഉപഭോഗത്തേയും 4:3 എന്ന കണക്കിന് എല്ലാ ഉൽപാദനരംഗത്തും ക്രമീകരിക്കണം. ഉൽപാദകരുടേയും ഉപഭോക്താക്കളുടേയും ഇടയിൽ പരസ്പരധാരണ വളർത്തണം. വേണ്ടതിലധികം ഉൽപ്പാദിപ്പിക്കുന്നതു അമിതവ്യയത്തിനു കാരണമായി ഭവിക്കുന്നു. ഉപഭോക്താക്കളിൽ നല്ല അഭിരുചി വളർത്താനും അനാരോഗ്യകരമായ ഭ്രമം വളർത്താതിരിക്കാനും ഉൽപാദകർ കരുതൽ കാണിക്കണം.

വൈദ്യുതിക്ഷാമം കേരളത്തിൽ ഉണ്ടാവേണ്ട കാര്യമില്ല. ധാരാളം വെയിൽ വെറുതെ പെയ്തു പോകുന്ന കേരളത്തിൽ ഓരോ വീട്ടിലും സൗരോർജ്ജത്തെ ഉപയോഗിക്കുന്ന മാതൃകയെ വീടിന്റെ ഭാഗമാക്കിയാൽ വെളിച്ചം, ചൂടുവെള്ളം, റേഡിയോ, ടെലിവിഷൻ പ്രവർത്തനങ്ങൾ ഇതിനെല്ലാം സോളാർ എനർജി ഉപയോഗിക്കാം. ഇതു പ്രചരിപ്പിക്കാൻ എഞ്ചിനീയറിങ്ങ് കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും ശ്രമിച്ചാൽ മതി.

കേരളത്തിലെ കാർഷിക പ്രശ്നത്തിന് ഭൂമിയുടെ ശൈഥില്യം കാരണമാകുന്നു. കൂട്ടുകൃഷിക്ക് വസ്തുവിന്റെ ഉടമസ്ഥത തടസ്സമാകരുത്. കൃഷിക്കാരുടെ തുണ്ടുഭൂമികളെ കൂട്ടുകൃഷിയ്ക്കായി ഒന്നിച്ചെടുത്ത് കൃഷിയിലും ഉൽപന്നങ്ങളുടെ വിതരണത്തിലും സഹകരണം വളർത്താൻ പാർട്ടി പ്രവർത്തകർ തന്നെ ആദ്യം കുറെ മാതൃകകൾ നാട്ടുകാർക്കു കാണിച്ചുകൊടുത്ത് പരസ്പരവിശ്വാസം മെച്ചപ്പെടുത്താവുന്നതാണ്.

ഉൽപാദനകേന്ദ്രങ്ങളുടെ വികേന്ദ്രീകരണം കൊണ്ട് ചെറിയ യൂണിറ്റുകൾ ആയിരങ്ങൾ കൊണ്ടു നിർവഹിക്കാവുന്നതിനെ, കേന്ദ്രീകൃത ആയോജനത്തിൽ കൂടി ലക്ഷങ്ങളും കോടികളുമായി പെരുപ്പിച്ചു കാണുന്ന രീതി ഉപേക്ഷിക്കണം. ഇനിയും ഈ വിഷയത്തിലെനിക്ക് ഏറെ പറയാനുണ്ട്:

ഒറ്റദിന സെമിനാറുകൾ കൊണ്ട് ഒരു പ്രയോജനവും ഉണ്ടാവില്ല. അനേക സ്ഥലങ്ങളിൽ ഒരാഴ്ചയെങ്കിലും ചർച്ച ചെയ്ത് തീരുമാനമെടുക്കുവാൻ നാട്ടുകാർക്ക് അവസരം കൊടുക്കണം.

ഇപ്പോൾ യാത്ര ചെയ്യുവാനുള്ള ആരോഗ്യമില്ല. ആവുന്നത്ര സഹകരിക്കാം.

സ്നേഹപൂർവ്വം

*(1996ൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിക്കുന്ന വേളയിൽ ഗുരു നിത്യചൈതന്യയതി ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി അദ്ധ്യക്ഷനായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന് എഴുതിയ കത്ത്.)*

# പ്രകൃതിയും മനുഷ്യനും

സംസ്ഥാന ഫോട്ടോഗ്രാഫി മത്സരത്തിൽ സമ്മാനാർഹമായ ചിത്രങ്ങൾ
പ്രകൃതിയും മനുഷ്യനും എന്നതായിരുന്നു വിഷയം



ഒന്നാം സമ്മാനം
**സുജി ആതിര**



രണ്ടാം സമ്മാനം
**വിൽസ്റ്റൺ ചാൾസ്.റ്റി**



മൂന്നാം സമ്മാനം
**കെ.ആർ. സതീശൻ**





ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം നടപ്പാക്കുന്നതിന് തിരുവനന്തപുരം നഗരസഭാ ഹാളിൽ നടന്ന സ്വാഗതസംഘ രൂപീകരണ യോഗത്തിൽ തദ്ദേശസ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ് കുട്ടി സംസാരിക്കുന്നു. നിയമ സ്പോർട്സ് മന്ത്രി എം.വിജയകുമാർ, മേയർ സി. ജയൻബാബു, വർക്കല രാധാകൃഷ്ണൻ എം.പി, എം.എൽ.എമാരായ വി.ജെ.തങ്കപ്പൻ, വി.ശിവൻകുട്ടി എന്നിവർ സമീപം.

പഞ്ചായത്ത്‌രാജ് മാസികയുടെ സമ്പൂർണ്ണ ഊർജ്ജസുരക്ഷാമിഷൻ പതിപ്പിന്റെ പ്രകാശനം, തദ്ദേശഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി വൈദ്യുതി വകുപ്പ് മന്ത്രി എ.കെ.ബാലന് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു. ജനനമരണ ഡപ്യൂട്ടി ചിഫ് രജിസ്ട്രാർ സി. രാധാകൃഷ്ണൻ സമീപം.



# വികേന്ദ്രീകൃതാസൂത്രണവും കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും



എ. അജിത്കുമാർ ഐ എ എസ്സ്

ഭരണഘടനയുടെ 73,74 ഭേദഗതികൾ അനുശാസിച്ച പ്രകാരം ഒരു വർഷത്തിനകം തന്നെ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളും സംസ്ഥാന പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾ പാസ്സാക്കിയിരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി വ്യക്തമായ പ്രവർത്തന രൂപരേഖയോടെയും വിഭവത്തോടെയുമാണ് കേരളം ഭരണഘടനയിലെ 11-ാം ഷെഡ്യൂളിലെ വിഷയങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറിയത്. കേരള പഞ്ചായത്ത്രാജ് നിയമത്തിലെ ഒന്ന്, രണ്ട്, മൂന്ന് പട്ടികകളിലേയും, കേരള മുനിസിപ്പാലിറ്റി ആക്ടിലെ ഒന്നാം പട്ടികയിലെയും ചുമതലകളും, സ്ഥാപനങ്ങളും പദ്ധതികളുമാണ് യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കും കോർപ്പറേഷനുകൾക്കും 1995-ൽ കൈമാറ്റം ചെയ്തത്. അതോടുകൂടി ജനതയുടെ സാമൂഹ്യ സാമ്പത്തിക വികസന മേഖലകളുമായി ബന്ധപ്പെട്ട് നില്ക്കുന്ന വൈവിദ്ധ്യമാർന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും അവ നിർവ്വഹിക്കുന്നതിന് ആവശ്യമായ സ്ഥാപനങ്ങളും ഉദ്യോഗസ്ഥൻമാരും ഓരോ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചു. കൂടാതെ കൈമാറിയ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1999-ൽ അധികാര വികേന്ദ്രീകരണ കമ്മിറ്റി (സെൻ കമ്മിറ്റി) യുടെ ശുപാർശ പ്രകാരം കൂടുതൽ ഉദ്യോഗസ്ഥൻമാരെ (സാങ്കേതികവും, മിനിസ്റ്റീരിയലും) വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ചിരുന്നു. 1996-ൽ ഡോ. സത്യബ്രതോ സെന്നിന്റെ നേതൃത്വത്തിലുള്ള അധികാര വികേന്ദ്രീകരണ കമ്മിറ്റി 'പ്രിൻസിപ്പൽ ഓഫ് സബ്സിഡിയാരിറ്റി' യിൽ അധിഷ്ഠിതമായ ശുപാർശകളായിരുന്നു തദ്ദേശഭരണരംഗത്തെ ശക്തിപ്പെടുത്തുന്നതിന് സമർപ്പിച്ചിരുന്നത്. എന്നാൽ വീകേന്ദ്രീകൃതാസൂത്രണം ഒരു ദശാബ്ദം പിന്നിട്ടു കഴിഞ്ഞിട്ടും അധികാരവികേന്ദ്രീകരണത്തിന്റെ അന്ത:സത്തയ്ക്കനുസൃതമായി, കൈമാറി നൽകിയ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും പ്രയോഗികതലത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി വേണ്ടത്ര ഏകോപനം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

സ്ഥാപനങ്ങൾ കൈമാറിയപ്പോൾ തന്നെ വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പൂർണ്ണ സഹകരണം നൽകാത്ത സമീപനം ചില വകുപ്പുകളിൽ നിന്നുണ്ടായത് കൈമാറിയ സ്ഥാപനങ്ങളും തദ്ദേശസ്ഥാപനവും തമ്മിലുള്ള ഇഴുകിച്ചേരലിന് തുടക്കത്തിലെ മങ്ങലേൽപ്പിച്ചിരുന്നു. കൈമാറിയ സ്ഥാപനങ്ങളിലെ മേധാവി എക്സ് ഒഫീഷ്യോ സെക്രട്ടറി കൂടിയാണ്. സ്വന്തം മേഖലയിൽ പഞ്ചായത്തു സെക്രട്ടറിയുടേതിനു സമാന

**വികേന്ദ്രീകൃതാസൂത്രണം
ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൈമാറ്റം ചെയ്ത ഓരോ വകുപ്പും
നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പും പുരോഗതിയും
അവലോകനം ചെയ്യാൻ
തൃണമൂലതലം മുതൽ സംസ്ഥാനതലംവരെ
സംവിധാനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടെങ്കിലും
അവയുടെ പ്രവർത്തനം
ഇനിയും കാര്യക്ഷമമാക്കേണ്ടതുണ്ട്.**

മായ അധികാരങ്ങൾ പ്രയോഗിക്കുകയും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടത് എക്സ് ഒഫീഷ്യോ സെക്രട്ടറിയുടെ ചുമതലയാണ്. പഞ്ചായത്തിലേയ്ക്ക് നിയോഗിക്കപ്പെട്ട കൈമാറിയതുൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ഭരണപരമായ നിയന്ത്രണം അതത് തദ്ദേശഭരണസ്ഥാപനങ്ങൾക്കാണെങ്കിലും സാങ്കേതികമായ മേൽനോട്ടം ബന്ധപ്പെട്ട മാതൃവകുപ്പുകൾക്കാണ്. മാത്രമല്ല, തദ്ദേശഭരണ സ്ഥാപനത്തിന്റേയും മാതൃവകുപ്പിന്റേയും ഉത്തരവാദിത്വങ്ങൾ പരസ്പരപൂരകമായി നിർവ്വഹിക്കുവാൻ ഉദ്യോഗസ്ഥർക്ക് ബാദ്ധ്യതയുമുണ്ട്. മാതൃവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ അവരുടെ സാങ്കേതിക ഉപദേശവും പ്രൊഫഷണൽ സേവനവും ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആ വകുപ്പിലെ മറ്റുദ്യോഗസ്ഥർക്കും ലഭ്യമാക്കുന്നതിന് ബാദ്ധ്യസ്ഥരുമാണ്. എന്നാൽ വിഷയങ്ങളും കീഴ്ത്തട്ട് സ്ഥാപനങ്ങളും പ്രാദേശിക സ്ഥാപനങ്ങൾക്ക് കൈമാറിയപ്പോൾ അത്തരം വിഷയങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറി എന്ന കാരണം പറഞ്ഞ് ബന്ധപ്പെട്ട കടലാസുകൾ പോലും കൈപ്പറ്റാൻ പല വകുപ്പുകളും വിസമ്മതിച്ചിരുന്നു എന്നറിയുമ്പോൾ കാര്യങ്ങളുടെ ഗൗരവം ഊഹിക്കുവാൻ കഴിയും.

പദ്ധതി വിഹിതത്തിന്റെ 30–40% തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചതിലൂടെ സംസ്ഥാനത്തിന്റെ വികസന നിർവ്വഹണത്തിന്റെ നല്ലൊരു പങ്കും തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമായി. പ്രാദേശിക തലത്തിൽ വികസന ക്ഷേമ പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ വൈഷമ്യങ്ങൾ ഉണ്ടാകുന്നത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസന പ്രക്രിയയെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കൈമാറി നൽകിയ സ്ഥാപനങ്ങളുടേയും സർക്കാർ ഉദ്യോഗസ്ഥരുടേയും, ജീവനക്കാരുടേയും മേൽ തദ്ദേശ സ്ഥാപനങ്ങൾക്ക് പൂർണ്ണമായ നിയന്ത്രണവും, മേൽനോട്ടവും നിയമപരമായി തന്നെ ഉറപ്പാക്കിയിരുന്നു. പഞ്ചായത്തിന്റെ ഏതെങ്കിലും ഓഫീസിലോ സ്ഥാപനത്തിലോ നിന്ന് പഞ്ചായത്തിന്റെ കീഴിലുള്ള മറ്റേതെങ്കിലും ഓഫീസിലോ സ്ഥാപനത്തിലോ സ്ഥലംമാറ്റി നിയമിക്കുന്നതിനു പോലും പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ട്. അതുപോലെ ഒരു പഞ്ചായത്ത് പ്രദേശത്തെ ഉദ്യോഗസ്ഥൻ ആ പ്രദേശത്തു നടത്തുന്ന മറ്റുതലത്തിലെ പഞ്ചായത്തിന്റെ ഏതു പ്രവർത്തനവും ഏൽപ്പിക്കപ്പെടുമ്പോൾ ചെയ്യാൻ ബാദ്ധ്യസ്ഥനുമാണ്. ഗസറ്റഡ് ഉദ്യോഗസ്ഥരും പഞ്ചായത്ത് സെക്രട്ടറിയും ഒഴികെയുള്ള ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുന്നതിനും അച്ചടക്ക നടപടിയുടെ ഭാഗമായി ലഘു ശിക്ഷ ചുമത്തുന്നതിനും അധികാരമുണ്ട്. വിട്ടുകൊടുത്ത ആഫീസ് മേധാവികൾക്ക് ക്യാഷ്വൽ ലീവ് അനുവദിക്കേണ്ടതും പ്രസിഡന്റാണ്. കൈമാറിയ സർക്കാർ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട നിയമനാധികാരിയ്ക്ക് പ്രസിഡന്റിന്/ചെയർപേഴ്സണ് റിപ്പോർട്ടുകൾ അയച്ചു കൊടുക്കാവുന്നതും ഉദ്യോഗക്കയറ്റത്തിന് നിയമനാധികാരി അത് പരിഗണിക്കേണ്ടതുമാണ്. എന്നാൽ വേണ്ടുവോളം നിയമ പരിരക്ഷ ഉണ്ടായിട്ടും സ്ഥാപനങ്ങളുമായി സുദൃഢമായ ബന്ധം സ്ഥാപിച്ച് അവയെ പരസ്പര ബന്ധിതമായി കൂട്ടിയിണക്കുവാൻ ഭരണസമിതികൾക്കും കഴിഞ്ഞിരുന്നില്ല. ചിലയിടങ്ങളിൽ കൈമാറിയ സ്ഥാപനങ്ങളെ നിയന്ത്രണത്തിന് വിധേയമാക്കുവാൻ ശ്രമിച്ചപ്പോൾ നടപടികൾ അതിർവരമ്പുകൾ ലംഘിച്ചതായി റിപ്പോർട്ട് കണ്ടു. കക്കൂസ് നിർമ്മാണം, തെരുവ് നായ്ക്കളെ നശിപ്പിക്കൽ എന്നിവ പോലെ ആതുര ശുശ്രൂഷയുമായി ഒരു ബന്ധവുമില്ലാത്ത ജോലികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായി മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയ അനുഭവവും ഉണ്ടായി.

വികേന്ദ്രീകൃതാസൂത്രണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൈമാറ്റം ചെയ്ത ഓരോ വകുപ്പും നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പും പുരോഗതിയും അവലോകനം ചെയ്യാൻ തൃണമൂലതലം മുതൽ സംസ്ഥാന തലംവരെ സംവിധാനങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ പ്രവർ

ത്തനം ഇനിയും കാര്യക്ഷമമാക്കേണ്ട തുണ്ട്. ഓരോ വകുപ്പിന്റെയും കീഴിൽ ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയും കൈമാറ്റം ചെയ്തിട്ടുള്ള കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവുമായ വിവിധ പദ്ധതികളുടെയും ധനവിനിയോഗം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി നട ത്തിപ്പ് അവലോകനം ചെയ്യുന്നതിനും ഒരു വികേന്ദ്രീകൃതസെൽ രൂപീകരി ക്കണമെന്ന നിർദ്ദേശം പലയിടങ്ങളിലും ഫലപ്രദമായി നടപ്പിലായിട്ടില്ല. ഓരോ മാസവും ഒരു നിശ്ചിത തീയതിയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും തദ്ദേശഭ രണസ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോ ഗസ്ഥരും പങ്കെടുത്തുകൊണ്ടുള്ള ഒരു യോഗം ചേർന്ന് പദ്ധതി പ്രവർത്തന ങ്ങൾ വിലയിരുത്തണമെന്ന നിർദ്ദേ ശവും ആസൂത്രണത്തിന്റെ ആദ്യനാളു കളിലും സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലും മാത്രമായി ചുരുങ്ങുന്ന കാഴ്ചയും കാണാനായി.

പലപ്പോഴും കൈമാറ്റം ചെയ്തു നൽകിയ മേഖലകളിലെ പ്രവർത്തനം അധികാര വികേന്ദ്രീകരണത്തിന്റെ പ്രതിലോമ ശക്തികൾക്ക് ആയുധമായ സന്ദർഭവും സംജാതമായി. കൈമാറ്റം ചെയ്ത വിഷയങ്ങളിൽ ഏറ്റവുമധികം വെല്ലുവിളികൾ നേരിടുന്നത് പൊതു ജനാരോഗ്യ ശുചീകരണ മേഖലകളി ലാണ്. സാമ്പത്തിക വികസനത്തിൽ പിന്നോക്കം നിൽക്കുന്ന കേരളം ആരോഗ്യമേഖലയിൽ കൈവരിച്ച വിസ്മയകരമായ നേട്ടം ലോക സാമ്പ ത്തിക ശാസ്ത്രജ്ഞരുടെ ശ്രദ്ധയാകർ ഷിച്ചിരുന്നു. എന്നാൽ നിർമ്മാർജ്ജനം ചെയ്തുവെന്ന് അവകാശപ്പെട്ടിരുന്ന പല രോഗങ്ങളും വീണ്ടും തലപൊക്കു ന്നതും നാളിതുവരെ അപരിചിതമായിരുന്ന പകർച്ചവ്യാധികൾ ആവർത്തിച്ച് പ്രത്യ ക്ഷപ്പെടുന്നതും, പുതിയ ജീവിതശൈലി രോഗങ്ങളുടെ അതിദ്രുത വ്യാപനവും പുതിയ ചോദ്യങ്ങൾ ഉയർത്തുന്നു. ഈ പശ്ചാത്തലത്തിലാണ് പൊതുജനാ രോഗ്യ സംവിധാനങ്ങളുടെ മേൽനോട്ട വും നടത്തിപ്പും പരിപാലനവും പ്രാദേ ശിക ഭരണനിർവ്വഹണ പ്രക്രിയയിൽ പ്രസക്തമാകുന്നത്. മാതൃ ശിശുക്ഷേമ കേന്ദ്രങ്ങളും, പ്രാഥമികാരോഗ്യ ഉപ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രി കൾ വരെയുള്ള സ്ഥാപനങ്ങളുടെയും നടത്തിപ്പ് ചുമതല ഇന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കാണുള്ളത്. മാത്രമല്ല, ശാസ്ത്രീയമായി മാലിന്യത്തെ കൈകാര്യം ചെയ്യുന്നതിനും, സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുന്ന തിനും, ഭക്ഷണത്തിൽ മായം ചേർക്കു ന്നത് തടയുന്നതിനും, രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും, പരിസ്ഥിതി ആരോഗ്യ രക്ഷകമാക്കി സംരക്ഷിക്കുന്നതിനും, കുടിവെള്ള സ്രോതസ്സുകളും ജലസംഭരണികളും സംരക്ഷിക്കുന്നതിനും ചുമതലയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കേരള ത്തിലെ ആരോഗ്യ രംഗത്തെ മികവുറ്റതാ ക്കുന്നതിനുള്ള പങ്ക് ചെറുതല്ല. പൊതു ജനാരോഗ്യവുമായി ബന്ധപ്പെട്ട് ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ആവിഷ് ക്കരിച്ച് നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ സാദ്ധ്യത കൾ ഉണ്ടായിരുന്നിട്ടും കൈമാറി കിട്ടിയ വിഭവങ്ങളെ ഉപയോഗപ്പെടുത്തി മാതൃ കാപരമായ പ്രവർത്തനം കാഴ്ചവെച്ച സ്ഥാപനങ്ങൾ വിരളമാണ്. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായത് ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ ഗുണപരമായ മാറ്റം പ്രകടമായില്ല എന്നത് വസ്തുതയാണ്.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ യിൽ പദ്ധതി ആസൂത്രണത്തിലും നിർവ്വ ഹണത്തിലും പ്രധാന പങ്കു വഹിക്കുന്ന വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലെ കൺ വീനർമാരിൽ ഭൂരിപക്ഷവും കൈമാറിയ സ്ഥാപനമേധാവികളാണ്. ഊർജ്ജം, ഭരണ നിർവ്വഹണം, പശ്ചാത്തല സൗക ര്യവുമൊഴികെ ഏതാണ്ട് മറ്റെല്ലാ മേഖല കളുടെയും വർക്കിംഗ് ഗ്രൂപ്പ് കൺവീന ർമാർ വിട്ടുകൊടുത്ത സ്ഥാപനമേധാ വികൾ തന്നെയാണ്. അതായത് വിക സന ക്ഷേമപ്രവർത്തനങ്ങൾക്കായി തദ്ദേ ശഭരണസ്ഥാപനം മുഖേന ചെലവഴി ക്കുന്ന തുകയുടെ വളരെ വലിയൊരളവ് കൈമാറി നൽകിയ സ്ഥാപനങ്ങൾ മുഖേനയാണ് എന്നർത്ഥം. പതിനൊ ന്നാം പഞ്ചവത്സര പദ്ധതിയിൽ കാർ ഷിക മേഖലയ്ക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്നതിനാൽ ഇത്തവണ പ്ലാൻ കോർഡിനേറ്റർമാരായി ഗ്രാമപഞ്ചാ യത്തുകളിൽ കൃഷി ആഫീസറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

വിട്ടുകൊടുത്ത സ്ഥാപനങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുമായി ജൈവ പരമായ ബന്ധം വളർത്തിയെടുക്കു വാൻ കഴിഞ്ഞ 10 വർഷങ്ങളായി നമുക്ക് പൂർണ്ണമായും കഴിഞ്ഞിട്ടില്ലായെന്നത് വസ്തുതയാണ്. 73,74 ഭരണഘടനാ ഭേദഗതിയോടെ കേന്ദ്രവും, സംസ്ഥാ നവും എന്നതുപോലെ പഞ്ചായത്തു കളും മുനിസിപ്പാലിറ്റികളും പൂർണ്ണമാ യും ഭരണഘടനാ സ്ഥാപനങ്ങളായി മാറി. ഈ യാഥാർത്ഥ്യം എല്ലാവരും അംഗീകരിക്കണം. വർഷങ്ങളായി കേന്ദ്രീകൃത ഭരണവ്യവസ്ഥക്കനുകൂല മായി രൂപപ്പെടുത്തിയ ബ്യൂറോക്രാറ്റിക്ക് സംവിധാനം കാലഘട്ടത്തിന്റെ മാറ്റം ഉൾക്കൊണ്ട് അടിമുതൽ മുടിവരെ ജന കീയ ഭരണവ്യവസ്ഥയ്ക്കനുസൃതമായി ചലിക്കുന്നതിന് ഇനിയും വൈകിക്കൂട. അധികാരവികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കലാകും അത്.

വർഷങ്ങളായി
കേന്ദ്രീകൃത
ഭരണ വ്യവസ്ഥക്കനുകൂലമായി
രൂപപ്പെടുത്തിയ
ബ്യൂറോക്രാറ്റിക്ക് സംവിധാനം
കാലഘട്ടത്തിന്റെ മാറ്റം
ഉൾക്കൊണ്ട്
അടിമുതൽ മുടിവരെ
ജനകീയ ഭരണ വ്യവസ്ഥയ്ക്ക
നുസൃതമായി ചലിക്കുന്നതിന്
ഇനിയും വൈകിക്കൂട.
അധികാരവികേന്ദ്രീകരണത്തിന്റെ
കടയ്ക്കൽ
കത്തിവയ്ക്കലാകും അത്.

പത്താം പദ്ധതിയോടു കൂടി മുഴുവൻ പഞ്ചായത്തു കളിലും നഗരസഭകളിലും കുടുംബശ്രീ സംവിധാന ത്തിന്റെ ശൃംഖല രൂപപ്പെട്ടു കഴിഞ്ഞു. മുഴുവൻ പഞ്ചാ യത്ത്/നഗരസഭകളിലും വാർഡുകളിലുമായി വ്യാ പിച്ചു കിടക്കുന്ന സ്ത്രീക ളുടെ കരുത്തുറ്റ സംഘട നയാണ് കുടുംബശ്രീ.




# കുടുംബശ്രീയും ജനകീയാസൂത്രണവും



ശാരദാ മുരളീധരൻ ഐ എ എസ്സ്

പതിനൊന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കാനുള്ള പ്രവർത്തനങ്ങളുടെ തിരക്കിലാണ് നമ്മൾ. ജനകീയാസൂത്ര ണവും കുടുംബശ്രീയും തമ്മിൽ വലിയ ബന്ധമുണ്ട്. ഒൻപതാം പദ്ധതി കാലയള വിൽ ജനകീയാസൂത്രണ പ്രവർത്തന ങ്ങൾ ഏറ്റവും മികച്ച രീതിയിൽ നടന്ന 262 പഞ്ചായത്തുകളിലാണ് കുടുംബശ്രീ യുടെ ഒന്നാംഘട്ട പ്രവർത്തനം ആരംഭി ക്കുന്നത്. പത്താം പദ്ധതിയോടുകൂടി മുഴുവൻ പഞ്ചായത്തുകളിലും നഗരസഭ കളിലും കുടുംബശ്രീ സംവിധാന ത്തിന്റെ ശൃംഖല രൂപപ്പെട്ടു കഴിഞ്ഞു. മുഴുവൻ പഞ്ചായത്ത്/നഗരസഭകളിലും വാർഡുകളിലുമായി വ്യാപിച്ചു കിട ക്കുന്ന സ്ത്രീകളുടെ കരുത്തുറ്റ സംഘ ടനയാണ് കുടുംബശ്രീ.

ഉത്പാദന വർദ്ധനവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കലും വഴി വരുമാനം ഉറപ്പാക്കി ദാരിദ്ര്യ നിർമ്മാർ ജ്ജന പ്രവർത്തനങ്ങൾ കൂടുതൽ ശക്തി പ്പെടുത്താനാണ് പതിനൊന്നാം പദ്ധതി യിൽ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം സേവനങ്ങളുടെ ഗുണനിലവാരം ഉയർ ത്തുന്നതും, തദ്ദേശഭരണസ്ഥാപനങ്ങ ളുടെ ഭരണകാര്യക്ഷമതയും സുതാര്യ തയും മെച്ചപ്പെടുത്തുന്നതും മുഖ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു. ആസൂത്രണ ത്തിൽ സാങ്കേതിക വിദഗ്ധരുടെ പങ്കാ ളിത്തവും ബഹുജന പങ്കാളിത്തവും മുഖ്യഘടകങ്ങളായി സർക്കാർ മാർഗ്ഗ രേഖ വിശദമാക്കുന്നു. ആസൂത്രണ ത്തിലും നിർവ്വഹണത്തിലും സാമൂഹ്യ മോണിറ്ററിംഗിനും സാമൂഹ്യ വിലയിരു ത്തലിനും ഉയർന്ന പ്രാധാന്യം നൽ കുന്നു. ഈ പശ്ചാത്തലത്തിൽ നിന്നു കൊണ്ടാണ് കുടുംബശ്രീ സംഘടനാ സംവിധാനത്തെ ജനകീയാ സൂത്രണ ത്തിൽ എങ്ങനെ പ്രയോജനപ്പെടുത്ത ണമെന്ന് പരിശോധിക്കാൻ ശ്രമിക്കു ന്നത്.

പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, ആ ശ്രയ, വനിതാ-ശിശു വികസന പദ്ധതി, ഭരണനിർവ്വഹണ പദ്ധതി എന്നീ മേഖല കളിൽ കുടുംബശ്രീ സംവിധാനത്തിന്റെ

സംഘടനാ ശക്തിയേയും അനുഭവ സമ്പത്തിനേയും പ്രയോജനപ്പെടു ത്താൻ കഴിയും.

പ്രാദേശിക സാമ്പത്തിക വികസ നവുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സൂക്ഷ്മ തൊഴിൽ/ഉത്പാദന സംരംഭങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. കഴിഞ്ഞ രണ്ട് പദ്ധതിക്കാലത്ത് വിവിധ ഏജൻസിക ളുടെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച സംരംഭങ്ങളെക്കുറിച്ച് 2006 ഒക്ടോബറിൽ കുടുംബശ്രീ ഒരു പഠനം നടത്തി. ഈ സംരംഭങ്ങളിൽ ഭൂരിപക്ഷ ത്തിനും ആവശ്യമായ പിന്തുണ ലഭിക്കാ ത്തതുകൊണ്ട് വേണ്ടത്ര വരുമാന വർദ്ധ നവിന് സഹായകരമായ രീതിയിലേ യ്ക്ക് വളരാൻ കഴിഞ്ഞിട്ടില്ല.

ഉത്പ്പന്നങ്ങളുടെ ഗുണനിലവാരമി ല്ലായ്മ, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിപണന സൗകര്യങ്ങളുടെ അഭാവം, സാങ്കേതിക ഘടകങ്ങൾക്കും നടത്തിപ്പിനും ആവശ്യമായ പരിശീലന ങ്ങളുടെ കുറവ്, അടിസ്ഥാന സൗകര്യ ങ്ങളുടെ അപര്യാപ്തത തുടങ്ങി നിര വധി പ്രശ്നങ്ങൾ ഈ സംരംഭങ്ങൾ നേരിടുന്നു. (പട്ടിക1)

**പട്ടിക 1**

| ക്രമ. നം | ഉല്പന്നങ്ങളുടെ പോരായ്മകൾ | % |
|---|---|---|
| 1 | ഗുണനിലവാരം ഇല്ലായ്മ | 7% |
| 2 | പാക്കിംഗ് | 3% |
| 3 | ബ്രാൻഡിംഗ് | 1% |
| 4 | പരസ്യത്തിന്റെ അഭാവം | 9% |
| 5 | ഉയർന്നവില | 48% |
| 6 | മത്സരം | 21% |
| 7 | അറിവില്ലായ്മ | 3% |
| 8 | മേല്പറഞ്ഞവയെല്ലാം | 2% |
| 9 | മറ്റുള്ളവ | 6% |
| | ആകെ | 100% |

*(അവലംബം-കുടുംബശ്രീ പഠനം 2006)*

മൈക്രോ സംരംഭങ്ങളിൽ 72 ശത മാനം ഉല്പന്നങ്ങളും മുഖ്യമായി ആശ്ര യിക്കുന്നത് പ്രാദേശിക വിപണിയെ ആണെന്ന് പട്ടിക 2-ൽ നിന്നു മനസ്സി ലാക്കാം. വിപണിയുടെ മറ്റു സാധ്യത കളെ ആശ്രയിക്കാൻ സാധിക്കാത്തത് ഒരു പ്രധാന പ്രശ്നമായി നില കൊള്ളുന്നു (പട്ടിക-2)

| ക്രമ. നം | വിപണി | % |
|---|---|---|
| 1 | അയൽക്കൂട്ടങ്ങൾ | 20% |
| 2 | പ്രാദേശിക വിപണി | 72% |
| 3 | ജില്ലാതലം | 5% |
| 4 | ദേശീയതലം | 1% |
| 5 | എക്സിബിഷനുകൾ | 1% |
| 6 | മറ്റുള്ളവ | 1% |
| | ആകെ | **100%** |

**പട്ടിക 2**

*(അവലംബം-കുടുംബശ്രീ പഠനം 2006)*

എന്നാൽ സംരംഭങ്ങൾ തുടങ്ങുന്ന തിന് സാമ്പത്തിക സഹായം കൂടുതൽ നൽകുന്നത് തദ്ദേശഭരണസ്ഥാപനങ്ങ ളാണ്. കുടുംബശ്രീ പഠനം നൽകുന്ന മറ്റൊരു പ്രധാന വിവരം, ആകെ സംരം ഭങ്ങളിൽ 33% സൂക്ഷ്മതല സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത് തദ്ദേശ ഭരണസ്ഥാപനങ്ങളാണ് എന്നുള്ള താണ്. സാമ്പത്തിക സഹായത്തി ന്റേയും ഓരോ വികസന മേഖലയിലേ യ്ക്കും പണം നീക്കിവച്ചതിന്റേയും കൂടുതൽ വിവരങ്ങൾ പട്ടിക 3-ൽ നിന്നും ലഭിക്കുന്നതാണ്.

സെന്ററുകൾ തുടങ്ങിയ പിന്തുണാ സംവിധാനങ്ങൾ പദ്ധതിയിൽ പരിഗണി ക്കാവുന്നതാണ്. ഓരോ തദ്ദേശഭരണ സ്ഥാപന പ്രദേശത്തും സാധ്യമായ തൊഴിൽ/സംരംഭങ്ങളുടെ വിവരശേഖ രണം നടത്തുകയും അതിൽ അനുയോ ജ്യമായവ തെരഞ്ഞെടുത്ത് സംരംഭങ്ങ ളായി രൂപപ്പെടുത്താനും സാധിക്കണം. കുടുംബശ്രീ സംവിധാനത്തിലൂടെ ഇത്തരമൊരു സംരംഭസാധ്യതാ രജിസ്റ്റർ തയ്യാറാക്കാനുള്ള പ്രവർത്തനം നല്ലൊരു ശതമാനം പഞ്ചായത്തുകളിലും പൂർത്തി യായിട്ടുണ്ട്. പദ്ധതി ആസൂത്രണ വേള യിൽ ഈ തൊഴിൽ സംരംഭസാധ്യതാ രജിസ്റ്ററിനേയും ഇത് തയ്യാറാക്കുന്ന പ്രവർത്തനത്തിൽ പങ്കെടുത്ത വരേയും പ്രാദേശിക സാമ്പത്തിക വികസനത്തി നുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തന ത്തിന് പ്രയോജനപ്പെടുത്താൻ പഞ്ചായ ത്തിന് കഴിയണം. മാത്രമല്ല, നിലവി ലുള്ള സംരംഭങ്ങളെക്കുറിച്ച് കുടുംബ ശ്രീ സമാഹരിച്ച സ്ഥിതിവിവരക്കണ ക്കുകളുടെ സഹായത്തോടെ പഞ്ചായ ത്തിലെ സംരംഭങ്ങളുടെ പ്രവർത്തന ത്തെക്കുറിച്ചും നേട്ടകോട്ടങ്ങളെക്കുറി ച്ചും അവലോകന റിപ്പോർട്ട് തയ്യാറാക്കേ ണ്ടതാണ്. അതിനു വേണ്ടിയാണ് കുടും ബശ്രീ സമാഹരിച്ച സ്ഥിതി വിവര കണക്കുകളുടെ സി.ഡി ഗ്രാമപഞ്ചായ ത്തുകൾക്ക് നൽകിയത്.

| ക്രമ. നം | ഏജൻസി | കാർഷികം | വ്യാവസായികം | സേവനം | ആകെ |
|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് | 25% | 19% | 18% | 23% |
| 2 | ബ്ളോക്ക് പഞ്ചായത്ത് | 9% | 10% | 9% | 9% |
| 3 | ജില്ലാ പഞ്ചായത്ത് | 1% | 1% | 2% | 1% |
| 4 | കുടുംബശ്രീ | 23% | 29% | 35% | 26% |
| 5 | ഗ്രാമവികസന വകുപ്പ് | 25% | 23% | 21% | 24% |
| 6 | മറ്റു സർക്കാർ വകുപ്പുകൾ | 12% | 13% | 11% | 12% |
| 7 | സന്നദ്ധസംഘടനകൾ | 2% | 2% | 1% | 2% |
| 8 | മറ്റുള്ളവ | 4% | 4% | 3% | 4% |
| | ആകെ | 100% | 100% | 100% | 100% |

**പട്ടിക 3**

*(അവലംബം- കുടുംബശ്രീ പഠനം 2006)*

ഈ സംരംഭങ്ങളെ ആദായകരമാ ക്കുന്നതിനും കൂടുതൽ പുതിയ സംരംഭ ങ്ങൾ ആരംഭിക്കുന്നതിനും പതിനൊ ന്നാം പദ്ധതിയിൽ പരിഗണന നൽകേ ണ്ടതാണ്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, അസംസ്കൃത വസ്തുക്ക ളുടെ സംഭരണത്തിനുള്ള പൊതു സംവിധാനം, കോമൺ ഫെസിലിറ്റി

കുടുംബശ്രീയുടെ നേതൃത്വത്തി ലുള്ള സംരംഭങ്ങളിൽ ഏറ്റവും പ്രധാ നപ്പെട്ടത് പാട്ടകൃഷിയും ആട് മുയൽ വളർത്തലും ആണ്. പ്രാദേശിക സാമ്പ ത്തിക വികസനത്തിൽ കുടുംബശ്രീയെ സംബന്ധിച്ചിടത്തോളം കാർഷിക അനു ബന്ധ മേഖല ഒരു പ്രധാനപ്പെട്ട രംഗ മാണ്. ഓരോ പഞ്ചായത്തിലും പാട്ട കൃഷി നടത്താൻ സന്നദ്ധതയുള്ള പരമാ വധി സംഘങ്ങളെ കണ്ടെത്തുവാനും



> വർക്കിംഗ് ഗ്രൂപ്പിലെ
> കുടുംബശ്രീ പ്രവർത്തകരുടെ
> പങ്കാളിത്തം
> ക്രിയാത്മകമാക്കുന്നതിനായി
> കുടുംബശ്രീ സംസ്ഥാന മിഷൻ
> കേരളത്തിലെ
> എല്ലാ ഗ്രാമ പഞ്ചായത്തിലും
> 25 കുടുംബശ്രീ
> പ്രവർത്തകർക്ക് വീതം
> പ്രത്യേക പരിശീലനവും
> കൈപുസ്തകവും
> നൽകിയിട്ടുണ്ട്.

അവർക്കാവശ്യമായ പിന്തുണാ സംവിധാനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉറപ്പാക്കാനും കഴിയണം. മാംസം, പാൽ, മുട്ട ഉദ്പാദന രംഗത്ത് വിജയം കൈവരിച്ചിട്ടുള്ള നിരവധി തൊഴിൽ സംരംഭങ്ങൾ കുടുംബശ്രീയുടെ പട്ടികയിൽ ഉണ്ട്. ഇത് കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുവാൻ നമുക്ക് കഴിയണം. പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ സംരംഭ സന്നദ്ധതയുള്ളവരെ കുടുംബശ്രീ സംവിധാനത്തിലൂടെയും കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. ഇതോടൊപ്പം കഴിഞ്ഞ പത്തുവർഷത്തെ സൂക്ഷ്മതൊഴിൽ സംരംഭ മേഖലയി ലെ ജയ-പരാജയങ്ങൾ അതിലേർപ്പെട്ടിരുന്ന കുടുംബശ്രീ പ്രവർത്തകരുടെ അനുഭവത്തിൽ നിന്നും സമാഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. എന്നുമാത്രമല്ല, പഞ്ചായത്തിലെ സൂക്ഷ്മതൊഴിൽ സംരംഭമേഖലയിൽ നിൽക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ, അവരുടെ മാത്രം ഒരു ചർച്ചായോഗത്തിലൂടെ ക്രോഡീകരിക്കുന്നത് ഭാവി ആസൂത്രണത്തിന് ഏറെ പ്രയോജനം ചെയ്യും. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നിരവധി സഹായങ്ങൾ കുടുംബശ്രീ മിഷൻ ലഭ്യമാക്കുന്നുണ്ട്. സബ്സിഡി, പരിശീലനങ്ങൾ, ഇന്നവേഷൻ ഫണ്ട്, ടെക്നോളജി ഫണ്ട് എന്നിവ ഓരോ പഞ്ചായത്തിനും എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന് കുടുംബശ്രീയുടെ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുമായി ചർച്ച ചെയ്ത് ധാരണയുണ്ടാക്കാൻ ശ്രമിക്കേണ്ടതുമാണ്. ഇത്തരത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ ഏജൻസികളും വകുപ്പുകളും പല രീതിയിലുള്ള പിന്തുണകൾ നൽകുന്നുണ്ട്. ഇവ മനസ്സിലാക്കി പരമാവധി സാധ്യതകൾ പഞ്ചായത്തിന്റെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയിലേയ്ക്ക് സംയോജിപ്പിക്കുവാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിയണം. സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക എന്നതിലേയ്ക്ക് മാത്രം തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ചുരുങ്ങാൻ പാടില്ല. എന്നാൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ ഓരോ ഘട്ടത്തിലുമുണ്ടാകേണ്ട വളർച്ചയെ സംബന്ധിച്ചും ബന്ധപ്പെടുത്തേണ്ട വിപണന ശൃംഖലയെക്കുറിച്ചും ഒരു കർമ്മ പരിപാടികൂടി തയ്യാറാക്കിയാൽ മാത്രമേ സംരംഭങ്ങൾ പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയിലെ കണ്ണികളായി തീരുകയുള്ളൂ.

സാമ്പത്തിക വികസനം നേടുന്നതോടൊപ്പം സാമൂഹ്യ നീതി ഉറപ്പു വരുത്തുക എന്നത് അതിപ്രധാന ചുമതലയാണ്. സാമൂഹ്യമായും സാമ്പത്തികമായും പാർശ്വവത്ക്കരിക്കപ്പെടുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുള്ള വിഭാഗങ്ങളുടെ ആവശ്യങ്ങളെ അവരുടെ അവകാശങ്ങൾ എന്ന ഉത്തരവാദിത്വത്തോടെ ഏറ്റെടുത്ത് നിർവ്വഹിക്കേണ്ടത് നമ്മുടെ ചുമതലയാണ്. അതുകൊണ്ട് ഓരോ പഞ്ചായത്തും പരമദരിദ്രരായ ജനവിഭാഗങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളുന്ന തരത്തിൽ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനും കണ്ടെത്തുന്നതിനും കുടുംബശ്രീ സംഘടനാസംവിധാനത്തിലൂടെ സാധിക്കും. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ വീട്, കുടിവെള്ളം, കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും, വരുമാന വർദ്ധനവും അതിപ്രധാനമാണ്. അതോടൊപ്പം ആരോഗ്യം, വിദ്യാഭ്യാസം, ശിശുപരിപാലനം തുടങ്ങിയവയ്ക്കായുള്ള പൊതു സംവിധാനങ്ങളുടെ സേവന ഗുണ നിലവാരം ഉയർത്തേണ്ടത് അനിവാര്യമാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന എല്ലാ സേവനങ്ങളും മികച്ച ഗുണനിലവാരത്തിൽ



നിർദ്ദിഷ്ട സമയങ്ങളിൽ ലഭ്യമാക്കുക എന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് വലിയ ഒരു ആശ്വാസമായിരിക്കും.

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഭരണനിർവ്വഹണ പദ്ധതിയെ സമീപിക്കേണ്ടതുണ്ട്. പഞ്ചായത്ത് ആഫീസ്, പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങൾ എന്നിവ ദൈനംദിന ജീവിതത്തിൽ കൂടുതലായി ആശ്രയിക്കുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണ്. പഞ്ചായത്തിന്റെ ഒരു സ്ഥാപനത്തിൽ നിന്നും സേവനം നേടാൻ വേണ്ടി എത്തിച്ചേരുന്ന ഒരു സാധാരണ വ്യക്തി അവിടെ അധികമായി ചെലവഴിക്കുന്ന ഓരോ നിമിഷവും അയാളുടെ വരുമാനത്തേയാണ് അത് പ്രതികൂലമായി ബാധിക്കുന്നത്. ഇത് ഉൾക്കൊണ്ട്, അനുവദനീയമായ സമയത്തിനുള്ളിൽ അംഗീകാരവും പരിഗണനയും ലഭ്യമാക്കി മികച്ച നിലവാരത്തിൽ സേവനം നൽകുന്നതിനുള്ള ഭൗതിക സംവിധാനങ്ങളും അനുയോജ്യമായ സേവനപ്രദാന പ്രക്രിയയും ഉൾപ്പെടുത്തി ഭരണനിർവ്വഹണ പദ്ധതി തയ്യാറാക്കാൻ കഴിയണം. സ്ഥാപനങ്ങളുടെ സേവന പ്രദാനനിലവാരം വിലയിരുത്തുന്നതിന് കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങളേയും എ.ഡി.എസ്. സംഘടനാ സംവിധാനത്തേയും എങ്ങനെ പ്രയോജനപ്പെടുത്താമെന്നും, പദ്ധതി രൂപീകരണ വേളയിൽ ആലോ ചിക്കേണ്ടതുണ്ട്.

വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണത്തിനു വേണ്ടിയാണ് വനിതാ ഘടകപദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കഴിഞ്ഞ 10 വർഷത്തെ അനുഭവത്തിൽ വനിതാ ഘടകപദ്ധതിയുടെ പ്രാധാന്യവും പദ്ധതി രൂപീകരണത്തിന്റെ രീതിശാസ്ത്രവും, കേരള സമൂഹം പരിചയപ്പെട്ടു കഴിഞ്ഞു. എന്നാൽ സ്ത്രീകൾക്ക് നേരിട്ട് ഗുണം കിട്ടുന്ന പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിലും, അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിലും നമ്മൾ ഇനിയും മുന്നേറേണ്ടിയിരിക്കുന്നു. സാമ്പത്തിക ശാക്തീകരണത്തിന് ഉതകുന്ന പ്രോജക്ടുകൾ ഉല്പാദന മേഖലയിൽ ആവിഷ്ക്കരിക്കാനും സാമൂഹിക ശാക്തീകരണത്തിനും സുരക്ഷിതത്വത്തിനും അനുയോജ്യമായ പദ്ധതികൾ കണ്ടെത്താനും കഴിവുള്ള അംഗങ്ങളെ ഉൾപ്പെടുത്തി വനിതാ ഘടക പദ്ധതി രൂപീകരിക്കുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പിന് രൂപം നൽകാൻ കഴിയണം. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും, വനിതാ ഘടക പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളെ ഉൾപ്പെടുത്തുവാനും, അവർ കൂടി പങ്കെടുക്കുന്ന തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഉറപ്പാക്കുന്നതിനും പഞ്ചായത്ത് സമിതി പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. കഴിഞ്ഞ 10 വർഷം വനിതാ ഘടക പദ്ധതിയിലൂടെ നടപ്പിലാക്കിയ പ്രോജക്ടുകളുടെ നേട്ടകോട്ടങ്ങൾ തിട്ടപ്പെടുത്തുവാനും, പുതിയ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും, കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. വികസന പദ്ധതിയുടെ ആസൂത്രണത്തിലും അവയുടെ നിർവ്വഹണ ഘട്ടത്തിൽ സാമൂഹിക മേൽനോട്ടത്തിന് നേതൃത്വം നൽകുന്നതിനും സ്ത്രീകളുടെ ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ ആയിരിക്കണം ഇതിനുള്ള സംഘടനാ സംവിധാനവും പ്രവർത്തന രീതിയും രൂപപ്പെടുത്തേണ്ടതും നിർവ്വഹിക്കേണ്ടതും. ഈ പ്രവർത്തനത്തിൽ നേതൃത്വപരമായി ഇടപെടാൻ കഴിവുള്ള നൂറുകണക്കിന് സ്ത്രീകൾ ഇന്ന് നമ്മുടെ പഞ്ചായത്തുകളിൽ കുടുംബശ്രീ സംവിധാനത്തിലൂടെ രംഗത്തു വന്നിട്ടുണ്ട്. മുൻവിധികൾ ഇല്ലാതെ ഇവരെ വികസന പ്രക്രിയയിൽ ഉൾച്ചേർക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിന് കഴിയേണ്ടതാണ്.

വികസനത്തിലും വികസന പ്രക്രിയയിലും തുല്യത എന്നത് സ്ത്രീശാക്തീകരണത്തിന്റെ അനിവാര്യ ഘടകമാണ്. ഇത് ഉൾക്കൊള്ളുന്നതാണ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്കായി സർക്കാർ പുറത്തിറക്കിയ പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ.

## ആസൂത്രണത്തിലെ പങ്കാളിത്തം

കുടുംബശ്രീ സി.ഡി.എസ്സിലെ ഒരു അംഗത്തെ വീതമെങ്കിലും എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും ഉൾപ്പെടുത്തണമെന്ന് മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനം, വനിതകളുടേയും ശിശുക്കളുടെയും വികസനം, പട്ടികജാതി വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളിൽ സി.ഡി.എസ്സിന്റെ രണ്ട് അംഗങ്ങളെയെങ്കിലും ഉൾപ്പെടുത്തണമെന്നാണ് സർക്കാർ നിർദ്ദേശം. വർക്കിംഗ് ഗ്രൂപ്പിലെ കുടുംബശ്രീ പ്രവർത്തകരുടെ പങ്കാളിത്തം ക്രിയാത്മകമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷൻ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തിലും 25 കുടുംബശ്രീ പ്രവർത്തകർക്ക് വീതം പ്രത്യേക പരിശീലനവും കൈപുസ്തകവും നൽകിയിട്ടുണ്ട്. വികസന പ്രശ്നങ്ങൾ തിട്ടപ്പെടുത്തുക, പുതിയ പ്രോജക്ട് ആശയങ്ങൾ കണ്ടെത്തുക, സംയോജനസാധ്യതകൾ തിരിച്ചറിയുക, മോണിറ്ററിംഗ് സംവിധാ

നത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുക എന്നിവ സംബന്ധിച്ചാണ് കുടുംബശ്രീ പ്രവർത്തകർക്ക് പരിശീലനം നൽകിയിരിക്കുന്നത്. ഇവരെ വികസനാസൂത്രണ പ്രക്രിയയിൽ ഫലപ്രദമായി ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ഗ്രാമസഭ, വികസന സെമിനാർ, സ്റ്റേക്ക്ഹോൾഡേഴ്സ് കൺസൾട്ടേഷൻ എന്നിവയിൽ കുടുംബശ്രീ പ്രവർത്തകർക്കുള്ള അവസരം ഉറപ്പാക്കേണ്ടതാണ്. ഗ്രാമസഭാ പങ്കാളിത്തത്തിൽ കൂടുതലും കുടുംബശ്രീ അംഗങ്ങളാണ്. എന്നാൽ ഗ്രാമസഭയിൽ നടക്കേണ്ട നടപടിക്രമങ്ങളിൽ ഇവരുടെ ആശയങ്ങളും അഭിപ്രായങ്ങളും പങ്കിടാൻ പാകത്തിന് അവസരവും സമയവും, ലഭ്യമാണെന്ന് ഉറപ്പാക്കാൻ തദ്ദേശഭരണ നേതൃത്വത്തിന്റെ ശ്രദ്ധ ആവശ്യമാണ്. വികസന സെമിനാറിലും സ്റ്റേക്ക്ഹോൾഡേഴ്സ് കൺസൾട്ടേഷനിലും കുടുംബശ്രീ അംഗങ്ങളുടേയും മറ്റു സ്ത്രീകളുടേയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയണം. മാത്രമല്ല, ഇവരുടെ അനുഭവസമ്പത്ത് പങ്കിടാനുള്ള അവസരവും ഉറപ്പാക്കേണ്ടതാണ്.



## ജനകീയ മോണിറ്ററിംഗ്

വികസന പദ്ധതിയുടെ നിർവ്വഹണത്തിൽ ഏറ്റവും അനിവാര്യ ഘടകമാണ് മോണിറ്ററിംഗ് അഥവാ ദിശാഗതി നിയന്ത്രണം. മിക്കപ്പോഴും നമ്മുടെ പദ്ധതി നിർവ്വഹണത്തിലെ ദുർബ്ബല ഘടകവും ഇതാണ്. എന്നാൽ വികസന പ്രവർത്തനങ്ങളുടെ ഗുണനിലവാരവും സാമൂഹിക നീതിയും ഉറപ്പാക്കുന്നതിൽ പദ്ധതിനിർവ്വഹണത്തോടൊപ്പമുള്ള മോണിറ്ററിംഗ് പ്രധാന പങ്ക് വഹിക്കുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും ആകെ കുടുംബങ്ങളുടെ പകുതിയിലേറെ കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂണ്ട്. അതുകൊണ്ടുതന്നെ പഞ്ചായത്തിന്റെ ഒരോ മുക്കിലും മൂലയിലും നടക്കുന്ന പ്രവർത്തനങ്ങളുടെ ജനകീയ മോണിറ്ററിംഗ് നടത്തുന്നതിനുള്ള സംഘടനാ സംവിധാനമായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും എ.ഡി.എസ്സുകൾക്കും മാറാൻ കഴിയും.

മേൽസൂചിപ്പിച്ച പ്രവർത്തന ങ്ങളിൽ ഏർപ്പെടുന്നതിലൂടെ സ്വയം പഠനം, പ്രശ്നങ്ങളുടെ വിശകലനം, പരിഹാരം കണ്ടെത്തൽ എന്നീ പ്രവർത്തനങ്ങളിലൂടെ കടന്നുപോകാൻ സ്ത്രീകൾക്ക് അവസരം ലഭിക്കുകയാണ്. വികസന പ്രക്രിയയുടെ അകവും പുറവും തിരിച്ചറിയാൻ കിട്ടുന്ന ഈ അവസരം ശാക്തീകരണത്തിനുള്ള ഒരു പഠന പ്രക്രിയ കൂടിയാണ്. അതുകൊണ്ട് തന്നെയായിരിക്കാം ആസൂത്രണ മാർഗ്ഗരേഖയിൽ സാമൂഹിക മോണിറ്ററിംഗിനുള്ള സംവിധാനമായി കുടുംബശ്രീ അയൽക്കൂട്ടങ്ങളെ വിഭാവനം ചെയ്യുന്നത്.

## കുടുംബശ്രീ മിഷന്റെ പങ്ക്

പ്രാദേശിക സാമ്പത്തിക വികസനത്തിൽ മൈക്രോ സംരംഭങ്ങൾക്ക് നിർണ്ണായക പങ്ക് ഉണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മൈക്രോ സംരംഭങ്ങൾ വളർത്തിക്കൊണ്ടു വരുന്നതിന് ആവശ്യമായ പിന്തുണാ സംവിധാനങ്ങളും പ്രവർത്തനങ്ങളും ലഭ്യമാക്കുക എന്നതാണ് കുടുംബശ്രീ മിഷൻ സ്വീകരിച്ചിരിക്കുന്ന സമീപനം. നേരിട്ടുള്ള നിർവ്വഹണത്തിൽ നിന്ന് കുടുംബശ്രീ മിഷൻ പിൻവാങ്ങുകയും തദ്ദേശഭരണസ്ഥാപനങ്ങളെ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പ്രാപ്തമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിരിക്കുന്നത്. ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ, വിപണന ശൃംഖല രൂപപ്പെടുത്തൽ, സൂക്ഷ്മ സംരംഭങ്ങൾക്ക് ആവശ്യമായ മാനേജ്മെന്റ് ശേഷികൾ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന സംവിധാനങ്ങൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്.

പഞ്ചായത്ത് / നഗരസഭാ പ്രദേശത്ത് ലഭ്യമായ അസംസ്കൃത വസ്തുക്കളുടെയും മനുഷ്യവിഭവത്തിന്റെയും അടിസ്ഥാനത്തിൽ സാധ്യമായ മൈക്രോ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. എന്നു മാത്രമല്ല എല്ലാതരത്തിലും പെടുന്ന വിഭവങ്ങളെ ഏറ്റവും ഫലപ്രദമായ രീതിയിൽ ഏകോപിപ്പിക്കാൻ കഴിയുക തദ്ദേശഭരണ സ്ഥാപനതലത്തിലാണ്. ഇതിന് അനുയോജ്യമായ രീതിയിൽ തദ്ദേശഭരണ സ്ഥാപന സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സി.ഡി.എസ് സംവിധാനം, പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ ഫലപ്രദമായ പ്രവർത്തനത്തിന് ആവശ്യമായ പരിശീലനം, സാങ്കേതിക സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തൽ, സാങ്കേതിക ഉപദേശം, ഇതിന് അനുയോജ്യമായ രീതിയിൽ ജില്ലാ തലത്തിൽ സാങ്കേതിക സ്ഥാപനങ്ങളേയും തൊഴിൽ വൈദഗ്ധ്യ സ്ഥാപനങ്ങളേയും കണ്ടെത്തുകയും സഹകരണം ഉറപ്പിക്കുകയും ചെയ്യുക എന്നീ കാര്യങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ അനിവാര്യമാണ്. ഇത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ കുടുംബശ്രീ മിഷൻ സ്വീകരിച്ചിട്ടുണ്ട്.

ഒരേ വിഭാഗത്തിൽപ്പെടുന്ന ഉല്പന്നങ്ങളുടെ ക്ലസ്റ്ററുകൾ രൂപീകരിക്കുക, ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രോട്ടോക്കോൾ തയ്യാറാക്കുക, ഉല്പാദനത്തിനും ഗുണനിലവാരം ഉറപ്പാക്കുന്ന തിനും വിപ

കുടുംബശ്രീ ഉത്പ്പന്നങ്ങൾ
വിറ്റഴിക്കുന്നതിന് പ്രാദേശികതലത്തിൽ കുടുംബശ്രീ ഷോപ്പുകൾ
ആരംഭിക്കുന്നതിനും അവയെ കൂട്ടിയിണക്കി
ഒരു വിപണന ശൃംഖല വികസിപ്പിച്ചു കൊണ്ടുവരുന്നതിനുമുള്ള
പ്രവർത്തന പരിപാടികൾ
ഇതിനകം ആവിഷ്കരിച്ചിട്ടുണ്ട്.



ണനത്തിനുമായി കോമൺ ഫെസിലിറ്റി സെന്ററുകൾ ആരംഭിക്കുക എന്നിവ ഉല്പന്നങ്ങൾക്ക് വിപണിയിൽ സ്വാധീനം ചെലുത്താനും യൂണിറ്റു കൾക്ക് ഉല്പാദന ചെലവ് ക്രമീകരിക്കുവാനും വരുമാനം ഉയർത്തുന്നതിനും അനിവാര്യമാണ്. ഇത് നിർവ്വഹിക്കുന്നതിന് അനുയോജ്യമായ രീതിയിൽ കുടുംബശ്രീയുടെ മൈക്രോ സംരംഭക രംഗ ത്തെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

കുടുംബശ്രീ ഉത്പ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രാദേശികതലത്തിൽ കുടുംബശ്രീ ഷോപ്പുകൾ ആരംഭിക്കുന്നതിനും അവയെ കൂട്ടിയിണക്കി ഒരു വിപണന ശൃംഖല വികസിപ്പിച്ചു കൊണ്ടുവരുന്നതിനുമുള്ള പ്രവർത്തന പരിപാടികൾ ഇതിനകം ആവിഷ്കരിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഉത്പ്പന്നങ്ങളുടെ ബ്രാന്റിംഗ്, ഗുണമേന്മ പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനുമുള്ള സംവിധാനങ്ങൾക്കും രൂപം നൽകിവരുന്നു.

മൈക്രോ സംരംഭങ്ങൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ് വായ്പാ ലഭ്യത. തദ്ദേശഭരണസ്ഥാപനങ്ങൾ കുടുംബശ്രീ സംവിധാനത്തിലൂടെ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് വായ്പ യഥാസമയം ലഭ്യമാക്കുന്നതിനും വായ്പയിന്മേലുള്ള മറ്റു തടസ്സങ്ങൾ കണ്ടെത്തി ഇടപെടുന്നതിനും ധനകാര്യ സ്ഥാപനങ്ങളുമായുള്ള ഏകോപനം കുടുംബശ്രീ മിഷന്റെ ഭാഗത്തു നിന്നും ഉണ്ടാകും.

സംരംഭങ്ങൾ കണ്ടെത്തുക, പ്രോജക്ടുകൾ തയ്യാറാക്കുക, സംരംഭം ആരംഭിക്കുന്നതിനുള്ള മുൻ-പിൻ ബന്ധങ്ങൾ കണ്ടെത്തി അവയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കുക, അവയുടെ പുരോഗതി യഥാസമയം വിലയിരുത്തുക എന്നിവ സംരംഭകർക്ക് ആവശ്യമായ സേവനങ്ങളാണ്. ഇവ തദ്ദേശഭരണ സ്ഥാപനതലത്തിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ മൈക്രോ സംരംഭകൺസൽട്ടന്റുമാരെ ഒരു സ്വയം തൊഴിൽ സംരംഭമായി രൂപീകരിച്ച് പരിശീലിപ്പിച്ചു വരുന്നു. ഇത്തരത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി മൈക്രോ സംരംഭവികസനത്തിന് നേതൃത്വം നൽകാൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് കുടുംബശ്രീ മിഷൻ ചെയ്തുവരുന്നത്.

*ലേഖിക*
*കുടുംബശ്രീ*
*എക്സിക്യൂട്ടീവ് ഡയക്ടറാണ്.*


## പഞ്ചായത്ത് രാജ് (മാസിക)

പരസ്യ നിരക്ക്

| | | |
|---|---|---|
| **കവർ അവസാനപുറം** (കളർ) | - | 10,000 രൂപ |
| **കവർ പേജ് - ഉൾവശം** (ഒറ്റക്കളർ) | - | 6,000 രൂപ |
| **മറ്റു പേജുകൾ - ഫുൾ** | - | 4,000 രൂപ |
| **അര പേജ്** | - | 2,000 രൂപ |

വാർഷിക വരിസംഖ്യ - 90 രൂപ ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക

**വിലാസം**

എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം -33

സി.എച്ച്. ഇസ്മയിൽ

# ഞാൻ ഭൂമി നീ മനുഷ്യൻ



ഞാൻ നടന്നകലുന്നതോ നിന്റെ ദുഃഖം
ഞാൻ തളർന്നിഴയുന്നതോ നിന്റെ സ്വപ്നം
ആരോ തകർത്തെറിഞ്ഞാരോകവർന്നെടു-
ത്താരോ തിരിതെളിച്ചീ വിണ്ണിനുള്ളിൽ

പകൽമാഞ്ഞ സന്ധ്യകൾ നെയ്ത സ്വപ്നങ്ങൾക്ക്
പുലർകാല കിരണങ്ങൾ ചൂടു പകരുമ്പോഴും
വടിയൂന്നി വെയിൽ മോന്തി രാപ്പകൽ താണ്ടി
ജീവരാഗങ്ങളുടെ നേർക്കാഴ്ച കാൺമൂ.

എന്നെ നീ മാന്തിപ്പിളർക്കുന്നു നിത്യം
എന്റെ കാലിടറുന്ന നാൾ വരും സത്യം
ഉറവ നീരാകെ നീയൂറ്റിക്കുടിച്ചു
നീലവിണ്ണാകെ നീ പുണ്ണാക്കി മാറ്റി

സ്വാർത്ഥമോഹങ്ങളുടെ കാമബീജങ്ങൾ
ഭൗമോതലത്തിൽ കനം വച്ചു വീങ്ങി
എന്റെ മേലാപ്പിൽ പുഴുക്കുത്തു വീണു
ഭൗമതാപം മെല്ലെയടിവച്ചുയർന്നു

എന്റെ ഹിമാനികൾ വെന്തുരുകുന്നു
എന്റെ ചേലാഞ്ചലം മുങ്ങിമറയുന്നു
എന്റെ ശവദാഹം നടത്തുവാനെത്രയോ
പട്ടട കൂട്ടി നീ കാത്തിരിക്കുന്നു

എന്റെ ഘടികാരത്തിലഞ്ചു നിമിഷം മാത്രം
നിർത്തുക നീ നിന്റെ ദുർമോഹവേലകൾ
അല്ലേലൊരുങ്ങുക, ഒന്നായൊടുങ്ങുവാൻ
എന്റെ ശവമഞ്ചത്തിലർപ്പിച്ച പൂക്കളായ്
നീയും നിന്റെ സംസ്ക്കാരമൊന്നാകെയും
വെന്തുവെണ്ണീറായിട്ടെന്നിൽലയിക്കുവാൻ

വികേന്ദ്രീകരണ വിരുദ്ധരായ എല്ലാ ശക്തികളെയും ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണത്തിനെയും അവമതിക്കാൻ നടത്തുന്ന ശ്രമങ്ങളെ കേരള സമൂഹം തിരിച്ചറിയേണ്ടതുണ്ട്. അധികാരവികേന്ദ്രീകരണ പരീക്ഷണം ഒരു നിർണ്ണായകമായ ഘട്ടത്തിലെത്തിനിൽക്കുന്ന സാഹചര്യത്തിലാണ് പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം ആരംഭിക്കുന്നത്.

# ജനകീയാസൂത്രണം



പ്രൊഫ. പി.കെ. രവീന്ദ്രൻ

പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടമായി നടപ്പിലാക്കാനാണ് കേരള സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഒമ്പതും പത്തും പഞ്ചവത്സര പദ്ധതികളിലൂടെ അധികാരങ്ങൾ വികേന്ദ്രീകരിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളെ അധികാരവൽക്കരിക്കാനും ആസൂത്രണം വികേന്ദ്രീകരിക്കാനും കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ലോകത്ത് മറ്റൊരിടത്തും ദൃശ്യമായിട്ടില്ലാത്ത തരത്തിലുള്ള ജനപങ്കാളിത്തത്തോടെ പ്രാദേശിക ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞു എന്നതാണ് ജനകീയാസൂത്രണത്തെ ലോകശ്രദ്ധയിൽ എത്തിച്ചത്. വികസനാസൂത്രണ രംഗങ്ങളിലെ പണ്ഡിതരും പ്രവർത്തകരും ഈ പരീക്ഷണം പഠന വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.

പ്രാദേശികമായി ലഭ്യമായ വിഭവങ്ങളെയും പ്രാദേശിക ആവശ്യങ്ങളെയും അടിസ്ഥാനമാക്കി വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും അവ നടപ്പിലാക്കാനും നടപ്പിലാക്കിയ പ്രവർത്തനങ്ങളെ വിലയിരുത്താനും പ്രാദേശിക ജനസമൂഹങ്ങൾക്ക് അവസരം ലഭിക്കുകയായിരുന്നു. വികസന പ്രവർത്തനം ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനുമുള്ള ചുമതലകളും ഫണ്ടും ഉദ്യോഗസ്ഥരെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയെന്ന പ്രക്രിയ ജനകീയാസൂത്രണ ഘട്ടത്തിൽ നടന്നു.

1. ഉല്പാദന മേഖലയിൽ ഉണർവ്വുണ്ടാക്കുകയും ഉല്പാദനക്ഷമതയും ഉല്പാദനവും വർധിപ്പിക്കുകയും ചെയ്യുക.
2. സർക്കാർ സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങൾക്കും റോഡ്, കുടിവെള്ള വിതരണം തുടങ്ങിയവയ്ക്കും വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
3. ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ സമയനിഷ്ഠമായും ഗുണമേന്മയോടെയും ലഭ്യമാക്കുക.
4. പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പാക്കി തുല്യത ലഭ്യമാക്കുന്നതിനാവശ്യമായ സാമൂഹ്യ സുരക്ഷാ പരിപാടികൾ നടപ്പിലാക്കുക.
5. പ്രാദേശിക ഭരണസംവിധാനത്തിൽ സാധാരണ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.

എന്നിവയാണ് പ്രധാനമായും ലക്ഷ്യമിട്ടത്.

ജനകീയാസൂത്രണപ്രസ്ഥാന ഘട്ടത്തിൽ അഭൂതപൂർവ്വമായ ജനകീയ പങ്കാളിത്തമാണ് ദൃശ്യമായത്. പാർപ്പിടം, കുടിവെള്ളം, റോഡ്, എന്നീ മേഖലക

ളിലും സ്കൂൾ, ആശുപത്രി, അംഗൻ വാടി എന്നീ പൊതുസ്ഥാപനങ്ങൾക്കു വേണ്ടി കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിലും ഈ വർഷങ്ങളിൽ ഉണ്ടായ നേട്ടം സർവ കാല റെക്കോർഡാണ്. വാർഷിക പദ്ധതികൾ തയ്യാറാക്കാനും അവ സമയ ബന്ധിതമായി നടപ്പാക്കാനും പദ്ധതികൾ വിലയിരുത്താനുമുള്ള രീതി ശാസ്ത്രം സ്വായത്തമാക്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കഴിഞ്ഞു.

പത്താം പഞ്ചവത്സര പദ്ധതിക്കാലത്തെ പ്രതികൂല നടപടികളെ അതിജീവിച്ചുകൊണ്ടാണ് പ്രാദേശിക ആസൂത്രണം മുന്നോട്ടു പോയത്. വികേന്ദ്രീകൃത ഭരണസംവിധാനം ഇവിടെ സുസ്ഥാപിതമായിക്കഴിഞ്ഞിരുന്നതുകൊണ്ടാണ് ഇതു സാധ്യമായത്. എല്ലാ പ്രതിലോമ ശക്തികൾക്ക് വികേന്ദ്രീകൃത ഭരണസംവിധാനത്തെ ദുർബലപ്പെടുത്താൻ കുറെയൊക്കെ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. അവ ഇന്നും സജീവമാണ്. ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും രക്ഷകസ്ഥാനം ഏറ്റെടുത്തതു കൊണ്ടു മാത്രമാണ് സമ്പൂർണ്ണ നാശത്തിലേക്ക് പൊയ്ക്കൊണ്ടിരുന്ന പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെയും പൊതു ആരോഗ്യ സംവിധാനത്തെയും നിലനിർത്താൻ കഴിഞ്ഞത്. അതുകൊണ്ടു തന്നെയാകണം വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ കച്ചവട ശക്തികൾ പഞ്ചായത്തുകളുടെ ഇടപെടൽ അനുവദിക്കില്ല എന്നീ സമരാഹ്വാനവുമായി രംഗത്തെത്തിയിട്ടുള്ളത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ 'ഇടപെടലിന്റെ ഗുണം അനുഭവിച്ച ചില വിഭാഗങ്ങളും വസ്തുതകൾ മനസ്സിലാ ക്കാത്തതുകൊണ്ട് കച്ചവട ശക്തികൾക്കനുകൂലമായി തീരാവുന്ന നിലപാടെടുക്കുന്നുണ്ട്. ഇക്കൂട്ടർ.

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമതാക്കുറവിനെ കുറിച്ചു പരാതിപ്പെടുന്നു.
2. പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ അവമതിക്കുന്നു.
3. കേരളസമൂഹത്തിന്റെ സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി ഭരണനേതൃത്വത്തിലേക്ക് വളർന്നു വരുന്ന സ്ത്രീകളെ അവഹേളിക്കുന്നു.
4. തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക ഭരണസംവിധാനങ്ങളായി അംഗീകരിക്കാനുള്ള വൈമനസ്യം, സർക്കാരിതര ഏജൻസികൾക്കു തുല്യമായ പദവി മാത്രമാണ് ഇക്കൂട്ടർ പഞ്ചായത്തുകൾക്ക് കൽപ്പിക്കുന്നതാണ്.



സജീവവും സക്രിയവും സുതാര്യവുമായ പ്രാദേശിക ഭരണ സംവിധാനങ്ങൾ വിപണി ശക്തികളുടെ അധിനിവേശ ശ്രമങ്ങൾക്കെതിരാണെന്നിവർ തിരിച്ചറിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ ആരോഗ്യ മേഖലകളുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിന് പ്രാദേശിക സർക്കാരുകൾ തടസ്സമാണെന്നിവർ തിരിച്ചറിഞ്ഞിട്ടുണ്ട്. വികേന്ദ്രീകരണ വിരുദ്ധരായ എല്ലാ ശക്തികളെയും ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണത്തിനെയും അവമതിക്കാൻ നടത്തുന്ന ശ്രമങ്ങളെ കേരള സമൂഹം തിരിച്ചറിയേണ്ടതുണ്ട്. അധികാരവികേന്ദ്രീകരണ പരീക്ഷണം ഒരു നിർണ്ണായകമായ ഘട്ടത്തിലെത്തിനിൽക്കുന്ന സാഹചര്യത്തിലാണ് പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം ആരംഭിക്കുന്നത്.

1. വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും വികേന്ദ്രീകൃതഭരണ സംവിധാനത്തിന്റെയും ഇന്നുവരെയുള്ള നേട്ടങ്ങൾ ഉറപ്പിച്ചു നിർത്തികൊണ്ട് ആസൂത്രണത്തിന്റെയും പദ്ധതി നിർവ്വഹണത്തിന്റെയും രീതി പദ്ധതികൾ സ്ഥായീകരിക്കേണ്ടതുണ്ട്.
2. പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഉൽപാദന മേഖലകളിൽ ബോധപൂർവ്വം ഇടപെടേണ്ടതുണ്ട്.
3. സേവനപ്രദാന സംവിധാനങ്ങൾ സജീവമാകണം. സമയനിഷ്ഠമായും ഗുണമേന്മയോടുകൂടിയും സാമാന്യ ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കും എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.
4. മുഖ്യധാരയിൽ നിന്ന് വിട്ടു നിൽക്കുന്നവരും ദുർബലരുമായ ജനവിഭാഗങ്ങൾക്ക് സാമൂഹ്യ നീതി ഉറപ്പുനൽകേണ്ടതുണ്ട്. എല്ലാവർക്കും വീട് നൽകുന്ന ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി ഈ ലക്ഷ്യം വച്ചുള്ള ഒരു സംരംഭമാണ്. ഇത്തരം പദ്ധതികൾ വിഭാവനം ചെയ്യുകയും സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യേണ്ടതുണ്ട്.
5. ഇതിനുപറ്റുന്ന രീതിയിൽ ഭരണ സംവിധാനത്തെ സജീവമാക്കേണ്ടതുണ്ട്. ഭരണസമിതിയും ജീവനക്കാരും ഉയർന്ന ഉത്തരവാദിത്വ ബോധം പ്രകടമാക്കേണ്ടതുണ്ട്.
6. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതുണ്ട്. ലഭ്യമായ പ്രാദേശിക വൈദഗ്ധ്യം മുഴുവൻ കർമ്മസമിതികളിൽ ഉപയോഗപ്പെടുത്തുവാനും വിവിധ ജനവിഭാഗങ്ങളുമായി ആശയവിനിമയം നടത്താനും ഗ്രാമസഭകളിൽ സജീവ പങ്കാളിത്തം വർദ്ധിപ്പിക്കാനും കഴിയണം.

ഈ വെല്ലുവിളി നേരിടാൻ കേരളത്തിലെ തദ്ദേശഭരണ നേതൃത്വവും അവരെ ഭരണചുമതല ഏൽപ്പിച്ച ബഹുജനങ്ങളും തയ്യാറാകണം. മാറിനിന്നു കുറ്റം പറയുകയല്ല പങ്കെടുത്ത് തിരുത്തുകയാണ് വേണ്ടത് എന്ന തിരിച്ചറിവും മഹാഭൂരി പക്ഷത്തിന് ഉണ്ടാക്കിയെടുക്കുകയാണ് ഇതിനാവശ്യം.

*ലേഖകൻ*
*തദ്ദേശസ്വയംഭരണ വകുപ്പ്*
*മന്ത്രിയുടെ*
*പ്രൈവറ്റ് സെക്രട്ടറിയാണ്*



# ജനകീയാസൂത്രണവും ഗ്രാമസഭയും



**കെ. നാരായണൻ**

ഇന്ത്യൻ ജനാധിപത്യവ്യവസ്ഥയുടെ അടിസ്ഥാന തലമാണ് ഗ്രാമസഭ. പ്രത്യക്ഷജനാധിപത്യം, പങ്കാളിത്ത ജനാധിപത്യം എന്നിവയുടെ പ്രായോഗിക വേദി കൂടിയാണ് ഗ്രാമസഭ. സുതാര്യത, വികേന്ദ്രീകൃത വികസനാസൂത്രണം, തനതു വിഭവ സമാഹരണം, സാമൂഹ്യ അവലോകനം സേവന ഗുണനിലവാര പരിപാലനം, എന്നിവയ്ക്കെല്ലാം ഉതകുന്ന പൊതു ഇടം എന്ന തരത്തിലാണ് ഗ്രാമസഭ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുസേവകരും ഒരു പോലെ ഉത്തരവാദപ്പെട്ടിരിക്കുന്ന ജനാധികാരസഭ കൂടിയാണ് ഗ്രാമസഭകൾ.

കേരള പഞ്ചായത്ത് രാജ് നിയമം ആകട്ടെ ഗ്രാമസഭകളെ അധികാരങ്ങളും അവകാശങ്ങളും ഉത്തരവാദിത്തങ്ങളും ഉള്ള ഭരണഘടകമായാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നടപ്പു കാലഘട്ടത്തിലെ വികസന-ക്ഷേമ -ഭരണ കാര്യങ്ങൾ അവലോകനം ചെയ്യുന്നതിനും ഭരണറിപ്പോർട്ട് ചർച്ച ചെയ്യുന്നതിനും വരവ്-ചെലവ് കണക്കുകൾ പരിശോധിക്കുന്നതിനും സേവന ഗുണമേന്മാ അവലോകനം നടത്തുന്നതിനും വിഭവസമാഹരണത്തിനും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനും പരാതി പരിഹാരത്തിനും ഉൾപ്പെടെ സാധ്യമാകുന്ന പൊതുജനാധിപത്യതലമായിട്ടാണ് നിയമം ഗ്രാമസഭയെ വ്യവസ്ഥ ചെയ്യുന്നത്.

നിർഭാഗ്യവശാൽ ഗ്രാമസഭകളെ അതിന്റെ കേവലാവസ്ഥയിൽ പോലും ഉൾക്കൊള്ളാനോ യാഥാർത്ഥ്യമാക്കാനോ ഇന്നും നമുക്ക് കഴിഞ്ഞിട്ടില്ല. ഔദാര്യങ്ങളോ ആനുകൂല്യങ്ങളോ സൗജന്യങ്ങളോ തേടുന്നതിനുള്ള വേദി ആയിട്ടാണ് ഗ്രാമസഭകൾ ഇന്നും വ്യവഹരിക്കപ്പെടുന്നത്. ദരിദ്രർ, സ്ത്രീകൾ, ദുർബലവിഭാഗങ്ങൾ തുടങ്ങിയവരുടെ സാന്നിദ്ധ്യം മാത്രമേ ഗ്രാമസഭകളിൽ ദൃശ്യമാകുന്നുള്ളു. ഇത്തരക്കാരുടെ ശബ്ദമാകട്ടെ ഗ്രാമസഭകളിൽ ഉയർന്നു കേൾക്കുന്നുമില്ല. ഔപചാരിക നടപടിക്രമത്തിന്റെ പാലനം മാത്രമായി ഗ്രാമസഭകൾ മാറുന്നു. അവയുടെ നിഗമനങ്ങൾക്കും നിർദേശങ്ങൾക്കും അർഹമായ നിയമ പരിരക്ഷയോ പരിഗണനയോ ലഭിക്കുന്നില്ല. മറിച്ച് പലപ്പോഴും അവ അട്ടിമറിക്കപ്പെടുകയോ മാറ്റിമറിക്കപ്പെടുകയോ ചെയ്യുന്നു. എന്നിങ്ങനെ ഒറ്റപ്പെട്ടതും കൂട്ടായതുമായ ഒട്ടേറെ വിമർശനങ്ങൾ ഗ്രാമസഭ സംഘാടനം സംബന്ധിച്ച് ഉയർന്നുവന്നതായി കാണാം. മുൻപൊരിക്കൽ സമൂഹത്തിലെ സമ്പന്ന-ആഢ്യ വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനായി ഗ്രാമശ്രീകൾ സംഘടിപ്പിക്കുക എന്ന നിർദ്ദേശം ആസൂത്രണ ബോർഡ് പഠനസംഘം തന്നെ ഉന്നയിച്ചതും നാം മറക്കരുത്.

**മാറ്റത്തിന്റെ ചാലുകൾ**

ഒമ്പതാം പദ്ധതി ജനകീയപദ്ധതി എന്ന മുദ്രാവാക്യം സാർത്ഥകമാക്കാൻ സ്വീകരിച്ച ഒട്ടേറെ നടപടികൾ ഇപ്പോൾ വീണ്ടും സംഗതമായിരിക്കുന്നു. അവയിലൂടെ ഒന്നു തിരിഞ്ഞുനോക്കുക. പഞ്ചായത്ത് രാജ് - നഗരപാലികാ ഭേദഗതി നിയമങ്ങളുടെ അന്തഃസത്ത പ്രാബല്യത്തിൽ വരുത്താൻ കേരളത്തിന് കഴിഞ്ഞത് വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ യാഥാർത്ഥ്യമാക്കുക എന്നതിലൂടെയായിരുന്നു. വികസന-ക്ഷേമപദ്ധതികൾ ഇദംപ്രഥമമായി ജനപങ്കാളിത്തത്തിലും നേതൃത്വത്തിലും രൂപീകരിക്കാനും അതിനാവശ്യമായ വിഭവ വകയിരുത്തൽ ഉറപ്പാക്കാനും നയപരമായും നിയമപരമായും സാധിച്ചതാണ് ഈ മുന്നേറ്റത്തിന് പിന്നിലെ കരുത്ത്.

ഇത് സാധ്യമായതാകട്ടെ ഗ്രാമസഭകൾ ശക്തമാക്കിക്കൊണ്ടാണ്. കർമ്മസമിതി മുതൽ വികസന സെമിനാർവരെയും തുടർന്ന് ജില്ലാ ആസൂത്രണ സമിതിവരെയും ഇപ്രകാരം പദ്ധതി നിർദ്ദേശങ്ങൾ പരിശോധിക്കപ്പെടാനും ഏകോപിപ്പിക്കാനും നിർവഹിക്കാനും സാധിച്ചത് ഗ്രാമസഭകളുടെ വർദ്ധിച്ച പങ്കാളിത്തം വഴിയ്ക്കും അതിലെ സംവാദം വഴിയ്ക്കുമായിരുന്നു. വികസന - ക്ഷേമ ആസൂത്രണ - നടത്തിപ്പുകളിലും നിരീക്ഷണം, തിരുത്തൽ എന്നിവയിലും നിർണായകമായ സ്ഥാനമാണ് ഗ്രാമസഭകൾക്ക് നിബന്ധന ചെയ്യപ്പെട്ടത്. പദ്ധതി ആസൂത്രണത്തിനായി പ്രത്യേക ഗ്രാമസഭകൾ വിളിച്ചുചേർത്തുകൊണ്ടും കർമ്മസമിതി തയ്യാറാക്കിയ കരടുകൾ പരിശോധിച്ച് പൂർണരൂപത്തിലെത്തിക്കുന്നതിനും ഗ്രാമസഭാ പരിഗണനകൾ അർഹിക്കുന്ന ഗൗരവത്തോടെ പ്രാദേശിക വികസന പ്രോജക്ടുകളുടെ അടിത്തറയാക്കുന്നതിനും ജനകീയാസൂത്രണ പ്രവർത്തന ഘട്ടത്തിൽ ശ്രദ്ധിച്ചു. വിഭവങ്ങളും മനുഷ്യാധ്വാനവും ധനവിഹിതവും ഉൾപ്പെടെ ഗണ്യമായ സാമ്പത്തിക വിഭവ സമാഹരണത്തിനും ഗ്രാമസഭാ മുൻകൈ ഇടയാക്കി. സമയബന്ധിതമായി പ്രവർത്തികൾ പൂർത്തിയാക്കാനും അവയുടെ നടത്തിപ്പിൽ തദ്ദേശ സേവനാവകാശി സമൂഹത്തിൽ മേൽനോട്ടം ഉണ്ടാകുകയും ചെയ്തപ്പോൾ പാഴ്ചെലവുകളും അഴിമതിയും ഗണ്യമായി കുറയ്ക്കാനും നോട്ടത്തിന്റെ ഗുണഫലം ഉയർത്താനും കഴിഞ്ഞു. നഷ്ടോത്തരവാദിത്ത വ്യവസ്ഥകൂടി പ്രാബല്യത്തിലായതുവഴി ഗ്രാമസഭകൾ തദ്ദേശഭരണ പ്രക്രിയയിലെ നിർണായക ഘടകമായി മാറി. ഈ കാര്യങ്ങൾ യഥാവിധി സാമാന്യ ജനസമൂഹത്തെ ബോധ്യപ്പെടുത്താനും തങ്ങളുടെ ജനാധിപത്യ അവകാശത്തെപ്പറ്റിയും കടമയെപ്പറ്റിയും അവരിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുക വഴി മാത്രമേ ഈ സംവിധാനം ഇനിയും കരുത്തുള്ളതാക്കാൻ കഴിയൂ.

അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ ഘടകങ്ങൾ, കുട്ടികളുടെ ഗ്രാമസഭകൾ, യുവജനകേന്ദ്രങ്ങൾ, വനിതാ ജാഗ്രതാ സമിതികൾ, സാമൂഹ്യ-സന്നദ്ധ സംഘടനകൾ വിദ്യാലയങ്ങൾ, പൊതു ഉപാധികൾ എന്നിവയെല്ലാം ഉപയോഗിച്ചുകൊണ്ട് ഗ്രാമസഭകളെ പ്രായോഗിക - പങ്കാളിത്ത ജനാധിപത്യ വേദികളാക്കുന്നതിനും അവയെ വ്യവസ്ഥാപിതമാക്കുന്നതിനുമുള്ള പരിശ്രമം തുടർന്നേ മതിയാകൂ. ഇക്കാര്യത്തിൽ 10-ാം പദ്ധതിക്കാലയളവിൽ സംഭവിച്ച അലംഭാവം ഒഴിവാക്കിക്കൊണ്ട് ജനാഭിലാഷ പൂർത്തീകരണത്തിനും പ്രാദേശിക ഉല്പാദന - സാമ്പത്തിക വികാസത്തിനും തൊഴിലുറപ്പിനും പ്രാമുഖ്യം നൽകുന്ന, സാമൂഹ്യനീതി ഉറപ്പാക്കുന്ന വികസന പദ്ധതിയ്ക്കായി 11-ാം പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകുന്നതിന് ഗ്രാമസഭകൾ ഇപ്പോൾത്തന്നെ സജ്ജമാകേണ്ടതുണ്ട്.

**11-ാം പദ്ധതിയും ഗ്രാമസഭയും**

പഞ്ചവത്സര പദ്ധതിയും, വാർഷിക പദ്ധതിയും സത്വര നടപടികളിലൂടെ രൂപം കൊള്ളുന്ന ഘട്ടമാണിപ്പോൾ. നടപ്പുപദ്ധതിയുടെ സ്ഥിതി വിവര വിശകലനം, നേട്ട-കോട്ട വിലയിരുത്തൽ എന്നിവ ജനപങ്കാളിത്തത്തോടെ നടക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചവത്സര പദ്ധതിക്കുള്ള അടിത്തറയായി ഇക്കൊല്ലത്തെ വാർഷിക പദ്ധതി രൂപീകരിക്കപ്പെടണം. ഇതിനുതകുന്ന ഏറ്റവും യുക്തമായ വേദിയാണ് ഗ്രാമസഭകൾ.

പദ്ധതി രൂപീകരണ ഗ്രാമസഭകൾക്ക് മുൻഉപാധിയായി സേവനാവകാശികൾ ഉൾപ്പെടെ തദ്ദേശ തൽപ്പരകക്ഷികളുമായുള്ള ആശയവിനിമയം സാധ്യമായിരിക്കണം. നടപ്പു പദ്ധതികളെപ്പറ്റിയും ഭാവിവികസനത്തെപ്പറ്റിയും ദിശാബോധത്തോടെ അഭിപ്രായം പറയാനുള്ള സന്ദർഭമായും ഈ ആശയവിനിമയ ഘട്ടം ഉപയോഗപ്പെടുത്തണം.

ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതിനുള്ള അറിയിപ്പ് അജണ്ട സഹിതം പ്രസിദ്ധീകരിക്കണം. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് ആയത് പ്രചരിപ്പിക്കണം. വിദ്യാലയങ്ങളും, പണിശാലകളും ഉൾപ്പെടെ അറിയിപ്പിനുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണം. ഗ്രാമസഭാ ചർച്ചകളെ സഹായിക്കുന്നതിലേക്ക് തദ്ദേശഭരണസ്ഥാപനം നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേരും, കുടുംബശ്രീ പ്രവർത്തകരായ നാലുവനിതകളും ഉൾപ്പെടെയുള്ള ടീമിന് മുൻകൂട്ടി പരിശീലനം നൽകി ഉപയോഗപ്പെടുത്തണം. ചർച്ചകളും അഭിപ്രായങ്ങളും വസ്തുനിഷ്ഠവും അർത്ഥപൂർണ്ണവും ആക്കുന്നതിനും കഴിയും വിധം ക്രമീകരണങ്ങളും ചോദ്യാവലികളും മുൻകൂട്ടി തയ്യാറാക്കി ആയിരിക്കണം ഗ്രാമസഭാനടപടികൾ നടത്തേണ്ടത്. പ്രാദേശിക ജനകീയ വിഷയങ്ങളും വികസന വിഷയങ്ങളും പ്രസ്തുത അജണ്ടയുടെ ഭാഗമായി ഉൾച്ചേർക്കപ്പെടണം. വിശദമായ ചർച്ചയ്ക്കും സംവേദനത്തിനും ചെറുകൂട്ടായ്മകളെ ഉപയോഗപ്പെടുത്തുവാൻ കഴിയും.

പദ്ധതി നടത്തിപ്പിനായുള്ള മുൻഗണനാക്രമവും പഞ്ചായത്തുതലത്തിൽ പൊതുമുൻഗണനാ നിർദ്ദേശവും രൂപപ്പെടുത്തുവാനും ഗ്രാമസഭാ വേദികളെ ഉപയോഗപ്പെടുത്താം, നീർത്തടവികസനം, കാർഷിക-ഉല്പാദന വികസനം, ജലസേചനം, പരിസ്ഥിതി പരിരക്ഷ എന്നിവയ്ക്കുള്ള നീർത്തടാധിഷ്ഠിത പ്രോജക്ട് നിർദ്ദേശങ്ങൾ പ്രത്യേകമായി പട്ടികപ്പെടുത്തി ചർച്ചചെയ്ത് അഭിപ്രായ സമാഹരണം നടത്തണം. ആസ്തി പരിപാലന പദ്ധതിക്കാവശ്യമായ പ്രോജക്ടും സവിശേഷമായി രൂപം കൊടുക്കണം.

ഗ്രാമസഭയുടെ നാളിതുവരെയുള്ള പ്രവർത്തനത്തെ സംബന്ധിച്ച വിമർശനങ്ങൾ മറികടക്കാനുതകും വിധം ചർച്ചകൾ ക്രമീകൃതവും സമ്പുഷ്ടവും ആക്കാനും തീരുമാനങ്ങൾ രേഖീകൃതമാക്കാനും ഹാജർപുസ്തകം വ്യവസ്ഥാപിതമാക്കാനും നടപടിക്രമം രേഖപ്പെടുത്താനും ദുർബല-ദളിത് വനിതാവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനും ഉയർന്ന ജനവിഭാഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കാനും ഗ്രാമസഭാ സംഘടനാതലത്തിൽ ശ്രദ്ധിക്കണം. ഗ്രാമപഞ്ചായത്ത് തലത്തിൽ നടക്കുന്ന ഗ്രാമസഭകളിൽ ഉയർന്ന തട്ടുകളിലെ ജനപ്രതിനിധികൾ നിർബന്ധിത ക്ഷണിതാക്കളായി പങ്കെടുക്കുന്നുവെന്ന് ഉറപ്പാക്കണം.

ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് തലത്തിൽ അതാത് ഡിവിഷനുകളിലെ ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഗ്രാമസഭകൾ സംഘടിപ്പിക്കണം. സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ ഈ സഭകളിലെ ചർച്ചകളും നിഗമനങ്ങളും രൂപപ്പെടുത്താനും നിർദ്ദേശിക്കാനും കഴിയണം. ഇത്തരത്തിൽ ഗ്രാമസഭകളിൽ ആരംഭിച്ച് ജില്ലാ ആസൂത്രണ സമിതിയിൽ ഏകോപനവും സംയോജനവും സാധ്യമാകും വിധം 11-ാം പദ്ധതിഘട്ടത്തിലെ പ്രഖ്യാപിത ജനകീയാസൂത്രണ പ്രവർത്തനം നാം വിനിയോഗിക്കണം. പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും ജനകീയ അവലോകനത്തിനും ഗുണനിലവാര പരിപാലനത്തിനും കഴിയുന്ന ഉന്നത ജനതാല്പര്യതലമായി ഗ്രാമസഭ ഉപയോഗപ്പെടുത്താനും നാം ശ്രദ്ധരായിരിക്കണം.

*കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റാണ് ലേഖകൻ*

# ശുചിത്വ കേരളം സുന്ദര കേരളം

# BIOTECH

## International Green Oscar Award Winner

the **Ashden Awards**
for sustainable energy

**പ്രകൃതിക്കിണങ്ങിയ മാലിന്യ സംസ്കരണത്തിന്**
**ബയോടെക് പ്ലാന്റുകൾ**



ബയോടെക് ഡയറക്ടർ എ. സജിദാസ്
മുൻ അമേരിക്കൻ വൈസ്പ്രസിഡന്റ് അൽഗോറിൽ
നിന്നും ഗ്രീൻ ഓസ്കാർ അവാർഡ് ഏറ്റുവാങ്ങുന്നു




ശ്രീകാര്യം മാർക്കറ്റ്, തിരുവനന്തപുരം ജില്ല

**മാർക്കറ്റുകളിലെയും അറവുശാലകളിലെയും**
**മാലിന്യം സംസ്ക്കരിച്ച് വൈദ്യുതി**



കടയ്ക്കൽ ഗ്രാമപഞ്ചായത്ത് മാർക്കറ്റ്, കൊല്ലം ജില്ല

**സംയോജിത മാലിന്യ സംസ്ക്കരണ പ്ലാന്റ്**



ഗാർഹിക മാലിന്യങ്ങളിൽ നിന്നും
പാചക വാതകം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കാൻ ആവശ്യമായ ബോധവൽക്കരണം, സ്ഥല പരിശോധന, സാദ്ധ്യതാ പഠനം, പദ്ധതി തയ്യാറാക്കൽ, പദ്ധതി നടപ്പാക്കൽ തുടങ്ങി എല്ലാ സാങ്കേതിക സഹായവും ബയോടെക്കിൽ നിന്നും ലഭ്യമാണ്.

ബയോടെക്കിന്റെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ സബ്സിഡിയും ബയോടെക്കിൽ നിന്നും ലഭിക്കുന്നു.

വിശദ വിവരങ്ങൾക്ക്

**BIOTECH**
**CENTRE FOR DEVELOPMENT OF BIO GAS TECHNOLOGY AND OTHER - NON CONVENTIONAL ENERGY SOURCES**

Post Box No 520, M.P. Appan Road, Vazhuthacadu
Thycadu P.O., Thiruvananthapuram - 695 014. Kerala, S.India
Phone : 0471 - 2321909, 2331909, 2332179
Tele Fax : 0471-2331909 E-mail : biotechindia@eth.net

**Helpline Numbers : 94951 23689, 93499 93953**

# പതിനൊന്നാം പദ്ധതിയിൽ വനിതാഘടക പദ്ധതി

## ചില പശ്ചാത്തല ചിന്തകൾ



**ഡോ. ടി.എൻ. സീമ**

വനിതാഘടക പദ്ധതി
പഞ്ചവത്സരപദ്ധതികൾ
വെച്ചുനീട്ടുന്ന ഒരു സൗജന്യമല്ല,
നിശ്ചിത ടാർജറ്റുള്ള
ഒരു പാക്കേജല്ല,
നിലവിലുള്ള അസമത്വത്തിന്റെയും
ചൂഷണത്തിന്റെയും ചങ്ങലകൾ
തകർക്കുന്ന മന്ത്രവുമല്ല.
എന്നാൽ കേരളത്തിന്റെ
സവിശേഷ സാമൂഹ്യ
സാഹചര്യത്തിൽ
വനിതാഘടക പദ്ധതി
സൃഷ്ടിക്കുന്ന സാധ്യതകൾ
നാം തിരിച്ചറിയേണ്ടതുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14 നിയമത്തിനു മുന്നിൽ സ്ത്രീ-പുരുഷ തുല്യത ഉറപ്പു നൽകുന്നു; ആർട്ടിക്കിൾ 15(3) സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും പ്രത്യേക സംരക്ഷണം, ആർട്ടിക്കിൾ 39(a) ജീവിതോപാധികളിൽ തുല്യത, ആർട്ടിക്കിൾ 39(d) തുല്യ ജോലിക്ക് തുല്യ വേതനം.......... ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ സംവിധാനത്തിന്റെ ഭരണഘടനയിൽ ലിംഗനീതിക്കു നൽകുന്ന പ്രാധാന്യത്തിന്റെ ചില സൂചനകൾ മാത്രമാണിത്. ഈ വകുപ്പുകളുടെ അടിസ്ഥാനത്തിൽ നിരവധി ബില്ലുകൾ, ആക്ടുകൾ, കോടതി വിധികൾ... ആറു ദശകം പൂർത്തിയാക്കിയ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ സ്ത്രീ സമൂഹത്തിന്റെ വളർച്ചയിൽ ഇവയൊക്കെ പിന്തുണയായിട്ടുണ്ട് എന്നതിൽ സംശയമില്ല. എന്നാൽ ഇന്ത്യൻ സമൂഹത്തിൽ ലിംഗനീതി ഉറപ്പു വരുത്താൻ അവകാശങ്ങളിലും അവസരങ്ങളിലും അധികാരത്തിലും സ്ത്രീകൾക്ക് തുല്യപദവി നേടാൻ ഇവ എത്രമാത്രം സഹായകമാകുന്നുണ്ട് എന്ന പരിശോധന അത്രയൊന്നും പ്രതീക്ഷ നൽകുന്നതല്ല. ഫ്യൂഡൽ പാരമ്പര്യത്തിന്റേതായ ചൂഷണരൂപങ്ങളും മൂല്യസങ്കല്പങ്ങളും നിലനിൽക്കുന്ന ഒരു സമൂഹത്തിൽ മുതലാളിത്തം അടിച്ചേൽപ്പിക്കുന്ന അസമത്വത്തിന്റെയും അരക്ഷിതത്വത്തിന്റെയും ഭാരം കൂടി വഹിക്കാൻ നിർബന്ധിതരാകുന്ന ഭൂരിപക്ഷ ജനതയുടെ ഭാഗമാണ് സ്ത്രീകളും. മാത്രമല്ല, അസമമായ ലിംഗ പദവി മൂലം ഈ പ്രത്യാഘാതങ്ങളുടെ തീവ്രത സ്ത്രീകൾ കൂടുതലായി അനുഭവിക്കേണ്ടി വരികയും ചെയ്യുന്നു. രാജ്യം സ്വാതന്ത്ര്യം നേടി നിരവധി വർഷങ്ങൾ കഴിഞ്ഞിട്ടും സ്ത്രീകൾക്ക് സ്വാതന്ത്ര്യം നിഷേധിക്കുന്ന സാമൂഹ്യവ്യവസ്ഥ ഇന്ത്യയിൽ തുടരുന്നതെന്തുകൊണ്ടാണ്? സ്ത്രീ സംരക്ഷണനിയമങ്ങൾ ഫലപ്രദമാകാതെ പോകുന്നതെന്തു കൊണ്ടാണ്? ഈ ചോദ്യങ്ങൾ ഉയർത്തിയത് അന്താരാഷ്ട്ര വനിതാ വർഷമായി ഐക്യരാഷ്ട്രസഭ കൊണ്ടാടിയ 1975ൽ ഇ.എം.എസ് നമ്പൂതിരിപ്പാടാണ്. അതിനു മറുപടിയായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു, "ശക്തമായ ജനകീയ പ്രസ്ഥാനങ്ങളുടെ പിന്തുണയില്ലെങ്കിൽ ഇന്ത്യയെപ്പോലൊരു സമൂഹത്തിൽ സാമൂഹ്യപരിഷ്ക്കരണ ശ്രമങ്ങൾ വിഫലമാണ്". ഈ ചോദ്യവും മറുപടിയും, ഇപ്പോഴും സ്ത്രീ സമൂഹം നേരിടുന്ന സാമൂഹ്യ -സാമ്പത്തിക പ്രശ്നങ്ങളുടെ സങ്കീർണതകളും പത്തു പഞ്ചവത്സരപദ്ധതികൾക്കു സാക്ഷ്യം വഹിച്ച ഒരു രാജ്യത്തെ വികസന ചർച്ചയിൽ പ്രസക്തമാണ്. എവിടെയാണ് നമ്മുടെ വികസന പദ്ധതികൾ പാളിപ്പോകുന്നത്? കേരളത്തിന്റെ സ്ത്രീ വികസനാനുഭവം നൽകുന്ന പാഠമെന്താണ്?

സ്ത്രീകൾ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലാണ് എന്ന പ്രശ്നം ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ ഇന്ത്യയിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഈ പിന്നോക്കാവസ്ഥ മറികടക്കുന്നതിനായുള്ള പരിശ്രമങ്ങൾ ഇതുവരെയുള്ള എല്ലാ പഞ്ചവത്സരപദ്ധതികളിലും കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ, സ്ത്രീ വിക

സനം സംബന്ധിച്ച സമീപനത്തിൽ വിവിധ കാലങ്ങളിൽ സംഭവിച്ച മാറ്റങ്ങളാണ് വിലയിരുത്തപ്പെടേണ്ടത്. സ്ത്രീ സമൂഹത്തിൽ നിർവഹിക്കുന്ന പരമ്പരാഗത റോളുകൾ (അമ്മ, കുടുംബിനി) മുൻ നിർത്തി സ്ത്രീയുടെ വികസനാവശ്യങ്ങൾ നിർണയിക്കുന്ന ക്ഷേമസമീപനത്തിനാണ് ആറാം പദ്ധതി വരെ മുൻഗണന ലഭിച്ചിരുന്നത്. മാതൃ-ശിശു ക്ഷേമവും പോഷകാഹാര പരിപാടിയും കുടുംബാസൂത്രണവുമൊക്കെ പ്രാധാന്യമുള്ള സംഗതികളാണെങ്കിലും പ്രത്യുല്പാദന ധർമ്മങ്ങൾക്കപ്പുറം സ്ത്രീക്ക് മറ്റൊരു സാമൂഹ്യധർമ്മം ഉണ്ടെന്ന വസ്തുതയെ തന്നെ നിരാകരിക്കുകയാണ് ഈ സമീപനം ചെയ്യുന്നത്. സ്ത്രീകളുടെ കൂട്ടായ്മകളിലൂടെ സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന മഹിളാ സമാജങ്ങൾ രണ്ടാം പദ്ധതി മുതൽ രൂപം കൊള്ളുന്നുണ്ടെങ്കിലും അത് സ്വാതന്ത്ര്യ വ്യക്തിയെന്ന നിലയിലുള്ള സാമ്പത്തികപ്രവർത്തനമായിട്ടല്ല, വീടിന്റെ അനുബന്ധ പ്രവർത്തനമായിട്ടാണ് സ്വീകരിക്കപ്പെട്ടത്.



ഐക്യരാഷ്ട്രസഭയുടെ വനിതാദശകാചരണത്തിന്റെ സ്വാധീനം പഞ്ചവത്സര പദ്ധതികളിൽ സൃഷ്ടിച്ച ഗുണപരമായ വ്യതിയാനം ആറാം പദ്ധതി മുതൽ പ്രകടമാകുന്നുണ്ട്. ക്ഷേമസമീപനത്തിനു പകരം സമൂഹത്തിന്റെ എല്ലാ മേഖലകളുമായി ബന്ധപ്പെടുത്തി സ്ത്രീയുടെ റോൾ പുനർനിർവചിക്കുകയും സ്ത്രീ പ്രശ്നം സമഗ്രമായ പഠനത്തിനു വിധേയമാക്കുകയും ചെയ്യണമെന്ന ആവശ്യം ഏഴാം പദ്ധതിയിൽ കുറച്ചുകൂടി മൂർത്തമായ പരിപാടികൾക്ക് പ്രേരണയായി. സ്വയം തൊഴിൽ സംരംഭങ്ങളും വൈദഗ്ധ്യ പരിശീലനവും സ്ത്രീ ഗ്രൂപ്പുകളുടെ രൂപീകരണവും പ്രോത്സാഹിപ്പിക്കപ്പെട്ടു. പക്ഷേ, ഈ സമീപനത്തിലും കാണുന്ന ഒരു പ്രധാന പരിമിതി വികസന നേട്ടങ്ങളുടെ ഗുണഭോക്താക്കളായി മാത്രം സ്ത്രീകളെ- അതും ദരിദ്രരെന്ന നിലയിൽ തരംതിരിക്കപ്പെട്ട്-കാണുന്നു എന്നതാണ്. ഗ്രാമം, നഗരം എന്നിങ്ങനെ വേർതിരിച്ച് സ്ത്രീകേന്ദ്രീകൃതമായ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ തുടക്കം ഈ ഘട്ടത്തിലാണ്.

എട്ടാം പഞ്ചവത്സര പദ്ധതിയാണ് (1992- 1997) വികസനത്തിൽ നിന്ന് ശാക്തീകരണത്തിലേക്ക് എന്ന ആഹ്വാനം ഉയർത്തുന്നത്. സ്ത്രീ കൂട്ടായ്മകൾ രൂപീകരിക്കാനും അതിലൂടെ സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളും സ്വയം തൊഴിൽ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടു. ഒൻപതാം പദ്ധതിയിലാണ് സ്ത്രീകൾക്ക് പദ്ധതി വിഹിതത്തിന്റെ നിശ്ചിത ഭാഗം വകയിരുത്തണമെന്ന സമീപനം ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിലാദ്യമായി സ്വീകരിക്കപ്പെടുന്നത്. എല്ലാ വകുപ്പുകളും അവരുടെ പദ്ധതിയുടെ 30 ശതമാനം സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണമെന്ന നിർദ്ദേശവും കേന്ദ്രസർക്കാർ പുറപ്പെടുവിച്ചു. ഇതു മുൻനിർത്തി നിരവധി പദ്ധതികൾ ഒമ്പതും പത്തും പദ്ധതിക്കാലത്ത് കേന്ദ്രസർക്കാർ നടപ്പാക്കുകയും ചെയ്തു. എങ്കിലും 11-ാം പദ്ധതിയുടെ സമീപന രേഖയിൽ കേന്ദ്രപ്ലാനിംഗ് കമ്മീഷൻ വിലയിരുത്തുന്നതുപോലെ വിവേചനത്തിന്റെയും ദാരിദ്ര്യത്തിന്റെയും തുരുത്തുകൾ ഇനിയും ബാക്കിയേറെയുണ്ട്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ലിംഗപദവി ആസൂത്രണവും ലിംഗപദവി പരിശോധനയും കടലാസിലൊതുങ്ങിപ്പോകുന്നുവെന്നതാണ് അനുഭവം. 11-ാം പദ്ധതിയിലേക്ക് പോകുമ്പോൾ കേന്ദ്രപ്ലാനിംഗ് കമ്മീഷൻ ചൂണ്ടിക്കാട്ടുന്ന ദൗർബ്ബല്യങ്ങൾക്കുള്ള മറുപടിയാണ് ആദ്യം ഉന്നയിച്ച ഇ.എം.എസ്സിന്റെ വാക്കുകൾ. ജനകീയ ഇച്ഛ കൂടാതെ ഒരു വികസനപ്രവർത്തനവും സാമൂഹ്യപരിഷ്ക്കരണവും ഫലപ്രദമായി നടപ്പാക്കാനാകില്ല എന്നതിന് കേന്ദ്രസർക്കാരിന്റെ പത്ത് പഞ്ചവത്സര പദ്ധതികളിൽ നിന്നു തന്നെ ഉദാഹരണങ്ങൾ കണ്ടെത്താം. ജനകീയ ഇച്ഛ സർക്കാർ പദ്ധതികളെ എങ്ങനെ ഫലപ്രദമാക്കുന്നു എന്നതിന് കേരളത്തിന്റെ വികസനാനുഭവം ഒരു പാഠമാണ്.

കേരള സമൂഹത്തിന്റെ വികസനത്തിൽ പഞ്ചവത്സരപദ്ധതികൾക്കപ്പുറം നിർണായകമായ നിരവധി ഘടകങ്ങളുണ്ട്. നൂറു വർഷത്തിലേറെ ചരിത്രമുള്ള വിദ്യാഭ്യാസ-സാമൂഹ്യപരിഷ്ക്കരണ പ്രവർത്തനങ്ങൾ, കൂലിക്കും അവകാശങ്ങൾക്കും വേണ്ടിയുള്ള കർഷക-തൊഴിലാളി സമരങ്ങൾ, ജനാധിപത്യ സർക്കാരുകൾ നടപ്പാക്കിയ ഭൂപരിഷ്ക്കരണം, സാക്ഷരതാപ്രസ്ഥാനം, വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ- ക്ഷേമരംഗങ്ങളിലെ ഇടപെടലുകൾ, അധികാരവികേന്ദ്രീകരണത്തിൽ രാജ്യത്തിന്റെ തന്നെ ശ്രദ്ധയാകർഷിച്ച വികേന്ദ്രീകൃതാസൂത്രണം എന്നിങ്ങനെ കേരള വികസനത്തിന് തനതു മാതൃക സൃഷ്ടിച്ച ഈ ഘടകങ്ങളെല്ലാം ബന്ധപ്പെട്ടാണ് കേരളത്തിലെ സ്ത്രീ സമൂഹത്തിന്റെ വളർച്ച രേഖപ്പെടുത്തേണ്ടത്. ബൂർഷ്വാജനാധിപത്യ വ്യവസ്ഥയിൽ സ്ത്രീ കൾക്ക് അവകാശപ്പെട്ട ഭരണഘടനാപരമായ സംരക്ഷണ സംവിധാനങ്ങൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട നിലയിൽ കേരളത്തിലെ സ്ത്രീ കൾക്ക് ലഭിച്ചത് ഇതിലൂടെയാണ്. എന്നാൽ പുരോഗമിച്ചതെന്ന് നാം അഭിമാനിക്കുന്ന കേരള സമൂഹത്തിൽ വർദ്ധിച്ചു വരുന്ന സ്ത്രീ വിരുദ്ധമനോഭാവവും അസമമായി തന്നെ തുടരുന്ന ലിംഗപദവി ബന്ധങ്ങളും വിവിധ മേഖലകളിൽ പ്രത്യക്ഷപ്പെടുന്ന ഇതിന്റെ പ്രത്യാഘാതങ്ങളും 'കേരള വികസന മാതൃക'യിലെ വൈരുദ്ധ്യങ്ങളായി നില നിൽക്കുന്നു. ഈ വികസന പ്രശ്നത്തെ നേരിടാനുള്ള ശ്രമങ്ങളിലൂടെയാണ് 9-ാം പഞ്ചവത്സര പദ്ധതി മുതൽ കേരളത്തിലെ സ്ത്രീ വികസന ചരിത്രം മാറ്റിയെഴുതപ്പെടുന്നത്.

കേന്ദ്രസർക്കാരിന്റെ പഞ്ചവത്സര പദ്ധതികൾ മുന്നോട്ടുവച്ച വകുപ്പുകൾ വഴി നടപ്പാക്കുന്ന ടാർജറ്റഡ് പരിപാടികളിൽ നിന്ന് വ്യത്യസ്തമായി, സ്ത്രീ പ്രശ്നത്തിന്റെ ആവശ്യങ്ങളിൽ നിന്ന് രൂപം

കൊള്ളുന്ന വികസന സമീപനത്തെയും അത് നടപ്പാക്കാനാവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കാനുള്ള കാര്യശേഷി വർദ്ധനവിനെയും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള സ്ത്രീകളുടെ കരുത്താർജ്ജിക്കലിനെയും ആണ് കേരളത്തിൽ വനിതാഘടക പദ്ധതിയെന്നു പേരിട്ടു വിളിച്ചത്. ഇത് രൂപം കൊള്ളാനുള്ള സാഹചര്യമൊരുക്കിയത് വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള ജനകീയാസൂത്രണവും.

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തെ വ്യത്യസ്തമാക്കുന്നത് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ഉറപ്പാക്കാൻ ശ്രമിച്ച ജനപങ്കാളിത്തവും വികസനം സംബന്ധിച്ച് സൃഷ്ടിക്കപ്പെട്ട പുതിയ സാമൂഹ്യ ഉത്തരവാദിത്വബോധവുമാണെന്നതിൽ സംശയമില്ല. ഇതിൽ സ്ത്രീകൾക്ക് ഇടമുണ്ടെന്നും അത് പ്രധാനമാണെന്നും ഉള്ള തിരിച്ചറിവ് നാട്ടിൽ സൃഷ്ടിക്കാനായി എന്നത് നിർണായകമാണ്. ഗ്രാമസഭ, കർമ്മസമിതി, വികസന സെമിനാറുകൾ, പദ്ധതി രൂപീകരണം, നിർവ്വഹണം, പരിശോധന തുടങ്ങി ഓരോ ഘട്ടത്തിലും ആദ്യകാലത്ത് നിർബന്ധത്തിന്റെ ഭാഗമായി കൂട്ടിച്ചേർക്കപ്പെട്ട സ്ത്രീ സാന്നിദ്ധ്യം ഇന്ന് ഏറ്റവും സ്വാഭാവികമായി സ്വീകരിക്കപ്പെട്ടു കഴിഞ്ഞു (പങ്കാളിത്തം സ്ത്രീകളുടെ മാത്രം ചുമതലയായി മാറുന്ന തിരുത്തപ്പെടേണ്ട അവസ്ഥ ഇപ്പോൾ പലയിടത്തുമുണ്ട്). കഴിഞ്ഞ പത്തു വർഷത്തെ വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങളുടെ വിലയിരുത്തലുമായിട്ടാണ് ഇനി കേരളത്തിലെ സ്ത്രീകൾ മുന്നോട്ടു നോക്കേണ്ടത്.

ജനകീയാസൂത്രണം രൂപം നൽകിയ സ്ത്രീ വികസന കാഴ്ചപ്പാട് പഞ്ചവത്സര പദ്ധതികളിലൂടെ കേന്ദ്രസർക്കാർ സ്വീകരിച്ച വികസന സമീപനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു. സ്ത്രീകളെ ലക്ഷ്യം വച്ചുകൊണ്ടുള്ള ക്ഷേമപ്രവർത്തനങ്ങളും അവരെ ഗുണഭോക്താക്കളായി മാത്രം കണ്ടുകൊണ്ടുള്ള വകുപ്പു പദ്ധതികളും സ്ത്രീകളുടെ അവസ്ഥയിൽ ചില മാറ്റങ്ങളുണ്ടാക്കാം. എന്നാൽ സ്ത്രീകൾ കേവലം ഗുണഭോക്താക്കളായി മാറുന്നതു കൊണ്ടോ സാന്നിദ്ധ്യം കൊണ്ടു മാത്രമുള്ള പങ്കാളിത്തം കൊണ്ടോ സമൂഹത്തിലെ സത്രീപദവിയിൽ മാറ്റമുണ്ടാക്കാനാവില്ല. പൊതുവികസന പ്രക്രിയയോട് സ്ത്രീകളെ ഔപചാരികമായി ഉദ്ഗ്രഥിക്കുക എന്നല്ല, സ്ത്രീകൾ വികസന പ്രക്രിയയിൽ ഇടപെട്ട് നിലനിൽക്കുന്ന അസമമായ ലിംഗപദവി ബന്ധം തിരുത്തുക എന്നതാണ് ജനകീയാസൂത്രണം പ്രഖ്യാപിച്ച സ്ത്രീ വികസന സമീപനം. നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ പത്തു വർഷമായി നടപ്പാക്കുന്ന വനിതാ ഘടക പദ്ധതി ഈ വികസന സമീപനത്തെ ഉൾക്കൊള്ളുന്നുണ്ടോ? സമൂഹത്തിലെ അസമമായ അധികാര ബന്ധത്തിൽ എന്തെങ്കിലും ഇടർച്ച സൃഷ്ടിക്കാൻ സ്ത്രീ വികസന പരിപാടികൾക്ക് കഴിഞ്ഞിട്ടുണ്ടോ?

വനിതാ ഘടക പദ്ധതിയുടെ പത്തു വർഷത്തെ വിശദമായ പരിശോധന ഒരു ലേഖനത്തിന്റെ പരിധിയിലൊതുക്കാവുന്നതല്ല. 11-ാം പദ്ധതിയിലേക്കു പോകുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരം വിലയിരുത്തലുകൾ നടത്തുന്നുണ്ട്. കഴിഞ്ഞ പദ്ധതികളിലായി സ്ത്രീകൾക്ക് പ്രത്യേകം വകയിരുത്തിയ 10 ശതമാനം പദ്ധതി വിഹിതത്തിന്റെ ഉപയോഗം, അത് സൃഷ്ടിച്ചിട്ടുള്ള ആസ്തികൾ, അവയുടെ പ്രയോജനപ്പെടുത്തൽ, വനിതാഘടക പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ വിലയിരുത്തൽ, പ്രക്രിയയുടെ കാര്യക്ഷമത, വനിതാഘടക പദ്ധതി പ്രാദേശിക സമൂഹത്തിൽ-കുടുംബത്തിൽ-വ്യക്തിയിൽ സൃഷ്ടിച്ചിട്ടുള്ള ഭൗതികവും മനോഭാവപരവുമായ മാറ്റങ്ങൾ.. ഇങ്ങനെയുള്ള നിരവധി ഘടകങ്ങളുടെ പരിശോധന ഭാവി പദ്ധതികൾക്കായുള്ള പശ്ചാത്തല ചർച്ചയിൽ ഉണ്ടാകേണ്ടതുണ്ട്. വീട്, വെള്ളം, വെളിച്ചം, കക്കൂസ്, വരുമാന ഉപാധികൾ തുടങ്ങി നിരവധി പ്രായോഗികാവശ്യങ്ങൾ സ്ത്രീ കൾക്കുണ്ട്. ഇവ നിറവേറ്റേണ്ടത് സ്ത്രീയുടെ ദൈനം ദിന ജീവിതത്തിന്റെ ഭാരം കുറയ്ക്കാൻ അനിവാര്യവുമാണ്. പൊതുപദ്ധതിയിൽ സാമൂഹ്യക്ഷേമ പരിപാടികളിൽ ഇത്തരം ആവശ്യങ്ങൾ സ്ത്രീപരിഗണന നൽകിക്കൊണ്ടു തന്നെ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ സ്ത്രീയുടെ ആവശ്യങ്ങൾ ഇവ മാത്രമല്ല. നിലവിലുള്ള സ്ത്രീ പുരുഷ തൊഴിൽ വിഭജനത്തെ മറികടക്കുന്നതിനും സ്ത്രീകൾക്ക് പുതിയ തൊഴിൽ മേഖലകളിലേക്ക് കടക്കുന്നതിനും എത്രമാത്രം വനിതാഘടക പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട് എന്നത് പരിശോധനാ വിധേയമാക്കണം. പരമ്പരാഗത മേഖലകളിൽ തന്നെ ഉല്പാദനം വൈവിധ്യവത്ക്കരിച്ചും സ്ത്രീകൾക്ക് വൈദഗ്ധ്യ പരിശീലനം നൽകിയും മൂല്യവർദ്ധനവ് ഉറപ്പാക്കുന്ന തരത്തിൽ എത്രമാത്രം ഇടപെടാനായി എന്നതും പഠിക്കേണ്ടതുണ്ട്. വരുമാനമുയർന്നാൽ മാത്രം പോരാ, വരുമാനത്തിലും സ്വത്തിലും സ്ത്രീകളുടെ നിയന്ത്രണം വേണം, കുടുംബത്തിനു വേണ്ടി കഠിനമായി അധ്വാനിക്കുമ്പോഴും വീടിനകത്ത് അധികാരമില്ലാത്തവളായി തുടരുന്ന അവസ്ഥയിൽ നിന്ന് സ്ത്രീ മുക്തയാകണം, പൊതുരംഗത്ത് സ്ത്രീകളോടുള്ള വിവേചനം ഇല്ലാതാകണം, തങ്ങൾ നേരിടുന്ന വിവേചനത്തിന്റെയും ചൂഷണത്തിന്റെയും രാഷ്ട്രീയം തിരിച്ചറിയാനും അതിനെതിരെ പ്രതിരോധിക്കാനും അവ തിരുത്തുന്നതിന് ഇടപെടാനും സ്ത്രീകൾ കരുത്ത് നേടണം.... ഈ ലക്ഷ്യത്തിലേക്കുള്ള യഥാർത്ഥ മാർഗ്ഗത്തിൽ തന്നെയാണോ നമ്മൾ എന്ന വിലയിരുത്തൽ വനിതാഘടക പദ്ധതി സംബന്ധിച്ച് ഉണ്ടാകേണ്ടതുണ്ട്.

വനിതാഘടകപദ്ധതിയുടെ അന്തഃസത്തയെതന്നെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള ചില പ്രവണതകൾ പലയിടത്തുമുണ്ട് എന്നത് ഗൗരവത്തോടെ കാണേണ്ട വിഷയമാണ്. അതിലേറ്റവും പ്രധാനം വനിതാ ഘടകപദ്ധതിക്ക് 10 ശതമാനം പദ്ധതി വിഹിതം വകയിരുത്തുന്നതുമായി ബന്ധപ്പെട്ടതാണ്. ഓരോ വർഷവും വനിതാഘടക പദ്ധ



തിക്ക് 10 ശതമാനം ഫണ്ട് വകയിരുത്തുമെന്ന് ഉറപ്പാക്കുന്നുണ്ടെങ്കിലും അതിൽ എത്രമാത്രം ചെലവഴിക്കുന്നുണ്ട് എന്ന പരിശോധന അസ്വസ്ഥജനകമായ പല വസ്തുതകളും ബോധ്യപ്പെടുത്തുന്നുണ്ട്. പല തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വനിതാഘടക പദ്ധതി ഇന്ന് സ്പിൽ ഓവർ വിഹിതത്തിലൂടെ വലിപ്പം വച്ചു വരികയാണ്. നിരവധി വർഷങ്ങളുടെ സ്പിൽ ഓവർ ഭാരവുമായി നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വനിതാഘടക പദ്ധതി ഒരു ബാദ്ധ്യതയായിത്തീർന്നിരിക്കുകയാണ്.



മറ്റൊരു പ്രവണത, വനിതാഘടകപദ്ധതിയിലുൾപ്പെടുത്തി വൻ തുകകൾ ചെലവിട്ട് നിർമ്മിക്കുന്ന ആസ്തികൾ പിന്നീട് മറ്റ് കാര്യങ്ങൾക്കായി ഉപയോഗിക്കുന്നതാണ്. വനിതാ വ്യവസായം, സാംസ്ക്കാരിക കേന്ദ്രം, തൊഴിൽ പരിശീലന കേന്ദ്രം എന്നിങ്ങനെ നിരവധി പദ്ധതികൾ ലക്ഷ്യം വച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ അതിന്റെ തുടർ നടപടികൾ ഇല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ഒരു പക്ഷേ, പ്രോജക്ടുകളുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നം കൊണ്ടോ മറ്റ് തടസ്സങ്ങൾ കൊണ്ടോ ആണെന്ന് ന്യായീകരിക്കപ്പെടാറുണ്ട്. എങ്കിലും ഇത് പരിഹരിക്കപ്പെടേണ്ട ദൗർബല്യം തന്നെയാണ്. പ്രാദേശിക സാധ്യതകൾക്കും ആവശ്യങ്ങൾക്കുമനുസൃതമായി സ്ത്രീകൾക്കായുള്ള പ്രോജക്ടുകൾക്ക് രൂപം കൊടുക്കുന്നതിനുള്ള ചർച്ച ഇനിയും നടക്കേണ്ടതുണ്ട്. എല്ലാ രംഗങ്ങളിലുമുള്ള വിദഗ്ധരുടെ പിന്തുണയും വിശദമായ പഠനങ്ങളും അതിനാവശ്യമുണ്ട്.

കുടുംബശ്രീ സംഘങ്ങളുടെ വ്യാപനവും പ്രവർത്തനവും അവിശ്വസനീയമായ പങ്കാളിത്തമാണ് വികസന വേദികളിൽ ഉണ്ടാക്കിയിരിക്കുന്നത്. പക്ഷേ, വർദ്ധിച്ച പങ്കാളിത്തം എണ്ണത്തിൽ മാത്രമല്ല, ഗുണത്തിൽ കൂടിയുണ്ടാകുന്ന തരത്തിൽ കുടുംബശ്രീ പ്രവർത്തകരെ പ്രാപ്തരാക്കേണ്ടതുണ്ട്. സമ്പാദ്യ-വായ്പാ പ്രവർത്തനങ്ങളിലൂടെ മാത്രം സ്ത്രീശാക്തീകരണം നേടാനാകുമെന്നത് വ്യാമോഹം മാത്രമാണ്. സ്വയം പഠനത്തിലൂടെ പരിമിതികൾ മറികടക്കാൻ സഹായകമായ പദവി പഠനങ്ങൾക്ക് കുടുംബശ്രീ സംഘങ്ങൾ വേദിയാകണം. ജാഗ്രതാ സമിതികളുടെ പ്രവർത്തനം ഫലപ്രദമാകുന്നതിനും സ്ത്രീകൂട്ടായ്മകളുമായുള്ള ഏകോപനം ആവശ്യമാണ്. ഇതിനൊക്കെ നേതൃത്വം വഹിക്കാൻ കുടുംബശ്രീയുടെയും വനിതാജനപ്രതിനിധികളുടെയും സാമൂഹ്യ പ്രവർത്തകരുടെയും കൂട്ടായ്മകൾ രൂപം കൊള്ളണം. ഭാവി ആസൂത്രണ ചർച്ചകൾക്ക് പശ്ചാത്തലമൊരുക്കുന്ന തരത്തിൽ പദവി പഠന നിഗമനങ്ങൾ ക്രോഡീകരിക്കപ്പെടണം. സ്ത്രീസമൂഹത്തെക്കുറിച്ചുള്ള ഏറ്റവും വിപുലമായ സ്വയം പഠന പ്രക്രിയയ്ക്ക് കേരളം സാക്ഷിയാകട്ടെ.

വനിതാഘടക പദ്ധതിയുടെ നട്ടെല്ല് ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ സ്ത്രീ നേതൃത്വം തന്നെയാണ്. വനിതാ വർക്കിംഗ് ഗ്രൂപ്പുകൾക്ക് ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് വനിതാഘടക പദ്ധതിയെ കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് 11-ാം പദ്ധതിയിൽ ഊന്നൽ നൽകേണ്ടതുണ്ട്. കഴിഞ്ഞ പത്തു വർഷമായി ചർച്ച ചെയ്തിട്ടും ഇനിയും വേണ്ടത്ര പ്രായോഗികമാകാത്ത സംയോജനത്തിന്റെയും ഏകോപനത്തിന്റെയും സാധ്യതകൾ വനിതാഘടകപദ്ധതിയെ സംബന്ധിച്ച് അടിയന്തര ശ്രദ്ധ ലഭിക്കേണ്ട ഒന്നാണ്. കാരണം സംസ്ഥാന തലത്തിൽ രൂപീകരിക്കുന്ന സ്ത്രീ വികസന വകുപ്പ്, വിവിധ വകുപ്പുകളും ഏജൻസികളും നടപ്പാക്കുന്ന സ്ത്രീ വികസന പരിപാടികളുടെ ഏകോപനമാണ് ലക്ഷ്യമാക്കുന്നത്. എന്നാൽ വനിതാ ഘടകപദ്ധതിയുടെ കാര്യത്തിൽ ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ തമ്മിലുള്ള ഏകോപനം പോലും ഇനിയും ഫലപ്രദമാകാത്ത സാഹചര്യമാണുള്ളത്. സംസ്ഥാനതല സ്ത്രീവികസന പരിപാടികളുമായി ഏകോപിപ്പിച്ചു കൊണ്ട് ത്രിതല പഞ്ചായത്തുകളുടെ വനിതാഘടക പദ്ധതി വിപുലമാക്കുന്നതിനും ഫലപ്രദമാക്കുന്നതിനും അപാര സാധ്യതകളാണുള്ളത്. എന്നാൽ അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ജില്ലാതലത്തിൽ സമഗ്രവികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വനിതാഘടകപദ്ധതി ഏകോപിപ്പിക്കപ്പെടണം.

വനിതാഘടക പദ്ധതി പഞ്ചവത്സര പദ്ധതികൾ വെച്ചു നീട്ടുന്ന ഒരു സൗജന്യമല്ല, നിശ്ചിത ടാർജറ്റുള്ള ഒരു പാക്കേജല്ല, നിലവിലുള്ള അസമത്വത്തിന്റെയും ചൂഷണത്തിന്റെയും ചങ്ങലകൾ തകർക്കുന്ന മന്ത്രവുമല്ല. എന്നാൽ കേരളത്തിന്റെ സവിശേഷ സാമൂഹ്യ സാഹചര്യത്തിൽ വനിതാഘടക പദ്ധതി സൃഷ്ടിക്കുന്ന സാധ്യതകൾ നാം തിരിച്ചറിയേണ്ടതുണ്ട്. വികസനത്തിൽ ലിംഗനീതി ഉറപ്പാക്കുന്നതിനും നിലനിൽക്കുന്ന ലിംഗപദവി ബോധം തിരുത്തുന്നതിനും ലഭിക്കുന്ന ഈ അവസരം പൂർണ്ണമായി പ്രയോജനപ്പെടുത്തുകയെന്നത് ചരിത്രം ഏൽപ്പിക്കുന്ന കടമയാണ്.

*ലേഖിക*
*തിരുവനന്തപുരം യൂണിവേഴ്സിറ്റി*
*കോളേജിൽ മലയാള വിഭാഗം*
*അദ്ധ്യാപികയാണ്*

# സദ്ഭരണ നിർവ്വഹണ പദ്ധതിയിൽ എന്തൊക്കെ ഉണ്ടാകണം?



കെ.രാജശേഖരൻ

സദ്ഭരണത്തിൽ സർക്കാരും ജനങ്ങളും തമ്മിലുള്ള ഇണക്കം കൂടുകയും ഇടപെടൽ ഗുണപരവും മെച്ചമുള്ളതാകുകയും ചെയ്യും

പൊതുകാര്യങ്ങളിൽ പൊതു ഫണ്ട് ഉപയോഗിച്ച് പൊതുതീരുമാനം എടുക്കുകയും അവ നിർവ്വഹിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് പൊതുഭരണ നിർവ്വഹണം. ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധമുള്ള സുപ്രധാന കാര്യങ്ങളുടെ ഭരണനിർവ്വഹണം ഇന്ന് പഞ്ചായത്ത്-മുനിസിപ്പൽ സ്ഥാപന ങ്ങളിലേക്ക് കൈമാറിക്കഴിഞ്ഞു. പക്ഷേ അവയുടെ ഭരണനിർവ്വഹണരീതി പ്രൊഫഷണൽ സ്വഭാവമില്ലാത്തതും സദ്ഭരണമെന്ന് (good governance) പറയാൻ പ്രയാസമുള്ളതുമാണ്. അതു മാറ്റിയെടുക്കുകയാണ് സദ്ഭരണ നിർവ്വഹണ പദ്ധതിയുടെ ലക്ഷ്യം.

**2 സദ്ഭരണം - ഒരു നിർവ്വചനം**

തങ്ങളിൽ അർപ്പിതമായ ഉത്തരവാദി ത്തങ്ങൾ നിറവേറ്റുകയും അതിനായി അധികാരങ്ങൾ അതി തീവ്രമായി ഉപ യോഗിക്കുകയും ചെയ്യുന്ന പൗരസൗ ഹൃദപരവും സേവനപരവും, സുതാര്യ വും, അക്കൗണ്ടബിലിറ്റി ഉള്ളതും, ഉദ്യോഗസ്ഥ ആധിപത്യമില്ലാത്തതും, പ്രതിപ്രവർത്തനക്ഷമത (responsive) യുള്ളതും, സമത്വവും നീതിയും പാലി ക്കുന്നതും, പാവപ്പെട്ടവരെയും പാർശ്വവ ൽക്കരിക്കപ്പെട്ടവരെയും പക്ഷപാതിത്വ മില്ലാതെ പങ്കാളികളാക്കുന്നതും, നിയമ വ്യവസ്ഥകൾക്കനുസരിച്ചു മാത്രം പ്രവർ ത്തിക്കുന്നതും, അധികാരദുർവിനിയോ ഗ സാധ്യതകൾ കുറഞ്ഞതും, ജനങ്ങളു ടെ അഭിപ്രായ ഐക്യത്തിന്റെ പിൻബല ത്തോടെ നടത്തുന്നതും, സുസ്ഥിരതയും ദീർഘകാല കാഴ്ചപ്പാടും സ്ഥായിയായ പ്രവർത്തനമുള്ളതും അഴിമതി രഹിത വുമായ ഭരണമാണ് സദ്ഭരണം.

സദ്ഭരണത്തിൽ സർക്കാരും ജന ങ്ങളും തമ്മിലുള്ള ഇണക്കം കൂടുകയും ഇടപെടൽ ഗുണപരവും മെച്ചമുള്ളതാ കുകയും ചെയ്യും. തദ്ദേശഭരണ സ്ഥാപ നങ്ങൾ അവയിൽ അർപ്പിതമായ യാഥാ സ്ഥിതിക ചുമതലകളിൽ ഒതുങ്ങി നിന്നു യാന്ത്രികമായി പ്രവർത്തിക്കുന്നതിന പ്പുറം നൂതനമായ മേഖലകളിലേക്ക് ചുവടുവെയ്ക്കുകയെന്നത് സദ്ഭരണ മാണ്. സബ്സിഡിയാരിറ്റി തത്വ (principle of subsidiarity) മാണ് ഇതിന് ആധാരമാക്കേണ്ടത്.

**3 സദ്ഭരണ പദ്ധതിയിൽ ഊന്നൽ നൽകേണ്ട കാര്യങ്ങൾ**

ഭരണനിർവ്വഹണ പദ്ധതിയ്ക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് ഒരു സദ് ഭരണ നിർവ്വഹണ പദ്ധതി, പതിനൊ ന്നാം പദ്ധതിയുടെ ഭാഗമായി സമർപ്പി ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സദ്ഭരണ നിർവ്വഹണ പദ്ധതിയിൽ ഭരണ നിർവ്വഹണത്തിന്റെ മേന്മ വർദ്ധി പ്പിക്കുന്നതിനായി മുൻകൂട്ടി കൃത്യമായി നിർണ്ണയിക്കുന്ന ലക്ഷ്യങ്ങളോടു കൂടി, ഭരണപരിഷ്കരണങ്ങളും അവയുടെ നിർവ്വഹണത്തിന്റെ സമയപരിധിയും നിജപ്പെടുത്തിയ പരിപാടികൾ ഉൾപ്പെ ടുത്തണം. അതതു തദ്ദേശഭരണ സ്ഥാപ നത്തിൽ നല്ല ഭരണം സൃഷ്ടിക്കാനാവ ശ്യമായ ഏതു ഘടകങ്ങളും ഇതിൽ ഉൾ പ്പെടുത്താം. എങ്കിലും ഊന്നൽ നൽ കേണ്ട 13 കാര്യങ്ങൾ ഒരു സൂചക പട്ടിക യായി മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

***3.1 ജനപങ്കാളിത്തം വർദ്ധിപ്പിക്കൽ***

പൊതുഫണ്ട് പൊതുവായ കാര്യ ങ്ങൾ നിർവ്വഹിക്കാനായി ഉപയോഗിക്കു മ്പോൾ ജനങ്ങളുടെ സമാഹൃത അഭി പ്രായങ്ങൾക്ക് അനുസരിച്ചായിരിക്കണം അതിന്റെ ആസൂത്രണവും നിർവ്വഹണ വും നടത്തേണ്ടത്. ജനങ്ങളോട് ആലോ ചിച്ചാൽ (consult) മാത്രം പോരാ, മറിച്ച് ജനങ്ങളെ പൂർണ്ണപങ്കാളികളാക്കി അവ രുടെ യഥാർത്ഥ അഭിപ്രായങ്ങൾ അറി ഞ്ഞ് അതിനനുസരിച്ച് വേണം പദ്ധതി ആസൂത്രണവും നിർവ്വഹണവും നട ത്തേണ്ടത്. അതിനായി തദ്ദേശഭരണ സ്ഥാപനം അവലംബിക്കാനുദ്ദേശി

ക്കുന്ന കാര്യങ്ങൾ വ്യക്തമാക്കണം. ഗ്രാമസഭ, വികസന സെമിനാർ, സ്റ്റേക്ക് ഹോൾഡർ ചർച്ച, വർക്കിംഗ് ഗ്രൂപ്പ്, മോണിറ്ററിംഗ് കമ്മിറ്റി, പുതിയതായി നിർദ്ദേശിക്കുന്ന ജനകീയ ഇടപെടൽ വേദികൾ, തദ്ദേശഭരണ സംവിധാനത്തിന്റെ മറ്റു ജനപങ്കാളിത്ത സാധ്യതയുള്ള വേദികൾ, കർഷക സമിതികൾ, അദ്ധ്യാപക-രക്ഷാകർതൃസമിതികൾ എന്നിവയിൽ എങ്ങനെ ജനങ്ങളെ പങ്കെടുപ്പിക്കാമെന്നു വിശദമാക്കണം.

### *3.2 അക്കൗണ്ടുകൾ കൃത്യമായി സൂക്ഷിക്കൽ*

ലഭിച്ചതും ചെലവാക്കിയതും ശേഷിക്കുന്നതുമായ പണത്തിന്റെ കണക്കുകൾ കൃത്യമായി അറിയാനാകും വിധം എഴുതി സൂക്ഷിച്ചാൽ മാത്രമേ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമായി നിർവ്വഹിക്കാൻ കഴിയൂ. കണക്കുകൾ കൃത്യമല്ലെങ്കിൽ ദീർഘകാല ആസൂത്രണം അസാധ്യമാകും. ഭരണത്തിൽ സൂക്ഷ്മത വർദ്ധിപ്പിക്കാൻ, ലഭിച്ച പണത്തിന്റെയും ചെലവാക്കിയ പണത്തിന്റെയും അത് എന്തിനൊക്കെ എങ്ങനെയൊക്കെ ചെലവാക്കിയെന്നുമുള്ള കണക്കുകളുടെ രേഖകൾ ഉണ്ടാക്കേണ്ടതുണ്ട്. ധനപരമായ ആരോഗ്യം കാത്തു സൂക്ഷിക്കാത്ത ഒരു സ്ഥാപനത്തിന് പ്രവർത്തനക്ഷമത കൈവരിക്കാൻ കഴിയില്ല. വാർഷിക ആഡിറ്റ് റിപ്പോർട്ടിൽ നടപടി സ്വീകരിക്കുക, അതു ഗ്രാമസഭയിൽ വയ്ക്കുക, കൃത്യമായ മറുപടി നൽകുക എന്നിവയിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന രീതികളും കണക്കുകൾ കൃത്യമാക്കലിന്റെ ഭാഗമാണ്. സ്ഥാപനത്തിന്റെ വരവു ചെലവുകണക്കുകളുടെ കൃത്യമായ രേഖപ്പെടുത്തലിനു സ്വീകരിക്കുന്ന നടപടികളാണ് ഇവിടെ വിശദമാക്കേണ്ടത്.

### *3.3 ഗുണഭോക്തൃ രജിസ്റ്റർ കൃത്യമായി ഉണ്ടാക്കൽ*

പ്രധാന ആസ്തികൾക്കായി ഇതുവരെ നൽകിയ ആനുകൂല്യങ്ങൾ ആർക്കൊക്കെയാണ് നൽകിയതെന്ന് അറിയാനാകുന്ന ഒരു സമ്പൂർണ്ണ രജിസ്റ്റർ തയ്യാറാക്കുന്നത് ഒരാൾക്കുതന്നെ വീണ്ടും വീണ്ടും പക്ഷപാതപരമായി ആനുകൂല്യങ്ങൾ നൽകുന്നത് തടയാനും നൽകിയവർ അതു പ്രയോജനപ്പെടുത്തിയോ എന്നു പഠിക്കാനും നൽകാത്ത മറ്റുള്ളവരെ കണ്ടെത്തുന്നത് ശാസ്ത്രീയമാക്കാനും അധികാര ദുർവിനിയോഗവും അഴിമതിയും കുറയ്ക്കാനും ഉപകരിക്കും. വ്യക്തിഗത ആനുകൂല്യങ്ങൾ പദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായി നല്കുന്നിടത്തോളം ഈയൊരു രജിസ്റ്റർ അത്യാവശ്യമാണ്. അതു തയ്യാറാക്കുന്നതിനും തുടർന്നു കൊണ്ടു പോകുന്നതിനുമുള്ള സമയബന്ധിത പദ്ധതി ആവിഷ്ക്കരിക്കണം.

### *3.4 ഭരണ നടപടികൾ സുതാര്യ മാക്കൽ*

ഭരണസംബന്ധമായ മിക്ക വിവരങ്ങളും ഏതൊരാൾക്കും അറിയാൻ ഇന്നു വ്യവസ്ഥയുണ്ട്. വിവരാവകാശ നിയമത്തിലെ ഭരണപരിഷ്കരണ നിബന്ധനകളും വിവരലഭ്യതാരീതിയും കാര്യക്ഷമമായി നടപ്പാക്കുന്നതിനു വേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളാണ് ഈ ഭാഗത്ത് രേഖപ്പെടുത്തേണ്ടത്. മൂലധന വിനിയോഗ ഇനമായ പൊതുമരാമത്തിന്റെയും സാധനങ്ങൾ വാങ്ങലിന്റെയും നടപടികൾ സുതാര്യമാക്കുന്നതിനു മുൻഗണന നൽകണം. ഏറ്റവും കൂടുതൽ വിവരങ്ങൾ എല്ലാവരെയും അറിയിക്കാനും ഏതു വിവരവും ഏതൊരാൾക്കും ലഭിക്കാനും അതു സാധ്യമാകും വിധം രേഖകൾ സൂക്ഷിക്കാനും വേണ്ടി ചെയ്യാനുദ്ദേശിക്കുന്ന നടപടിക്രമങ്ങൾ ഈ ഭാഗത്ത് ഉൾപ്പെടുത്തണം.

### *3.5 സേവനം നൽകൽ കാര്യക്ഷമമാക്കാൻ ഇലക്ട്രോണിക്ക് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തൽ*

കമ്പ്യൂട്ടറുകൾ ഉപയോഗപ്പെടുത്തി സേവനങ്ങൾ ആർക്കും എവിടെയും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് രേഖപ്പെടുത്തേണ്ടതുണ്ട്. ജനന മരണ വിവരങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാക്കിയാൽ ആർക്കു വേണമെങ്കിലും ഏതു സമയത്തും ഏതു സ്ഥലത്തു നിന്നും സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത് എടുക്കാം. അത്തരം നൂതനമായ കാര്യങ്ങൾ ഏതെല്ലാം എങ്ങനെ ചെയ്യാനുദ്ദേശിക്കുന്നുവെന്ന് രേഖപ്പെടുത്തണം.

### *3.6 ജനന-മരണ രജിസ്ട്രേഷന്റെ പൂർത്തീകരണം*

അപൂർണ്ണമായിക്കിടക്കുന്ന ജനന മരണ രജിസ്ട്രേഷൻ വിവരങ്ങൾ പൂർണ്ണമാക്കാൻ സ്വീകരിക്കേണ്ട സമയബന്ധിതമായ നടപടികളാണ് ഈ ഭാഗത്ത് ഉണ്ടാവേണ്ടത്. അപൂർണ്ണമായ ജനന-മരണ രജിസ്ട്രേഷൻ മൂലമുള്ള ഭരണത്തിന്റെ കാര്യക്ഷമതയില്ലായ്മ പരിഹരിക്കുകയാണ് ലക്ഷ്യം.

### *3.7 പൗരസേവനം നൽകൽ മെച്ചമാക്കുക*

പൗരസേവനങ്ങൾ നൽകാനായി നിലനിർത്തിയിരിക്കുന്ന സ്ഥാപനങ്ങളാണ് പഞ്ചായത്തുകളും നഗരപാലികാ സ്ഥാപനങ്ങളും. അവയുടെ പൗരസേവനങ്ങൾ എങ്ങനെയൊക്കെ മെച്ചപ്പെടുത്താൻ എന്തൊക്കെ ആ സ്ഥാപനങ്ങൾ വിഭാവനം ചെയ്യുന്നു എന്നതാണ് ഈ ഭാഗത്ത് രേഖപ്പെടുത്തേണ്ടത്. അപേക്ഷകൾ ലഭിക്കുന്ന മുറക്ക് മുൻഗണനാക്രമം പാലിച്ചുകൊണ്ട് മാത്രമേ സേവനങ്ങൾ നല്കൂ എന്ന തത്വം ആവിഷ്കരിക്കുന്നതാണ് അതിൽ ഏറ്റവും പ്രധാനം. അതിനു വേണ്ട നടപടിക്രമങ്ങൾ ആവിഷ്ക്കരിക്കണം. പൗരന് ചിട്ടയായും കൃത്യമായ വ്യവസ്ഥകളും അപേക്ഷയുടെ മുൻഗണനാക്രമവും പാലിച്ചുകൊണ്ടും എത്ര കുറഞ്ഞ സമയത്തിനുള്ളിൽ ഒരു സ്ഥിരരീതിയായി സേവനങ്ങൾ നല്കാമെന്ന കാര്യമാണ് ഇതിൽ ഉൾപ്പെടുത്തേണ്ടത്. ശുദ്ധജലം, ശുചീകരണം എന്നിവ പോലുള്ള പൗരസേവനങ്ങളും ക്ഷേമപ്രവർത്തനങ്ങൾ പോലുള്ള സാമൂഹ്യവികസന പരിപാടികളും ആരോഗ്യം, വിദ്യാഭ്യാസം പോലുള്ള മാനവ വികസന പരിപാടികളും അവയുടെ പ്രത്യേകതകൾ മനസ്സിലാക്കി മെച്ചമാക്കാനുള്ള സമീപനം ഈ ഖണ്ഡത്തിൽ ഉൾപ്പെടുത്തണം.

### *3.8 അഴിമതികുറയ്ക്കാൻ സാമൂഹ്യ ആഡിറ്റ് നടപ്പാക്കുക*

ഭരണനടപടികളിൽ വിവേചന സാധ്യത കുറയ്ക്കും വിധം നടപടിക്രമങ്ങൾ കൃത്യമാക്കുകയും ഒരു ഭരണാധികാരിക്കും ഒറ്റയ്ക്ക് ഒന്നിലും സമ്പൂർണ്ണ നിയന്ത്രണം നല്കാതിരിക്കലും തെറ്റുകൾ ചോദ്യം ചെയ്യാൻ സംവിധാനമുണ്ടാക്കലുമാണ് അഴിമതിയെ നേരിടാൻ ആവശ്യം. പൊതു പണം സ്വകാര്യ വ്യക്തികളിലേക്കു കൈമാറലാണ് അഴിമതി. അത് അർബുദം പോലെ ഭരണ വ്യവസ്ഥയെ ക്ഷയിപ്പിക്കുകയാണ്. പണവും സ്വാധീനവുമുള്ളവർക്ക് കാര്യങ്ങൾ എളുപ്പം നടത്താനും പണമില്ലാത്തവർക്ക് അതു ലഭിക്കാതിരിക്കാനും ഇതു കാരണമാകും. ഭരണസംവിധാനത്തിലെ ചിട്ടകളെയും കാര്യക്ഷമതയെയും അഴിമതിക്കാർ ഇല്ലാതാക്കും. അതിനെ നിയന്ത്രിക്കാൻ ജനങ്ങൾക്ക് ഭരണനിർവ്വഹണത്തിൽ ഇടപെടാനും (സോഷ്യൽ ആഡിറ്റ്) അപാകതകൾ ചൂണ്ടിക്കാണിക്കാനും ഏതെല്ലാം സംവിധാനം ഒരുക്കാൻ ആലോചിക്കുന്നു എന്നതാണ് ഈ ഭാഗത്ത് രേഖപ്പെടുത്തേണ്ടത്.

### *3.9 സേവനങ്ങൾ നൽകുന്നതിനുള്ള രീതികൾ*

ഓരോ തദ്ദേശഭരണ സ്ഥാപനവും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം എന്നു നിർബന്ധ വ്യവസ്ഥയുണ്ട്. സേവനങ്ങളുടെ കൃത്യമായ ഒരു പട്ടികയാണ് പൗരാവകാശരേഖ. അതിൽ വിവരി

ക്കുന്ന സമയക്രമത്തിലും ഗുണനിലവാരത്തിലും സേവനങ്ങൾ നൽകുന്നതിന് വേണ്ടി ഒരുക്കേണ്ട കാര്യങ്ങളാണ് ഈ ഖണ്ഡത്തിൽ രേഖപ്പെടുത്തേണ്ടത്.

### *3.10 സേവനങ്ങൾ ആവശ്യക്കാരിൽ എത്തിക്കുക.*

നല്കുന്ന സേവനങ്ങൾ പൗരന്റെ അവകാശമാണെന്നും തദ്ദേശഭരണ സ്ഥാപനത്തിന്റെ ഔദാര്യമല്ലെന്നും ഉള്ള ബോധത്തോടെ ഭരണത്തിലെ ഗുണഭോക്താക്കളല്ല, യജമാനന്മാർ ആണ് ജനങ്ങൾ എന്ന ധാരണ പുനഃസ്ഥാപിക്കും വിധം സേവനങ്ങൾ നല്കുക മാത്രമല്ല ജനങ്ങൾക്കരികിലേക്ക് അവ എത്തിക്കുന്നതിനും അവർക്ക് സൗകര്യപ്രദമായി അവ ലഭിക്കുംവിധം സംവിധാനം ചെയ്യുന്നതിനുമുള്ള നടപടികൾ ഈ ഖണ്ഡത്തിൽ രേഖപ്പെടുത്തണം. സേവനങ്ങൾ ഇന്റർനെറ്റ് വഴി ലഭ്യമാക്കൽ, ജനങ്ങളിലേക്ക് സേവനങ്ങൾ എത്തിക്കലിന്റെ ഭാഗമാണ്. കൃത്യമായ അപേക്ഷയനുസരിച്ച് സർട്ടിഫിക്കറ്റുകൾ അയച്ചുകൊടുക്കൽ ഈ ഗണത്തിൽപ്പെടും. പൊതുസ്ഥലങ്ങളിൽ സേവനങ്ങൾ ലഭ്യമാക്കുന്ന പഴയ രീതിയിൽ നിന്നും മാറി സേവനങ്ങൾ വ്യക്തികൾക്ക് അവർ ആഗ്രഹിക്കുംവിധം രൂപമാറ്റത്തോടെ (form) നല്കുന്നതും ഇതിന്റെ പരിധിയിൽപ്പെടും.

### *3.11 പൊതുജനപരാതി സംവിധാനം ഒരുക്കൽ*

പൊതുഉത്തരവാദിത്തങ്ങളും സേവനങ്ങളും നല്കുന്ന സ്ഥാപനമായതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്ക് അവരുടെ പരാതി പറയാനും അതു പരിഹരിക്കാനുമുള്ള സംവിധാനം ആവിഷ്ക്കരിക്കണം. ജനങ്ങൾക്ക് പ്രയാസങ്ങളും ആവലാതികളും പരിഹരിക്കാൻ ആരെ സമീപിക്കണമെന്ന് നിശ്ചയിക്കുകയാണ് വേണ്ടത്. ഓരോ തരം പരാതിയും സ്വീകരിച്ചു തീർപ്പാക്കാൻ നിശ്ചിത ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തണം. സംസ്ഥാനതല പരാതിപരിഹാര സംവിധാനമായ ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ പരാതികൾ കുറയാനും അവയിൽ നിന്നും ആഴത്തിലുള്ള തീർപ്പുകൾ ഉണ്ടാകാനും അതു സഹായിക്കും. തദ്ദേശഭരണസ്ഥാപനത്തിലെ ഭരണകാര്യക്ഷമതയും സേവനം നൽകുന്നതിലെ ഗുണനിലവാരവും മെച്ചപ്പെടുത്താനും പരാതിപരിഹാര സംവിധാനം ഗുണം ചെയ്യും. തദ്ദേശഭരണ അധ്യക്ഷനും ഉദ്യോഗസ്ഥമേധാവികളും, പൗരന്മാരും ഉൾപ്പെടുന്ന ചെറിയ അപ്പീൽ കമ്മിറ്റികളും പരാതി പരിഹാരത്തിന് ഉണ്ടാകുന്നത് നന്ന്. അത് കൂടുന്നതിന് കൃത്യമായ ഇടവേളകൾ നിശ്ചയിക്കണം, നടപടിക്രമങ്ങളും ആവിഷ്കരിക്കണം. ആധുനിക സ്ഥാപനങ്ങളിൽ പരാതിപരിഹാരം കാര്യക്ഷമതാ വർദ്ധനവിനുള്ള അനുപേക്ഷണീയമായ ഘടകമാണ്. ജനങ്ങളാണ് തദ്ദേശഭരണ സംവിധാനത്തിലെ യജമാനൻമാർ എന്നത് ഉറപ്പിക്കുന്ന ഒന്നു കൂടിയാണിത്.

### *3.12 ഉദ്യോഗസ്ഥശേഷിയും പ്രവർത്തനരീതിയും മെച്ചമാക്കൽ*

തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥർ വഴിയാണ് ജനങ്ങളിലെത്തിക്കുന്നത്. ഭരണനിർവ്വഹണത്തിൽ ജനപ്രതിനിധികൾക്ക് അധികം പങ്കില്ല. അതിനാൽ സേവനങ്ങൾ മെച്ചപ്പെടുത്തണമെങ്കിൽ ഉദ്യോഗസ്ഥരുടെ ജോലികൾ വിഭജിച്ച് നിജപ്പെടുത്തുകയും നടപടിക്രമങ്ങൾ കൃത്യമാക്കുകയും ഏകോപനസംവിധാനമൊരുക്കുകയും വേണം. ഉദ്യോഗസ്ഥ കൃത്യനിഷ്ഠയും പ്രവർത്തനശേഷിയും മെച്ചപ്പെടുത്തണം. അതിനുവേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിശീലനങ്ങൾ, കൂടിയാലോചനകൾ, അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച അവലോകനങ്ങൾ എന്നിവ എങ്ങനെ ഏതു ഇടവേളകളിൽ ആവിഷ്കരിക്കുമെന്ന് ഈ ഖണ്ഡത്തിൽ രേഖപ്പെടുത്തണം. കൈമാറ്റം ചെയ്യപ്പെട്ട എക്സ്റ്റൻഷൻ ഉദ്യോഗസ്ഥരുടെ ഒരു വൻനിര ഇന്നു തദ്ദേശഭരണസ്ഥാപനങ്ങളിലുണ്ട്. അവരെ എന്തിനൊക്കെ വിനിയോഗിക്കണമെന്ന് ആലോചിക്കണം. ഉദ്യോഗസ്ഥവൃന്ദത്തെ ഏകോപിപ്പിക്കാനും, അവരുടെ താല്പര്യം പ്രോത്സാഹജനകമായി നിലനിർത്താനും സേവനങ്ങൾ നല്കുന്നതിലെ പിഴവുകൾ പരിഹരിച്ച് മേന്മയുള്ളതാക്കാനും ഉള്ള പ്രായോഗിക പരിപാടികളാണ് ഈ ഖണ്ഡത്തിൽ വിശദമാക്കേണ്ടത്.

### *3.13 കുടുംബശ്രീ വഴിയുള്ള ജനകീയ മോണിട്ടറിംഗ്*

സ്ത്രീഅയൽക്കൂട്ടങ്ങളെ ഉപയോഗപ്പെടുത്തി, പാവപ്പെട്ടവരെ ലക്ഷ്യമാക്കി തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചമാക്കാനുള്ള സംവിധാനവും ആവിഷ്കരിക്കണം. ജനങ്ങളിൽ ഏറ്റവും താഴ്ന്ന വരുമാനക്കാരുമായി ആത്മബന്ധമുള്ള കുടുംബശ്രീ ശരിയായ ജനകീയഅഭിപ്രായം തദ്ദേശഭരണ സ്ഥാപനത്തിനു നല്കാൻ കെല്പുള്ളവരാണ്. അവരുടെ പക്കലുള്ള വിവരശേഖരം എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് ആലോചിക്കണം. തദ്ദേശഭരണത്തിലെ കാര്യപ്രാപ്തിയും ലക്ഷ്യം നേടലും മികവുറ്റതാക്കാൻ ഇതു സഹായിക്കും. അതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് എന്തെല്ലാം ചെയ്യണമെന്നതിനെക്കുറിച്ച് ഈ ഖണ്ഡത്തിൽ ഉൾപ്പെടുത്തണം.

## 4 ഭരണ മേന്മ വർദ്ധിപ്പിക്കുന്ന മറ്റിനങ്ങൾ ഉൾപ്പെടുത്താമോ?

ഭരണമേന്മ വർദ്ധിപ്പിക്കുന്ന എന്തും സദ്ഭരണ പദ്ധതിയിൽ ഉൾപ്പെടുത്താം. മേൽവിവരിച്ചത് ഒരു സൂചക പട്ടിക മാത്രമാണ്. ക്രിയാത്മകമായ സദ്ഭരണ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനം സ്വയം മുന്നോട്ടുവയ്ക്കുകയും നടപ്പിലാക്കുകയുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

നിയമങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ട പ്രാദേശിക ഭരണസംവിധാനത്തിന് ആധാരമായ നിയമവ്യവസ്ഥകളിലെ അവ്യക്തതകൾ, അപൂർണ്ണതകൾ, ഇല്ലായ്മകൾ എന്നിവ കണ്ടെത്തി അവയ്ക്ക് ബൈലാകൾ നിർമ്മിച്ച് നിയമപിൻബലം എങ്ങനെ വർദ്ധിപ്പിക്കാമെന്നതിനെക്കുറിച്ച് സദ്ഭരണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് നന്ന്. നൂതന പ്രവർത്തന മേഖലകളിൽ ഇടപെടാനാഗ്രഹിക്കുന്ന തദ്ദേശഭരണ സ്ഥാപനത്തിന് ബൈലാ നിർമ്മാണത്തിലൂടെ ആ പ്രവർത്തനത്തിന് നിയമപ്രാബല്യം ഉണ്ടാക്കാം. അതുപോലെ ഒട്ടനവധി നൂതന കാര്യങ്ങൾ സദ്ഭരണ പദ്ധതിവഴി നടപ്പാക്കാം.

## 5 ഉപസംഹാരം

ചുരുക്കത്തിൽ, തദ്ദേശഭരണസ്ഥാപനത്തിലെ അഴിമതി കുറയ്ക്കാനും ന്യൂനപക്ഷങ്ങളെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും സ്ത്രീകളെയും ഭരണതീരുമാനങ്ങളിൽ ഉൾപ്പെടുത്താനും അവരുടെ ഉൾപ്പെടുത്തൽ ഉപരിപ്ലവമായ ആലോ ചനകളിൽ ഒതുക്കി നിർത്താതെ സമ്പൂർണ്ണ പങ്കാളിത്തമാക്കാനും തദ്ദേശഭരണ നിയമവ്യവസ്ഥകളിലെ വിടവോ അവ്യക്തതകളോ പരിഹരിക്കാനായി ബൈലാ നിർമ്മിക്കുന്നതിനും സുതാര്യത വർദ്ധിപ്പിക്കാനായി പൗരൻ ആവശ്യപ്പെടാതെ ജനങ്ങൾക്കു ഏറ്റവും കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാനും എല്ലാ വിഭാഗം ആളുകളുടെയും താല്പര്യം സംരക്ഷിക്കാനും സമവായത്തിൽ തീരുമാനത്തിലെത്താനും ഭരണകാര്യക്ഷമതയ്ക്കും ഫലപ്രാപ്തിയ്ക്കുവേണ്ടിയും സമയബന്ധിതമായി എന്തെല്ലാം ചെയ്യുമെന്നാണ് സദ്ഭരണ പദ്ധതിയിൽ ഉണ്ടാകേണ്ടത്.

---

*ലേഖകൻ*
*തൃശ്ശൂർ കിലയിൽ*
*ലൈബ്രേറിയനാണ്*



ലേഖനപരമ്പര–6

വി. സുഭാഷ്ചന്ദ്രബോസ്

# നീർത്തടങ്ങൾ അഥവാ നീർമറികൾ

**ഭൂ**മിശാസ്ത്രപരമായി ഭൂമിയെ കര ഭാഗം, കടൽ എന്നിങ്ങനെ പ്രധാനമായും രണ്ടായി തരം തിരിക്കാവുന്നതാണ്. ഇവയിൽ കരഭാഗത്തെ പർവ്വതങ്ങൾ, മലകൾ, പീഠഭൂമികൾ. സമതലങ്ങൾ, താഴ്‌വരകൾ എന്നിങ്ങനെ വിവിധ ഉപവിഭാഗങ്ങളായി വേർതിരിച്ച് മനസിലാക്കുവാൻ കഴിയും. അതോടൊപ്പം ജലത്തിന്റെ ഒഴുക്കിന്റെയും വ്യാപനത്തിന്റെയും അടിസ്ഥാനത്തിലും പ്രദേശങ്ങളെ ചെറു വിഭാഗങ്ങളായി പരിഗണിക്കുവാൻ സാധിക്കുന്നതാണ്. മഴയുടെ ഫലമായി ഭൂമിയിൽ വെള്ളം പതിച്ചു കഴിഞ്ഞാൽ അവ വിവിധ ഭൂരൂപങ്ങളിലൂടെയാണ് ഒഴുകുന്നത്. ഭൂമിശാസ്ത്ര ഘടകങ്ങളായ ഉയർച്ച, താഴ്ച, ചരിവ്, മണ്ണിന്റെ സ്വഭാവം, പാറയുടെ ഘടന, ഭൂവിനിയോഗം എന്നിവയുടെ സ്വാധീനത്തിൽ പെട്ട് വിവിധസ്ഥലങ്ങളിലൂടെയായിരിക്കും ജലം താഴേക്ക് ഒഴുകുന്നത് ഉയർന്ന ഭൂഭാഗങ്ങളിൽ നിന്ന് താഴ്‌വരകളിലേയ്ക്ക് ജലം ഒഴുകുന്നരീതികൾക്കനുസരിച്ചായിരിക്കും ചെറുചാലുകളും പുഴകളും തോടുകളും നദികളും രൂപപ്പെടുന്നത്. വിവിധ സ്ഥലങ്ങളിൽ നിന്നുത്ഭവിക്കുന്ന അനേകം ചെറു ചാലുകൾ ചേർന്നായിരിക്കും നദികൾ ഉടലെടുക്കുന്നത്.

ഭൂമിയിലെ കരഭാഗത്തെ നീർച്ചാലുകളുടെയും തോടുകളുടെയും നദികളുടെയും അടിസ്ഥാനത്തിൽ വിവിധ പ്രദേശങ്ങളായി വേർതിരിക്കാവുന്നതാണ്. ഒരു പ്രദേശത്തു നിന്നും സ്വതന്ത്രമായും ആദ്യമായും ഉൽഭവിക്കുന്ന നീരൊഴുക്ക് ചാലിനെ "ഒന്നാം നിരചാൽ" (First order stream) എന്നു പറയുന്നു. സ്വതന്ത്രസ്ഥാനങ്ങളിൽ രൂപപ്പെടുന്ന രണ്ട് ഒന്നാംനിര ചാലുകൾ മറ്റെവിടെയെങ്കിലും വച്ച് ഒത്തു ചേർന്ന് ഒഴുകുവാൻ തുടങ്ങും. രണ്ട് ഒന്നാം നിരചാലുകൾ ഒത്തു ചേർന്ന് ഒന്നായി ഒഴുകുന്ന ചാലിനെ "രണ്ടാം നിര ചാലുകൾ" (II$^{nd}$ order stream) എന്നു വിളിക്കപ്പെടുന്നു. ഇതേ രീതിയിൽ രണ്ടാം നിരചാലുകൾ രണ്ടെണ്ണം ചേർന്ന് മൂന്നാം നിരചാലും – മൂന്നാം നിര ചാലുകൾ ചേർന്ന് നാലാം നിരചാലും നാലാം നിരചാലുകൾ ചേർന്ന് അഞ്ചാം നിരചാലുമുൾപ്പെടെ വിവിധ നിരകളിലായിട്ടാണ് ചാലുകൾ കാണപ്പെടുന്നത്. വലിയ ഒരു നദി ചിലപ്പോൾ അഞ്ചാം നിരയോ മറ്റൊ ആയിരിക്കും.

ഒരു നദിയിൽ അവയിലേക്ക് ജലം എത്തിക്കുന്ന വിവിധ ചെറുചാലുകളും തോടുകളും കാണാവുന്നതാണ്. ചെറുചാലുകൾ മുതൽ നദികൾ വരെയുള്ള വിവിധ നിരകളിലുള്ള ഓരോ നീരൊഴുക്കിന് ചുറ്റും അവയിലേക്ക് ജലം വരികയും അവയിൽ നിന്നും ജലം വ്യാപിക്കുകയും ചെയ്യുന്ന ഭൂഭാഗം ഓരോ നീരൊഴുക്കിനു ചുറ്റും ഭൂമിയിൽ വേർതിരിക്കാവുന്നതാണ്. അങ്ങനെ ചെറുചാലുകൾ മുതൽ നദികൾ വരെയുള്ള ഏതെങ്കിലുമൊരു നീരൊഴുക്കിനു ചുറ്റും അവയിലേക്കുള്ള നീരൊഴുക്കുപ്രദേശങ്ങൾ വേർതിരിക്കുവാൻ കഴിഞ്ഞാൽ അങ്ങനെ വേർതിരിക്കപ്പെടുന്ന പ്രദേശങ്ങളെ ചാലിന്റെയോ, നദിയുടെയോ നീർത്തടങ്ങൾ എന്ന് പറയാവുന്നതാണ്.

വിഭജനരേഖ എന്നർത്ഥം വരുന്ന Wassershied (വാസർഷീദ്) എന്ന ജർമ്മൻ പദത്തിൽ നിന്ന് watershed എന്ന പ്രയോഗത്തിന്റെ ഉത്ഭവം, നീർമറിപ്രദേശം, നീർമറികൾ, ജലദ്രോണി, ജലവാഹകപ്രദേശങ്ങൾ തുടങ്ങിയ വിവിധ പേരുകളും ഉപയോഗിച്ചു വരുന്നു.

ജലം താരതമ്യേന ഉയർന്ന ഭൂഭാഗങ്ങളിൽ നിന്ന് താഴേക്കാണ് ഒഴുകുന്നത്. ജലം ഒഴുകാനാരംഭിക്കുന്ന സ്ഥലം മുതൽ അവസാനം എത്തിച്ചേരുന്ന സ്ഥലം വരെ (നദികൾ, തോടുകൾ, ചെറുചാലുകൾ എന്നിവയുടെ ജലബഹിർഗമനസ്ഥാനം അല്ലെങ്കിൽ വിവിധ നീരൊഴുക്കുകൾ കൂടി ചേരുന്ന സ്ഥലം) പ്രസ്തുത നീരൊഴുക്കിന്റെ നീർത്തടമെന്നു പറയുന്നു. നീര് അഥവാ വെള്ളവും, തടം അല്ലെങ്കിൽ വ്യാപന പ്രദേശവും കൂടി ചേർന്ന് നീർത്തടമാകുന്നു. ഒരു ഭൂഭാഗത്ത് വിവിധ തോടുകൾ ഉണ്ടെന്നു കരുതുക. ഓരോ തോടിനുചുറ്റുമായി ആ തോടിലേക്ക് വെള്ളം മറിയുന്നു (ഭൂമിയുടെ മുകളിലൂടെ) ഭൂപ്രദേശം ഭൂമിയിൽ നമുക്ക് വേർതിരിക്കാവുന്നതാണ്. വിവിധ നീരൊഴുക്കിലേക്ക് ജലം മറിയുന്നത് മനസ്സിലാക്കി നമുക്ക്

ഒരു പ്രദേശത്തിന്റെ നീർത്തടചിത്രം വരയ്ക്കാവുന്നതാണ്. വിവിധ നീരൊഴുക്കു പ്രദേശങ്ങളെ തമ്മിൽ വേർതിരിക്കുന്ന ഉയർന്ന ഭൂഭാഗത്തു കൂടി നമുക്ക് നീർമറിരേഖ (നീർവിഭാജിക) വരയ്ക്കുവാൻ കഴിയും.

നീർമറി രേഖയായിക്കണക്കാക്കുന്ന ഉയർന്ന ഭൂഭാഗം മുതൽ താഴ്‌വരകൾ വരെ (നീരൊഴുക്കിന്റെ ബഹിർഗമന സ്ഥാനം) യുള്ള പ്രദേശമാണ് നീർത്തടമായി കണക്കാക്കുന്നത്. നീർമറി രേഖാ പ്രദേശങ്ങളും മറ്റും പ്രകൃത്യായുള്ള അതിരുകളാണ്. ഓരോ നീരൊഴുക്കിനു ചുറ്റും നീർമറിരേഖ, ജല വ്യാപന പ്രദേശം, ബഹിർഗമനസ്ഥാനം എന്നിവ പരിഗണിച്ച് പ്രകൃത്യാൽ വേർ തിരിക്കപ്പെടുന്ന ഭൂപ്രദേശങ്ങളാണ് ചെറുതും വലുതുമായ നീർത്തടങ്ങൾ. ഒരു ചെറിയ ചാലിനുചുറ്റും ചാലിലേക്ക് വെള്ളം മറിയുന്ന ഭൂപ്രദേശം ഭൂമിയിൽ വേർതിരിച്ച് മനസിലാക്കുവാൻ കഴിഞ്ഞാൽ ആ പ്രദേശത്തെ ചാലിന്റെ നീർത്തടം അഥവാ നീർമറി പ്രദേശം എന്ന് പറയാവുന്നതാണ്. ചാലിനു ചുറ്റുമാണെങ്കിൽ സൂക്ഷ്മ നീർത്തടമെന്നും നദിക്കു ചുറ്റുമാണെങ്കിൽ വൻനീർത്തടം അല്ലെങ്കിൽ നദീതടമെന്നു വിളിക്കപ്പെടുന്നു.

ഒരു വൻ നീർത്തടത്തെ അവയിലെ നദിയുടെ ശ്യംഖലയിൽ വരുന്ന ഓരോ ചെറുതോടിന്റെയും ചാലിന്റെയും അടിസ്ഥാനത്തിലുള്ള പ്രദേശങ്ങളും വേർതിരിക്കാം. അങ്ങനെ കണക്കാക്കിയാൽ അനേകം ചെറു നീർത്തടങ്ങൾ ചേരുന്ന വലിയ ശ്യംഖലയാണ് വൻ നീർത്തടങ്ങൾ.

> ഒരു വൻ നീർത്തടത്തെ അവയിലെ നദിയുടെ ശ്യംഖലയിൽ വരുന്ന ഓരോ ചെറുതോടിന്റെയും ചാലിന്റെയും അടിസ്ഥാനത്തിലുള്ള പ്രദേശങ്ങളും വേർതിരിക്കാം. അങ്ങനെ കണക്കാക്കിയാൽ അനേകം ചെറു നീർത്തടങ്ങൾ ചേരുന്ന വലിയ ശ്യംഖലയാണ് വൻ നീർത്തടങ്ങൾ



ഒരു വൻ നീർത്തടത്തിൽ അനേകം ചെറു നീർത്തടങ്ങൾ കാണുന്നതാണ്. ഓരോ നീർത്തടത്തിലും ചാലിന്/തോടിന്/നദിക്ക്/അവയിലേക്ക് ജലം ശേഖരിക്കപ്പെടുന്ന പ്രദേശം (ജലഗ്രഹണമേഖല), മറ്റു ഭൗതിക ഘടകങ്ങൾക്കനുസൃതമായി ജലം ആഗിരണം ചെയ്യുന്ന ജല വ്യാപന പ്രദേശം (ആദേശ മേഖല), അവസാനം ജലം ഒഴുകി ചെല്ലുന്ന ഒരു പൊതുബഹിർ ഗമനസ്ഥാനം (വിരംജന മേഖല) എന്നിവ ഉണ്ടായിരിക്കും.

ഓരോ ഭൂഭാഗത്തിലും ലഭിക്കുന്നതും വ്യാപിക്കുന്നതുമായ ജലത്തിന്റെ സ്വാധീനമനുസരിച്ച് അവിടുത്തെ മണ്ണ്, ജൈവസമ്പത്ത് എന്നിവയിൽ കാര്യമായ സ്വഭാവരൂപീകരണം കാണാവുന്നതാണ്. അതുകൊണ്ടു തന്നെ ജലത്തിനെ പരിഗണിച്ചുള്ള നീർത്തടങ്ങൾക്ക് പ്രാധാന്യം കൈവരുന്നത് ജലത്തിന്റെ ലഭ്യതയുടെയും നീരൊഴുക്കിന്റെയുമടിസ്ഥാനത്തിൽ ഏതൊരു ഭൂഭാഗത്തെയും ചെറുതും വലുതുമായ നീർത്തടങ്ങളിലുൾപ്പെടുത്തി പ്രദേശങ്ങളെ വേർതിരിച്ച് മനസ്സിലാക്കാവുന്നതാണ്. *(തുടരും)*

*ലേഖകൻ*
*'മഴകേന്ദ്രം' സ്റ്റേറ്റ് മാനേജരാണ്.*
*കൂടുതൽ വിവരങ്ങൾക്ക്*
Ph: 0471-2337002, Mob: 9847547881
E-mail: subhashchandrabosss@yahoo.com

## ഹോർട്ടികൾച്ചർ മിഷൻ വയലും വീടും പരമ്പരയ്ക്ക് പേര് നിർദ്ദേശിയ്ക്കാം

2007 സെപ്റ്റംബർ മാസം അവസാനവാരം മുതൽ ആകാശവാണിയിൽ പ്രക്ഷേപണം ആരംഭിക്കുന്ന ഹോർട്ടികൾച്ചർ മിഷൻ വയലും വീടും പരമ്പരയ്ക്ക് ഏറ്റവും അനുയോജ്യമായ പേര് നിർദ്ദേശിക്കുന്നതിന് അവസരം നൽകുന്നു. കൃഷിക്കാർക്കും കൃഷിയെ സ്നേഹിക്കുന്നവർക്കും ആകാശവാണി ശ്രോതാക്കൾക്കും പേര് നിർദ്ദേശിക്കാവുന്നതാണ്. ഏറ്റവും മികച്ച പേര് നിർദ്ദേശിക്കുന്ന വ്യക്തിക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 3000 രൂപ കാഷ് അവാർഡ് നൽകുന്നതാണ്.

തോട്ടവിളകളുടെയും ഫലവൃക്ഷവിളകളുടെയും കായ്കറികളുടെയും കൃഷിയും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ വിവിധ പദ്ധതികളെ അധികരിച്ചുള്ള ഈ പരമ്പരയ്ക്ക് ഏറ്റവും യോജിച്ച പേര് പോസ്റ്റ് കാർഡിൽ എഴുതി ഇനി പറയുന്ന വിലാസത്തിലാണ് അയയ്ക്കേണ്ടത്.

'ഹോർട്ടികൾച്ചർമിഷൻ വയലും വീടും'
c/o. സ്റ്റേഷൻ ഡയറക്ടർ, ആകാശവാണി
തിരുവനന്തപുരം -14.

**പേരുകൾ അയയ്ക്കേണ്ട അവസാന തീയതി ഈ മാസം 20 ആണ്**



ഉദയഭാനു കണ്ടേത്ത്

# കാഷ് ബുക്ക് എഴുതുന്നതെങ്ങനെ?

**പ**ഞ്ചായത്ത് അക്കൗണ്ടുകളിൽ സ്വീകരിച്ചിരിക്കുന്നത് കാഷ് അടിസ്ഥാനത്തിലുള്ള സിംഗിൾ എൻട്രി സമ്പ്രദായമാണ്. അതായത്, പണം ലഭിക്കുമ്പോഴും നൽകുമ്പോഴും മാത്രം അക്കൗണ്ടിൽ രേഖപ്പെടുത്തുന്ന രീതി. അതിനാൽ പഞ്ചായത്തിന്റെ ഒരു പണമിടപാടും കാഷ് ബുക്കിനു പുറത്തു നിർത്തരുത് - ഏതു സ്രോതസ്സിൽ നിന്നു ലഭിച്ചതായാലും കാഷ് ബുക്കിലില്ലാത്ത ഒരിടപാടിനും പഞ്ചായത്ത് അക്കൗണ്ടിൽ ഇടമുണ്ടാവില്ല എന്നോർക്കുക.

## കാഷ്ബുക്ക് എപ്പോൾ എഴുതണം?

ഓരോ ഇടപാടു നടന്ന ഉടനെ ആദ്യം കാഷ്ബുക്കിൽ രേഖപ്പെടുത്തുക. ചെക്ക് എഴുതി ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷമാണ് കാഷ് ബുക്കിൽ എഴുതേണ്ടത്. കാഷ് ബുക്കിലെ ഓരോ എൻട്രിയും സെക്രട്ടറി ഇനിഷ്യൽ ചെയ്ത് സാക്ഷ്യപ്പെടുത്തണം.

## മായ്ക്കരുത്, വൈറ്റ് ഫ്ളൂയിഡ് അരുത്

കാഷ് ബുക്കിനെ 'ബുക്ക് ഓഫ് ഒറിജിനൽ എൻട്രി' എന്നാണ് വിശേഷിപ്പിക്കുന്നത്. അതിനാൽ കാഷ് ബുക്കിൽ എഴുതിയതിനുമേൽ എഴുതരുത്, മായ്ക്കരുത്, വൈറ്റ് ഫ്ളൂയിഡ് ഉപയോഗിക്കരുത്, പേപ്പർ ഒട്ടിക്കരുത്. തെറ്റു സംഭവിച്ചാൽ ഒരു വര കൊണ്ട് വെട്ടി, രണ്ടു വരികൾക്കിടയിൽ ചുമന്ന മഷി കൊണ്ട് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. ആധാരമെഴുതുന്നവർ തെറ്റു സംഭവിച്ചാൽ മായ്ക്കുകയോ വൈറ്റ് ഫ്ളൂയിഡ് ഉപയോഗിക്കുകയോ ഒന്നും ചെയ്യുന്നില്ലല്ലോ.

## കാഷ് ബുക്ക് എപ്പോൾ, എങ്ങനെ ക്ലോസ് ചെയ്യണം?

കാഷ് ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്യണം. സബ്സിഡിയറി കാഷ് ബുക്കും ഇപ്രകാരം ക്ലോസ് ചെയ്യണം. ദിനംപ്രതി കാഷ് ബാലൻസ് പരിശോധിക്കണം. കാഷ് ബുക്ക് ക്ലോസ് ചെയ്ത ശേഷം സെക്രട്ടറി ഒപ്പിട്ട് സീൽ വയ്ക്കണം. താഴെ കാണിക്കുന്ന രീതിയിലാണ് കാഷ് ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്യേണ്ടത് (ഇടപാടൊന്നും ഇല്ലാത്ത ദിവസം പ്രത്യേകിച്ചൊന്നും ചെയ്യേണ്ടതില്ല).

ഇടത്തേ അറ്റം മുതൽ വലത്തേ അറ്റം വരെ നീട്ടി വരയ്ക്കുന്ന രണ്ടു വരകളും ചുമന്ന മഷിയിലായിരിക്കണം. ചുമന്ന മഷിയിൽ തന്നെയാണ് ആകെ വരവ്, ഒട്ടാകെ, ആകെ ചെലവ്, ഒട്ടാകെ എന്നിവ എഴുതേണ്ടത്. പ്രാരംഭബാക്കി, നീക്കിയിരിപ്പ് എന്നിവ നീലയോ കറുപ്പോ മഷിയിൽ എഴുതുക.

വരവ് ഭാഗത്ത് ലഭിച്ച 'ഒട്ടാകെ' എന്ന തുക അതുപോലെ ചെലവ് ഭാഗത്തേയ്ക്ക് പകർത്തി എഴുതുകയാണ് വേണ്ടത് (അല്ലാതെ ചെലവ് ഭാഗത്ത് 'ഒട്ടാകെ' എത്രയെന്ന് പുതുതായി കണ്ടുപിടിക്കുകയല്ല).

## മാസാന്ത്യത്തിൽ

മാസാന്ത്യ പ്രവൃത്തി ദിവസം പതിവുപോലെ കാഷ്ബുക്ക് ക്ലോസ് ചെയ്ത്, മാസാന്ത്യക്ലോസിംഗ് ബാലൻസ് വിശകലനം രേഖപ്പെടുത്തി,

**കാഷ് ബുക്ക്**

| വരവ് | | | | ചെലവ് | | | |
|---|---|---|---|---|---|---|---|
| 1 | 2 | 3 | xxxxxxxxxx | 11 | 12 | 13 | xxxxxxxx |
| … | ….. | ……… | ………… | … | … | ……. | ………… |
| | ….. | ……… | ………… | | … | ……. | ………… |
| | | | | | … | ……. | ………… |
| | | | | | … | ……. | ………… |
| | | | | | … | ……. | ………… |
| | | | | | … | ……. | ………… |
| | | ആകെ | ……… | | | ആകെ | |
| | | വരവ് | ……… | | | ചെലവ് | ………… |
| | | പ്രാരംഭബാക്കി | ……… | | | നീക്കിയിരിപ്പ് | ………… |
| | | ഒട്ടാകെ | ……… | | | ഒട്ടാകെ | ………… |
| | | | | | | | |

ട്രഷറി/ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് തയ്യാറാക്കണം. ഇതോടെ കാഷ്ബുക്കിലെ ഒരു മാസത്തെ ഇടപാടുകൾക്ക് വിരാമമായി.

## വാർഷിക അക്കൗണ്ടിലേയ്ക്ക് എത്തുന്ന രീതി

കാഷ് ബുക്കിൽ രേഖപ്പെടുത്തിയ വരവുകൾ വരവു രജിസ്റ്ററിലും ചെലവുകൾ ചെലവു രജിസ്റ്ററിലും ക്ലാസിഫിക്കേഷൻ പ്രകാരം എഴുതുന്നു. (ഇതിനു ചില അപവാദങ്ങളുണ്ട്; അത് പിന്നീടു പറയാം). ഇപ്രകാരം ഒരു മാസത്തെ ഇടപാടുകളെ സംക്ഷേപിക്കുന്നതാണ് പ്രതിമാസ അക്കൗണ്ട്; ഒരു വർഷത്തെ ഇടപാടുകളുടെ സംഗ്രഹമാണ് വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്.

## കാഷ് ചെസ്റ്റ്, കാഷ്യർ, അക്കൗണ്ടന്റ്

എല്ലാ പഞ്ചായത്തിലും ഒരു കാഷ് ചെസ്റ്റ് വേണം. തനതു ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ തുക വകയിരുത്തി കാഷ്ചെസ്റ്റ് വാങ്ങാം. ഡബിൾ ലോക്കുള്ള കാഷ് ചെസ്റ്റ് ചുമരിലോ തറയിലോ ഉറപ്പിക്കണം.

കാഷ് ആയി പഞ്ചായത്തിൽ നീക്കിയിരുപ്പുള്ള മുഴുവൻ തുകയും കാഷ് ചെസ്റ്റിൽ സൂക്ഷിക്കണം. 12.4.2006 ലെ ജി.ഒ(പി)/177/ഫിൻ - നമ്പർ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 10,000 രൂപയും മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 25,000 രൂപയുമാണ് അനുവദിച്ചിട്ടുള്ള പരമാവധി കാഷ് ബാലൻസ്. ഇതിൽ കൂടുതൽ കാഷ് ബാലൻസ് വന്നു പോയാൽ ആ തുക എവിടെ സൂക്ഷിക്കും എന്ന ചോദ്യത്തിന് പ്രസക്തിയില്ല, അപ്രകാരം സംഭവിച്ചതിനുള്ള കാരണം വിശദീകരിക്കേണ്ടി വരുമെന്നു മാത്രം.

പഞ്ചായത്ത് തീരുമാനമെടുത്ത് ഒരു ഉദ്യോഗസ്ഥനെ കാഷ്യർ ആയും മറ്റൊരു ഉദ്യോഗസ്ഥനെ അക്കൗണ്ടന്റ് ആയും നാമനിർദ്ദേശം ചെയ്യണം; ഇക്കാര്യത്തിൽ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കുകയും വേണം. എല്ലാ പണമിടപാടും കാഷ്യർ തന്നെ കൈകാര്യം ചെയ്യണം. ആവശ്യമെങ്കിൽ മറ്റാരെയെങ്കിലും, ആവശ്യമുള്ള സമയത്ത്, സഹായത്തിനും നിയോഗിക്കാം. പഞ്ചായത്തിന്റെ പണമിടപാടുകൾ പലവ്യക്തികൾ കൈകാര്യം ചെയ്യുന്നത് അഭിലഷണീയമല്ല.കാഷ് കൈകാര്യം ചെയ്യാത്ത ആളായിരിക്കണം അക്കൗണ്ടന്റ്. അക്കൗണ്ടന്റ് ആണ് കാഷ്ബുക്കും ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും കൈകാര്യം ചെയ്യേണ്ടത്. അക്കൗണ്ടന്റിന്റെ സഹായത്തിന്, ആവശ്യമെങ്കിൽ,മറ്റാരെയെങ്കിലും നിയോഗിക്കാം. എല്ലാ ചെക്കുകളും അക്കൗണ്ടന്റ് തന്നെ എഴുതുന്നതാണ് ശരിയായ രീതി. കാഷ് കൈകാര്യം ചെയ്യുന്ന ആളായിരിക്കരുത് കാഷ്ബുക്ക് എഴുതുന്നത് എന്നത് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട പ്രമാണമാണ്.

## വരവുകൾ - കളക്ഷൻ

തനതു ഫണ്ടിനുള്ള ട്രഷറി/ബാങ്ക് അക്കൗണ്ടിൽ അടയ്ക്കേണ്ടതായ നികുതി - നികുതിയേതര വരവുകളും ഋണശീർഷക്കണക്കു തുകകളുമാണ് കളക്ഷനിൽ ഉൾപ്പെടുന്നത്.കളക്ഷനിൽ ഉൾപ്പെടാത്ത വരവുകളെ വ്യത്യസ്തമായ രീതിയിൽ കൈകാര്യം ചെയ്യണം.

ഓരോ വരവിനും രസീത് നൽ കണം. പുറമേ പിരിവിനു പോകുന്ന ഉദ്യോഗസ്ഥരും ഓഫീസിൽ പണം സ്വീ കരിക്കുന്ന കാഷ്യറും രസീത് നൽകി പിരിച്ച തുകകൾ രേഖപ്പെടുത്തുന്നത് ഒരേ തരം ബുക്കിലാണ്. ഔട്ട്ഡോർ ഓഫീസേഴ്സ് കളക്ഷൻ ബുക്ക് എല്ലാ ഔട്ട്ഡോർ ഓഫീസേഴ്സ് കളക്ഷൻ ബുക്കുകളിൽ നിന്നുള്ള തുകകൾ കാഷ്യർ സൂക്ഷിക്കുന്ന കളക്ഷൻ രജിസ്റ്ററിൽ ക്ലാസിഫിക്കേഷൻ പ്രകാരം രേഖപ്പെടുത്തുന്നു. ഇപ്രകാരമുള്ള മൊത്തം കളക്ഷൻ ഒറ്റ തുകയായി 'കളക്ഷൻ രജിസ്റ്റർ പ്രകാരം ലഭിച്ച കളക്ഷൻ' എന്നെഴുതി കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നു. വരവു രജിസ്റ്ററിൽ ഈ തുക ക്ലാസിഫിക്കേഷൻ പ്രകാരം എഴുതിച്ചേർക്കണം.

## മറ്റു വരവുകൾ

ഓരോ വരവിനും രസീതു നൽകണമെന്ന കാര്യം കളക്ഷനിൽ ഉൾപ്പെടാത്ത വരവുകൾക്കും ബാധകമാണ്. എന്നാൽ ട്രഷറിയിൽ നിന്ന് ബിൽ പ്രകാരം ലഭിച്ച തുകകൾക്ക് രസീത് നൽകേണ്ടതില്ല. മറ്റെല്ലാ വരവുകൾക്കും (ഉദാ: ദാരിദ്ര്യ ലഘൂകരണയൂണിറ്റ്, സമ്പൂർണ്ണ ശുചിത്വ മിഷൻ, ശിശുവികസന പദ്ധതി ഓഫീസർ, മറ്റു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നു ലഭിക്കുന്ന ചെക്കുകളും ഡ്രാഫ്റ്റുകളും, തിരിച്ചു വരുന്ന പെൻഷൻ മണി ഓർഡർ തുകകൾ തുടങ്ങിയവ) രസീത് നൽ കണം. ഇപ്രകാരം രസീത് നൽകാതെയും നൽകിയും ലഭിച്ച മുഴുവൻ വരവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തണം. ക്ലാസിഫിക്കേഷൻ പ്രകാരം വരവു രജിസ്റ്ററിൽ എഴുതിച്ചേർക്കുകയും ചെയ്യണം.

## സ്വീകരിക്കാതെ തിരിച്ചു വരുന്ന മണിഓർഡർ

മണിഓർഡർ കൈപ്പറ്റാതെ തിരികെ ലഭിക്കുന്ന പെൻഷൻ തുകകൾക്ക് പോസ്റ്റ്മാസ്റ്ററുടെ പേരിൽ രസീത് എഴുതണം. രസീത് നൽകേണ്ടതില്ല; മണി ഓർഡർ കൂപ്പണിന്റെ കൂടെ സൂക്ഷിച്ചാൽ മതി. ഇപ്രകാരം ലഭിച്ച തുക പഞ്ചായത്തിന്റെ വരവല്ല; ചെലവിലുള്ള കുറവാണ്. അതിനാൽ ഏതു ഹെഡ് ഓഫ് അക്കൗണ്ടിലാണോ പെൻഷൻ ചെലവെഴുതിയത് അതേ ഹെഡിൽ ഈ തുക മൈനസ് എൻട്രിയായി ചെലവ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യണം.

## കളക്ഷൻ ട്രഷറിയിൽ/ ബാങ്കിൽ അടയ്ക്കുന്നത്

ലഭിച്ച കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം ട്രഷറിയിൽ/ബാങ്കിൽ അടയ്ക്കണം. കാഷ് ബുക്കിന്റെ ചെലവു ഭാഗത്ത് കാഷ് കോളത്തിലും വരവു ഭാഗത്തു ട്രഷറി അല്ലെങ്കിൽ ബാങ്ക് കോളത്തിലും എഴുതണം. ഇതൊരു ചെലവോ വരവോ അല്ല; കോൺട്രാ എൻട്രിയാണ്. അതിനാൽ ക്ലാസിഫിക്കേഷൻ 'സി'.

## ചെലവുകൾ

ഓരോ ചെലവിനും ഒരു ബിൽ വേണം. എത് തരം ബിൽ ആയാലും (ഉദാ: ശമ്പളബിൽ, വർക്ക് ബിൽ, ട്രഷറിയിൽ സമർപ്പിക്കാനുള്ള ബിൽ, കേന്ദ്രാവിഷ്കൃതപരിപാടികൾക്കുള്ള ബിൽ) ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി ബിൽ നമ്പർ നൽകണം. ഒരു വർഷത്തേക്ക് തുടർച്ചയായിട്ടായിരിക്കും ബിൽ നമ്പർ നൽകുക (ഉദാ: 1/2007-08; 254/2007-08).

ചെലവു ചെയ്തു കഴിഞ്ഞ ബില്ലിനെ വൗച്ചർ എന്നു പറയുന്നു. ബില്ലിൽ നിന്നു ചെലവു ചെയ്യുമ്പോഴോ, വിതരണത്തിന് സബ്സിഡിയറി കാഷ് ബുക്കിലേക്കു മാറ്റുമ്പോഴോ വൗച്ചർ നമ്പർ നൽകി കാഷ് ബുക്കിൽ എഴുതുന്നു. വൗച്ചർ നമ്പരിന്റെ ക്രമം ഒരു മാസത്തേയ്ക്കു തുടർച്ചയായിട്ടാണ് (ഉദാ: 1-4/2007; 1-5/2007).

ഓരോ ചെലവും ക്ലാസിഫിക്കേഷൻ പ്രകാരം ചെലവ് രജിസ്റ്ററിൽ എഴുതണം. എന്നാൽ 'റവന്യൂ റീഫണ്ട്' (അതായത് ഏതെങ്കിലും നികുതിയോ, ഫീസോ വാടകയോ മറ്റോ പൂർണ്ണമായോ ഭാഗികമായോ തിരിച്ചു നൽകുന്നത്) രേഖപ്പെടുത്തേണ്ട വരവു രജിസ്റ്ററിൽ ബന്ധപ്പെട്ട ഹെഡിനു കീഴിൽ മൈനസ് എൻട്രിയായിട്ടാണ്. ക്ലാസിഫിക്കേഷൻ 'സി' (കോൺട്രാഎൻട്രി). കാരണം, ഇതൊരു ചെലവല്ല; വരവിൽ കുറവ് മാത്രമാണ്.

സാധാരണയായി വരവുകൾ വരവു രജിസ്റ്ററിലും ചെലവുകൾ ചെലവു രജിസ്റ്ററിലും എഴുതുന്നു. ഇതിനുള്ള അപവാദങ്ങളുടെ ഉദാഹരണങ്ങളാണ് തിരിച്ചു വരുന്ന പെൻഷൻ മണി ഓർഡർ തുകയും, റവന്യൂ റീഫണ്ടും.

### ചെക്ക് സമ്പ്രദായത്തിലെ ചെലവുകൾ

തനതു ഫണ്ടിൽ നിന്നും കേന്ദ്രാവിഷ്കൃത പരിപാടികൾക്കുള്ള ഫണ്ടിൽ നിന്നും ചെലവു ചെയ്യുന്നത് ചെക്ക് മുഖേനയാണ്. ചില ചെലവുകൾക്കു വേണ്ടി സെൽഫ് ചെക്കി മാറി കാഷ് വിതരണം ചെയ്യുന്നു; മറ്റു ചെലവുകൾക്ക് കക്ഷികൾക്ക് ചെക്ക് നൽകുന്നു.

### സെൽഫ് ചെക്ക്

സെൽഫ് ചെക്ക് എഴുതി പണം പിൻവലിക്കുന്നത് ചെലവല്ല. അതിനാൽ സെൽഫ് ചെക്കിന് വൗച്ചർ നമ്പർ നൽകരുത്. ചെലവു ഭാഗത്ത് ട്രഷറി അഥവാ ബാങ്ക് കോളത്തിലും വരവു ഭാഗത്ത് കാഷ്കോളത്തിലും തുക എഴുതുക. ക്ലാസിഫിക്കേഷൻ 'സി' (കോൺട്രാഎൻട്രി).

എന്നാൽ സെൽഫ് ചെക്ക് എഴുതുന്നതിനു മുമ്പ് ബിൽ എഴുതിത്തയ്യാറാക്കിയിരിക്കണം. ഈ ബില്ലുകളിൽ പേയ്മെന്റ് നടത്തുമ്പോഴോ, അഥവാ കാഷ് വിതരണത്തിനു വേണ്ടി ഈ ബിൽ തുകകൾ സബ് സിഡയറി കാഷ് ബുക്കിലേക്കു മാറ്റുമ്പോഴോ മാത്രമാണ് ഈ ബില്ലുകൾക്ക് വൗച്ചർ നമ്പർ ലഭിക്കുന്നത്.

കളക്ഷൻ ട്രഷറിയിലോ ബാങ്കി ലോ അടയ്ക്കുമ്പോഴും സെൽഫ് ചെക്ക് മാറി പണം ലഭിക്കുമ്പോഴും പഞ്ചായത്തിന്റെ നീക്കിയിരിപ്പിന് മാറ്റമൊന്നും സംഭവിക്കുന്നില്ല. ആദ്യത്തെ കാര്യത്തിൽ കാഷ് ഇൻ ഹാൻഡ്, കാഷ് അറ്റ് ട്രഷറി/ബാങ്ക് ആയിത്തീരുന്നു. രണ്ടാമത്തെ കാര്യത്തിൽ നേരേമറിച്ചും.

### ബില്ലും ഓതറൈസേഷനും

ചെക്ക് എഴുതി ചെലവു ചെയ്യുന്നതിനാൽ ചില ചെലവുകൾക്ക് (ഉദാ: ഇന്ദിരാ ആവാസ് യോജന, സമ്പൂർണ്ണ ശുചിത്വം) ബിൽ വേണ്ട എന്നു കരുതുന്നവരുണ്ട്. അത് തെറ്റാണ്. ഏതുതരം ചെലവിനും ബിൽ വേണം. ഒരേ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്ന് നിരവധി പേർക്ക് ചെക്കുകൾ നൽകുകയാണെങ്കിൽ ഒരു ബിൽ മതി എന്നു മാത്രം.

ഒരു ചെലവും പ്രസിഡന്റ് അധികൃതമാക്കാതെ നടത്തരുത്. റീഫണ്ട് ആണെങ്കിലും അപ്രകാരം തന്നെ ബിൽ തയ്യാറാക്കി, പാസ് ഓർഡർ സെക്രട്ടറിയും ഓതറൈസേഷൻ പ്രസിഡന്റും ഒപ്പിടണം (ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകളുടെ നടപടി ക്രമം വ്യത്യസ്തമാണ്; അതിനെപ്പറ്റി പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്) അതിനുശേഷമേ ചെക്ക് എഴുതി സെക്രട്ടറി ഒപ്പിടാവൂ.

### സെക്രട്ടറിയുടെ ചുമതല ഡെലിഗേറ്റ് ചെയ്യൽ

പ്രസിഡന്റിന്റെ രേഖാമൂലമുള്ള സമ്മതത്തോടെ, ഓഫീസ് ഓർഡർ വഴി തന്റെ ഏതെങ്കിലും ചുമതല മറ്റേതെങ്കിലും ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്യാൻ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 184-ാം വകുപ്പ് സെക്രട്ടറിക്ക് അധികാരം നൽകുന്നുണ്ട്. ഇപ്രകാരം ഡെലിഗേറ്റ് ചെയ്തിട്ടില്ലെങ്കിൽ കാഷ് ബുക്കും ചെക്ക് ബുക്കും അക്കൗണ്ടും സംബന്ധിച്ച പരിപൂർണ്ണ മേൽനോട്ട ചുമതല സെക്രട്ടറിയ്ക്കാണ്.

### റിക്കവറി ഉള്ള ബില്ലുകൾ

ചെക്ക് സമ്പ്രദായത്തിലുള്ള ചെലവുകളിൽ കാഷ് ആയി വിതരണം നടത്തുമ്പോഴും ചെക്ക് കക്ഷിക്കു നൽകുമ്പോഴും റിക്കവറി ഉണ്ടാവാം. ശമ്പള ബില്ലും വർക്ക് ബില്ലും ഉദാഹരണങ്ങൾ (ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകളിലെ റിക്കവറി വ്യത്യസ്തമായ രീതിയിലാണ് കൈകാര്യം ചെയ്യേണ്ടത്. അതിനെപ്പറ്റി പ്രത്യേകമായി പ്രതിപാദിക്കുന്നുണ്ട്.)

ശമ്പള ബിൽതുക വിതരണത്തിനായി സബ്സിഡയറി കാഷ് ബുക്കിലെക്കു മാറ്റുമ്പോൾ കാഷ് ബുക്കിൽ ചെലവുഭാഗത്ത് കാഷ് കോളത്തിൽ ആദ്യവരിയിൽ നെറ്റ് തുകയും രണ്ടാമത്തെ വരിയിൽ മൊത്തം റിക്കവറി തുകയും എഴുതുന്നു. രണ്ടു തുകയും കൂടി ചേരുമ്പോൾ ഗ്രോസ് തുകയായി. ഈ തുകയ്ക്കാണ് ക്ലാസിഫിക്കേഷൻ എഴുതുക. ഇതേ തുക ചെലവു രജിസ്റ്ററിലും എഴുതുന്നു.

ഓരോ റിക്കവറി തുകയും പ്രത്യേകമായി കാഷ് ബുക്കിൽ വരവു ഭാഗത്ത് കാഷ് കോളത്തിൽ എഴുതുന്നു; ക്ലാസിഫിക്കേഷൻ രേഖപ്പെടുത്തുന്നു; വരവ് രജിസ്റ്ററിൽ എഴുതുകയും ചെയ്യുന്നു.

ചെക്ക് മുഖേന വർക്ക് ബിൽതുക കരാറുകാരനോ കൺവീനർക്കോ നൽകുകയാണെന്നിരിക്കട്ടെ. ചെക്ക് തുക കാഷ്ബുക്കിൽ ചെലവു ഭാഗത്ത് ട്രഷറി അഥവാ ബാങ്ക് കോളത്തിൽ എഴുതുന്നു. മൊത്തം റിക്കവറി തുക അതേവരിയിൽ കാഷ് കോളത്തിലും എഴുതുന്നു. ഇവയുടെ ആകെ തുകയാണ് ബില്ലിന്റെ ഗ്രോസ് തുക. ഈ ഗ്രോസ് തുകയ്ക്കുള്ള ക്ലാസിഫിക്കേഷൻ രേഖപ്പെടുത്തുന്നു; ഗ്രോസ് തുക ചെലവ് രജിസ്റ്ററിൽ എഴുതുകയും ചെയ്യുന്നു.

തുക വിതരണം ചെയ്തതിനുള്ള തെളിവായി പ്രത്യേക അകിറ്റൻസ് രജിസ്റ്ററിലോ, വൗച്ചറിലോ വൗച്ചറിനോടൊപ്പം സൂക്ഷിക്കുന്ന രസീതിലോ കക്ഷിയുടെ തീയതി വെച്ച ഒപ്പ് വാങ്ങണം. 5000 രൂപയ്ക്കു മുകളിലുള്ള തുകയ്ക്ക് റവന്യൂ സ്റ്റാമ്പ് ഒട്ടിക്കണം. അകിറ്റൻസ് രജിസ്റ്ററിൽ ഓരോ ദിവസവും വിതരണം ചെയ്ത തുകയും ആ ദിവസത്തെ നീക്കിയിരിപ്പും രേഖപ്പെടുത്തണം. ഇപ്രകാരമുള്ള കാഷ് വിതരണത്തിന്റെ കാര്യത്തിൽ , അകിറ്റൻസ് രജിസ്റ്റർ പ്രകാരം ഒരു ദിവസം ഒരു ബില്ലിൽ നിന്നു വിതരണം ചെയ്ത മൊത്തം തുക ഒറ്റ എൻട്രിയായി സബ്സിഡയറി കാഷ് ബുക്കിൽ എഴുതിയാൽ മതി. മൊത്തം തുക വിതരണം ചെയ്തു കഴിഞ്ഞാൽ സെക്രട്ടറിയുടെ ഒപ്പിന്മേൽ ഓരോ വൗച്ചറിന്റെയും അകിറ്റൻസ് ക്ലോസ് ചെയ്യണം.

സർക്കാരിൽ നിന്നു ലഭിക്കുന്ന ഫണ്ട് വരവുകളും ബിൽ സമ്പ്രദായത്തിലെ ചെലവുകളും അടുത്ത ലേഖനത്തിൽ പരിശോധിക്കാം.

*ഇവിടെ ഒരു വാക്ക്: പല പഞ്ചായത്തുകളുടേയും ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം വളരെ കൂടുതലാണ്. തനതുഫണ്ടിന് സഹകരണബാങ്കിലും ദേശസാൽകൃതബാങ്കിലും ഓരോ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മതിയാകും. തനതു ഫണ്ടിനുള്ള മറ്റ് അക്കൗണ്ടുകൾ നിർത്തലാക്കുന്നതാണ് നല്ലത്. കറന്റ് അക്കൗണ്ട് വഴി പലിശ നഷ്ടപ്പെടുത്തുന്നതിനും ഒരു ന്യായവുമില്ല. പ്രത്യേക പരിപാടികൾക്ക് പ്രത്യേക അക്കൗണ്ടുകൾ വേണ്ടി വരുമെന്ന കാര്യം വിസ്മരിക്കുന്നില്ല. അപ്പോഴും ഒരു പരിപാടിക്ക് ഒരു ബാങ്ക് അക്കൗണ്ട് മതി.*


*ലേഖകൻ*
*ഏജീസ് ഓഫീസിൽ നിന്നും*
*സീനിയർ ഓഡിറ്റ് ഓഫീസറായി*
*വിരമിച്ചു.*
*ഇപ്പോൾ ഓഡിറ്റ് കൺസൽട്ടന്റാണ്.*
*മൊബൈൽ: 9447454221*



Edited and Published by A. Ajith Kumar IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.

# പഞ്ചായത്തുകൾ
# പ്രാദേശിക സർക്കാരുകളാണ്
# അവയെ ശക്തിപ്പെടുത്തുക

## വിഭവ സമാഹരണം
## സമഗ്ര ഗ്രാമ വികസനത്തിന്



ഗ്രാമ വികസനത്തിന്റെ ചാലകശക്തി
ജനപങ്കാളിത്തവും
പഞ്ചായത്തുകളുടെ സമ്പത്തുമാണ്

വിഭവ സമാഹരണത്തിന്
പഞ്ചായത്തുകളുമായി സഹകരിക്കുക!

പഞ്ചായത്തുകൾക്ക് നൽകേണ്ട
വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക!

ഗ്രാമവികസനത്തിൽ പങ്കാളിയാവുക!

**പിഴപലിശ, ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ**
**ഒഴിവാക്കാൻ പഞ്ചായത്തുകളുമായി സഹകരിക്കുക**

---

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്